+ Leopoldo Girelli

Archbishop Leopoldo Girelli
*Apostolic Nuncio*

---

To His Lordhisp
Rt. Rev. Joseph **KALLARANGATT**
Bishop of Palai

(*With Enclosure*)

# ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളിയുടെ സ്മരണക്കായി ദൈവാലയശുശ്രൂഷികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിനുവേണ്ടി അപേക്ഷ ക്ഷണിക്കുകയാണ്. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ ശുശ്രൂഷിയായി സ്ഥിരനിയമനം ലഭിച്ച് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയവരും 2021 ജനുവരി 01 – ന് 25 വയസ്സ് തികഞ്ഞവരുമായ ശുശ്രൂഷികളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

കോവിഡ്കാലമായിരുന്നതിനാൽ കഴിഞ്ഞവർഷം പ്രസ്തുത അവാർഡ് നൽകാൻ സാധിച്ചിരുന്നില്ല. അതിനാൽ, **ഈ വർഷം 2020, 2021 എന്നീ രണ്ടു വർഷങ്ങളിലേക്കുള്ള അപേക്ഷകളാണു പരിഗണിക്കുന്നത്.** ആയതിനാൽ ഓരോ ഇടവകയിൽനിന്നും അപേക്ഷ സമർപ്പിക്കുമ്പോൾ ഏതു വർഷത്തെ അവാർഡിനായിട്ടാണ് അപേക്ഷ പരിഗണിക്കേണ്ടത് എന്നുകൂടി രേഖപ്പെടുത്തണം. (2020) സമർപ്പിക്കുന്ന അപേക്ഷ രണ്ടു വർഷത്തേക്കുമായി പരിഗണിക്കണമെങ്കിൽ ആ വിധത്തിൽ വർഷം രേഖപ്പെടുത്തണം. (2020/2021)

ബഹു. വികാരിയച്ചന്മാരാണ് അവാർഡിനായി അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം രൂപത കൂരിയാ ഓഫീസിൽ ലഭ്യമാണ്. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 25 ആയിരിക്കും.**

നിശ്ചിത എണ്ണത്തിൽ കുറവ് അപേക്ഷകൾ ലഭിക്കുകയോ അർഹരായ വ്യക്തികളെ കണ്ടെത്താൻ കഴിയാതെ വരുകയോ ചെയ്താൽ, അവാർഡ് റദ്ദാക്കാൻ അവാർഡ് കമ്മറ്റിക്ക് ശുപാർശ ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

ബിഷപ്സ് ഹൗസ് **ഫാ. ജോസഫ് തടത്തിൽ**

പാലാ, 25.10.2021 (സിഞ്ചെല്ലൂസ്)

NB: ഫാ. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സാന്ത്വനപ്രകാശം –1997, 276 – 281 പേജുകളിൽ കൊടുത്തിട്ടുണ്ട്.

# ഇടവക സഹായഫണ്ട്

## (NEEDY CHRUCH FUND)

ഇടവക സഹായഫണ്ടിൽനിന്നു സഹായം ആഗ്രഹിക്കുന്ന ഇടവകകൾ 2021 നവംബർ 20 നു മുമ്പായി Convenor, Needy Chruch Fund, Bishop's House Palai - 686 575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കുമല്ലോ.

അപേക്ഷകൾ പാലാ രൂപത നിയമാവലി 15.6.3, നമ്പർ 1021 ൽ (പേജ് 367, 368) പറയുന്നപ്രകാരമാണ് നല്കേണ്ടത്.

കൺവീനർ

### സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, പാലാ

## ആശീർവാദവും സൗഹൃദസമ്മേളനവും

ചങ്ങനാശ്ശേരി അതിരൂപതയുടെയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും സംയുക്താഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് കോളജിന്റെ പ്രഥമകെട്ടിടത്തിൽ 1998 ൽ ആരംഭിച്ച പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി അരുണാപുരം സെന്റ് തോമസ് പള്ളിക്കു സമീപം പുതുതായി നിർമ്മിച്ച മന്ദിരത്തിന്റെ ആശീർവ്വാദം 2021 നവംബർ 20-ാം തീയതി (ശനിയാഴ്ച) ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുന്നതാണ്.

ചങ്ങനാശ്ശേരി അതിരൂപത ആർച്ചുബിഷപ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം വെഞ്ചെരിപ്പിന് മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് നടക്കുന്ന സൗഹൃദസമ്മേളനത്തിൽ ആദ്ധ്യാത്മിക-രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
(പ്രോ. മാനേജർ)

# മാർ സ്ലീവാ മെഡിസിറ്റി പാലാ
## കലണ്ടർ 2022

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

നാളിതുവരെ അങ്ങും അങ്ങയുടെ ഇടവകസമൂഹവും മാർ സ്ലീവാ മെഡിസിറ്റി പാലായ്ക്കു നൽകിയ പിന്തുണയ്ക്കും സ്നേഹത്തിനും നന്ദി. ദൈവാനുഗ്രഹത്താലും നമ്മുടെ ഇടവക ജനങ്ങളുടെ കൂട്ടായ സഹകരണത്താലും മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പ്രവർത്തനം വളരെയേറെ മികച്ച രീതിയിലാണു മുന്നോട്ട് പോകുന്നത്. അതിനായി അങ്ങയുടെ ഇടവകസമൂഹത്തിൽ നിന്ന് നിരവധിപേർ മാർ സ്ലീവാ മെഡിസിറ്റി പാലായോടൊപ്പം ചേർന്നു പ്രവർത്തിക്കുന്നു. മാർ സ്ലീവാ മെഡിസിറ്റി പാലായിൽനിന്ന ഒരു പുതുവത്സര സമ്മാനമെന്നോണം അടുത്ത വർഷത്തേക്കുള്ള കലണ്ടർ അങ്ങേക്കും അങ്ങയുടെ ഇടവകജനത്തിനും നമ്മുടെ രൂപതയിലെത്തന്നെ കുടുംബക്കൂട്ടായ്മ ഭാരവാഹികളിലൂടെയും SMYM സംഘടനയിലെ യുവജനങ്ങളിലൂടെയും എത്തിക്കുന്നതാണ്. ഈ കലണ്ടർ അങ്ങയുടെ ഇടവകസമൂഹത്തിലെ എല്ലാ കുടുംബങ്ങൾക്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങയുടെ ഇടവകസമൂഹത്തിന് ആവശ്യമായ എല്ലാ ആരോഗ്യപരമായ സേവനങ്ങൾക്കും മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പിന്തുണ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ ആശുപത്രിയുടെ ഒരു സ്നേഹോപഹാരമായി ഈ കലണ്ടർ എല്ലാവരിലും എത്തിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

എന്ന് സ്നേഹപൂർവ്വം,

**മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ
മാർ സ്ലീവാ മെഡിസിറ്റി, പാലാ

## സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പാലാ

## എം.എഡ്. അഡ്മിഷൻ

പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ M.Ed. കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. B.Ed. / B.A B.Ed./B.Sc. B.Ed. / B.El.Ed. എന്നിവയിൽ 50% മാർക്കുള്ളവർക്കും D.El.Ed.ഉം ഡിഗ്രിയും ഉള്ളവർക്ക് രണ്ടു കോഴ്സുകൾക്കും 50% മാർക്കുണ്ടെങ്കിലും M.Ed.കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിരിക്കുന്ന ഫീസ് മാത്രം. SC,ST, OEC വിഭാഗങ്ങൾക്ക് ഫീസാനുകൂല്യം ഉണ്ടായിരിക്കുന്നതാണ്.

**വിശദവിവരങ്ങൾക്ക്:**

**Ph : 04822 216537, 9495212730, 9447599631**

നവീകരിച്ച കുർബാന തക്സയും ജനങ്ങളുടെ ഉപയോഗത്തിനായുള്ള കുർബാനപുസ്തകവും ആരാധനക്രമപഞ്ചാംഗവും കലണ്ടറും പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**കുർബാന തക്സ – ₹ 320/-**

**കുർബാനപുസ്തകം – ₹ 80/-**

# മാർ സ്ലീവാ മെഡിസിറ്റി പാലാ

**മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസേർച്ചിൽ പുതിയ അധ്യയനവർഷത്തിനു തുടക്കമായി**

മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ആൻഡ് റിസേർച്ചിൽ പുതിയ കോഴ്സുകൾ തുടങ്ങി. മാർ സ്ലീവാ മെഡിസിറ്റി പാലായിൽ നടന്ന ചടങ്ങിൽ പാലാ രൂപതയുടെ സഹായമെത്രാന്മാർ ജേക്കബ് മുരിക്കൻ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു. ആർത്രോപ്ലാസ്റ്റി, ആർത്രോസ്കോപ്പി ഫെല്ലോഷിപ്പ്, എം.ബി.എ.ഇൻ. ഹോസ്പിറ്റൽ മാനേജ്മെന്റ് എന്നീ കോഴ്സുകൾ ക്കൊപ്പം പ്ലസ്ടു പഠനം പൂർത്തിയാക്കിയവർക്കായി, ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡയാലിസിസ് ടെക്നോളജി, അനസ്തേഷ്യ ആൻഡ് ക്രിട്ടിക്കൽ കെയർ ടെക്നോളജി, മെഡിക്കൽ റെക്കോഡ്സ് ടെക്നോളജി, ഹോസ്പിറ്റൽ സ്റ്റെറിലൈസേഷൻ ടെക്നോളജി, നഴ്സിംഗ് അസിസ്റ്റന്റ് ആൻഡ് ഹോം കെയർ എന്നിങ്ങനെ വിവിധ ഡിപ്ലോമ കോഴ്സുകളും ആരംഭിച്ചു.

**കോവിഡനന്തര ആയുർവേദ ചികിത്സയ്ക്ക് ഇളവുകളുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കോവിഡിനുശേഷം ആളുകളിൽ പൊതുവേ കണ്ടുവരുന്ന ശ്വാസംമുട്ടൽ, കിതപ്പ്, കഫക്കെട്ട്, നെഞ്ചുവേദന എന്നിവയ്ക്കെല്ലാം ഏറെ ഫലപ്രദമായ ആയുർവേദചികിത്സകളും മരുന്നുകളും മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ആയുർവേദവിഭാഗത്തിൽ ലഭ്യ മാണ്. കോവിഡനന്തര ആയുർവേദചികിത്സയ്ക്ക് എത്തുന്നവർക്ക് ഡിസംബർ 31 വരെ തികച്ചും സൗജന്യമായിട്ടാണ് ആയുർവേദ വിഭാഗത്തിന്റെ കൺസൾട്ടേഷൻ മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ഒരുക്കിയിരിക്കുന്നത്. ഇതിനുപുറമേ ആയുർവേദവിഭാഗത്തിന്റെ കീഴിൽ കിടത്തി ചികിത്സവേണ്ടി വരുന്നവർക്കായി ആകെത്തുക യുടെ 10 ശതമാനം കിഴിവും ലഭ്യമാണ്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ഐറിഷ് കഫേയും മാർ സ്ലീവാ ഫാമിലി മാർട്ടും ഉദ്ഘാടനം ചെയ്തു**

രോഗികൾക്കും ബൈസ്റ്റാൻഡേഴ്സിനും സ്റ്റാഫ് അംഗങ്ങൾ ക്കുമായി, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐറിഷ് കഫേ, ദൈനം

ദിന ഉപയോഗവസ്തുക്കൾക്കായി രാത്രി 8 മണിവരെ തുറന്നു പ്രവർത്തിക്കുന്ന മാർ സ്ലീവാ ഫാമിലി മാർട്ട് എന്നിവ പ്രവർത്തന മാരംഭിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവാദകർമ്മം നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, മറ്റു ഡയറക്ടേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കോവിഡ് വാക്സിനേഷൻ മെഗാ ക്യാമ്പ്**

മാർ സ്ലീവാ മെഡിസിറ്റിയിൽ രണ്ടാം മെഗാ കോവിഡ് വാക്സിനേഷനുള്ള ഒരുക്കങ്ങളായി. ഇനിയും കോവിഡ് വാക്സിൻ എടുക്കാത്തവർ ഒക്ടോബർ 24 നു രാവിലെ 9.30 മുതൽ മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ആരംഭിക്കുന്ന രണ്ടാംഘട്ട മെഗാ കോവിഡ് വാക്സിനേഷൻ ഡ്രൈവിൽ പങ്കെടുക്കാം. ഇതോടൊപ്പം തിങ്കൾ മുതൽ ശനിവരെ രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെയും വാക്സിൻ എടുക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. സ്പോട്ട് രജി സ്ട്രേഷനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. 650 രൂപാ മാത്രമേ വാക്സിന്റെ വിലയായി ഈടാക്കുന്നുള്ളൂ.

## New Doctors' list (October)

ഡോ. റോസ്മേരി ജോർജ്
– അസ്സോസിയേറ്റ് കൺസൽട്ടന്റ് – ഓഫ്താൽമോളജി

ഡോ. വിപിൻലാൽ വി. – അസ്സോസിയേറ്റ് കൺസൽട്ടന്റ്
– എമർജൻസി മെഡിസിൻ

ഡോ. ജീന എലിസബത്ത് ജോൺ
– രജിസ്ട്രാർ – ഗൈനക്കോളജി

ഡോ. അരവിന്ദ് കെ. ആർ.
– രജിസ്ട്രാർ – ഇന്റേണൽ മെഡിസിൻ

ഡോ. അനിറ്റ കുര്യൻ – രജിസ്ട്രാർ
– ജനറൽ & ലാപ്പറോസ്കോപിക് സർജറി

ഡോ. ഷെറിൻ ഡൊമിനിക് – രജിസ്ട്രാർ – ഡെർമറ്റോളജി

ഡോ. ജോർജ് ഷാജി – രജിസ്ട്രാർ
– ഓർത്തോപീഡിക്സ്

**മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ

ലേഖനം

# തുറന്നു പറയേണ്ടപ്പോൾ നിശ്ശബ്ദനായിരിക്കരുത്: ഗാന്ധിജയന്തി

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും സത്യസന്ധനും ആശയംകൊണ്ടും ജീവിതംകൊണ്ടും ലോകം കീഴടക്കിയ കാലാതീതനുമായ ഇതിഹാസമാണ് മഹാത്മാഗാന്ധി. മഹാത്മജിയെക്കുറിച്ചുള്ള ഓർമ്മകളെന്നാൽ വാക്കും എഴുത്തുംകൊണ്ടെന്നതിലേറെ കർമ്മവും ജീവിതവുംകൊണ്ട് ആവിഷ്കരിച്ച സത്യാധിഷ്ഠിതമായ മനുഷ്യപുരോഗതിയുടെ ആശയങ്ങളാണ്. ഗാന്ധിസത്തിന് ടെക്സ്റ്റ് ബുക്കുകൾ ആവശ്യമില്ല. മനസ്സാക്ഷിയെയും സഹിഷ്ണുതയെയും മുറുകെപ്പിടിച്ചു സത്യത്തിനുവേണ്ടി ശബ്ദിക്കുന്ന ഒരു സംസ്കൃതി രൂപപ്പെടുത്തണമെന്നാണ് ഗാന്ധിജയന്തി ഓർമ്മിപ്പിക്കുന്നത്. റോമയിൻ റോളണ്ട് ഗാന്ധിജിയെപ്പറ്റി എഴുതിയ വരികൾ ശ്രദ്ധേയമാണ്: "യുഗയുഗാന്തരങ്ങളിൽ ഐതിഹാസികമായ സ്മൃതി പൂജിച്ച് പാലിക്കപ്പെടുമാറ് ഇന്ത്യയുടെ ദേശീയചരിത്രത്തിനു മാത്രം അവകാശപ്പെട്ട ഒരു വീരനേതാവു മാത്രമല്ല ഗാന്ധി. മനുഷ്യസമുദായത്തിലെ ഋഷികളുടെയും പുണ്യാത്മാക്കളുടെയും ഇടയിൽ തന്റെ നാമം അദ്ദേഹം ആലേഖനം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ വിഗ്രഹത്തിന്റെ പ്രകാശധോരണി ലോകത്തിലെ എല്ലാ ദേശങ്ങളിലും കടന്നു ചെന്നിട്ടുണ്ട്."

**ഉയിർത്തെഴുന്നേൽക്കേണ്ട സത്യം**

എല്ലാ തത്ത്വചിന്തകളെയും വിശ്വാസമൂല്യങ്ങളെയും ഉൾക്കൊള്ളുവാനും മനസ്സിനെയും ശരീരത്തെയും ആത്മവിശുദ്ധിയിലേക്കു നയിക്കുവാനും ഗാന്ധിജിക്കു സാധിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, ഇന്ന് നമ്മുടെ സമൂഹത്തിൽ ഗാന്ധിജി അന്യനും അനഭിമതനും ആകുന്നുണ്ടോ എന്ന സംശയം അനുദിനം ബലപ്പെടുന്നുണ്ട്. ഭാരതത്തിന്റെ നിലനില്പിനും അർത്ഥവത്തായ മതേതര

ത്വത്തിനും ഗാന്ധി എന്ന സത്യം അനിവാര്യമാണ്. വിവിധ മതസമൂഹങ്ങളുടെ ഐക്യത്തിനുവേണ്ടി ജീവിതം മാറ്റിവച്ചു എന്നതായിരുന്നു ഗാന്ധിജിയുടെ അനന്യത. ഗാന്ധിജി കറതീർന്ന ഒരു ഹൈന്ദവവിശ്വാസിയായിരുന്നു. അത് ഒരിക്കലും മറച്ചുവയ്ക്കാനോ ഒളിച്ചുവയ്ക്കാനോ അദ്ദേഹം ആഗ്രഹിച്ചില്ല. വ്യത്യസ്തങ്ങളായ മതവിശ്വാസങ്ങളിൽ അടിയുറച്ചുനിന്ന് പൊതുനന്മയ്ക്കായി ഒരുമിച്ചു മുന്നേറണമെന്ന് അദ്ദേഹം നമ്മുടെ സമൂഹത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇന്ത്യൻ ദേശീയതയ്ക്ക് തുരങ്കം വയ്ക്കുന്ന തിന്മകളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ക്രിമിനൽ മനസ്ഥിതിയോടെയും അസഹിഷ്ണുതയോടെയുമല്ല പ്രതികരിക്കേണ്ടത്. ഗാന്ധിജിയുടെ ജീവിതം മൂടിവയ്ക്കപ്പെട്ടതോ മറഞ്ഞിരിക്കുന്നതോ ആയ സത്യത്തെ കണ്ടെത്താനും അതിനെ ഉൾക്കൊള്ളാനും നമ്മെ പ്രാപ്തരാക്കും.

നമ്മുടെ നാട് പ്രബുദ്ധ-വികസിതമായത് ഇവിടുത്തെ പ്രബലമായ മതവിഭാഗങ്ങളുടെ സംഭാവനകൾ സ്വീകരിച്ചുകൊണ്ടാണ്. ഉള്ളിൽനിന്നുള്ള സ്വയം നവീകരണത്തിന് എല്ലാ സമുദായങ്ങളും തയ്യാറായിരുന്നു. സ്വന്തം കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുമ്പോഴും സമുദായത്തിന്റെ സുസ്ഥിതിയിലും രാഷ്ട്രനിർമ്മാണത്തിലും തങ്ങൾ പങ്കുചേരുകയാണെന്ന ബോദ്ധ്യം എല്ലാവർക്കുമുണ്ടായിരുന്നു. സാമുദായികവഴിയിലൂടെ അങ്ങനെ നാം മതേതരഭാരതത്തിൽ എത്തിച്ചേർന്നു. കുടുംബഭദ്രതയും സമുദായസുസ്ഥിതിയും രാഷ്ട്രപുരോഗതിയും ഒരേ ദിശയിൽ സഞ്ചരിച്ചു. ആരും ആരെയും സംശയിക്കുകയോ ഭയക്കുകയോ ചെയ്തിരുന്നില്ല. മൂല്യങ്ങളാണ് മൂലധനമെന്ന് എല്ലാവരും മനസ്സിലാക്കി.

മതേതരവഴിയിലൂടെ സഞ്ചരിച്ച് വർഗ്ഗീയകേരളത്തിൽ നാം എത്തിപ്പെടുമോ എന്നതാണ് ഇന്നു നിലനില്ക്കുന്ന ആശങ്ക. മതേതരത്വത്തിന്റെയും പുരോഗമനചിന്തയുടെയും വെളിച്ചത്തിൽ സ്വന്തം സമുദായത്തെ തള്ളിപ്പറയണമെന്നാണ് ചിലർ ശഠിക്കുന്നത്. സമുദായത്തെ കാർന്നുതിന്നുന്ന തിന്മകളെക്കുറിച്ചു സംസാരിക്കാൻ പാടില്ലത്രേ! മതേതരത്വം കൊണ്ട് ആർക്കാണ് ഗുണമെന്ന ചോദ്യം പല കോണുകളിൽനിന്നും ഉയരുന്നു. സെക്കുലറിസം എങ്ങനെയാണ് തീവ്രവാദത്തിനു ജന്മം നൽകുന്നതെന്ന് പാശ്ചാത്യനാടുകളിലെ

യാഥാസ്ഥിതിക വംശീയപ്രസ്ഥാനങ്ങളുടെ വളർച്ചയിൽനിന്നു നാം പഠിക്കണം. ഇന്ത്യൻ സെക്കുലറിസത്തെ അതിന്റെ ഉദാത്ത അർത്ഥത്തിൽ എല്ലാവരും സ്വീകരിക്കുന്നില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും വ്യത്യസ്തമാവില്ല.

തെറ്റുകൾക്കെതിരേ സംസാരിക്കാത്തവർ മൗനമായി അതിനെ പ്രോത്സാഹിപ്പിക്കുകയാണ്. തിന്മക്കെതിരേ ഒരുമിച്ചു കൈകോർക്കുന്നതുകൊണ്ട് മതമൈത്രിയോ മനുഷ്യമൈത്രിയോ തകരില്ല. ഭാരതത്തിനു മതേതരത്വം പ്രിയതരമാണ്. കപടമതേതരത്വം ഭാരതത്തെ നശിപ്പിക്കും. നമ്മുടേത് ഭരണഘടനാപരമായ മതേതരത്വമാണ്. മതസമൂഹവും സെക്കുലർ സമൂഹവും ഒന്നിച്ചു ജീവിക്കാൻ പഠിക്കണം. ഇവിടെയാണ് ഇന്ത്യൻ സെക്കുലറിസം ലോകത്തിനു മാതൃകയാകുന്നത്. എല്ലാ മതങ്ങളും ആദരിക്കപ്പെടണം എന്നതാണ് ഭാരതത്തിന്റെ മതേതരത്വം അഥവാ സെക്കുലറിസം. സെക്കുലറിസത്തിന്റെ ഉദാത്ത മാതൃക ഇന്ത്യയാണെന്നു പ്രസിദ്ധ ചിന്തകനായ ചാൾസ് ടെയ്‌ലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

“ഏതു സമൂഹത്തിലും തിന്മകളും പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടാവാം. സമൂഹത്തിൽ അന്തഃച്ഛിദ്രവും അസ്വസ്ഥതയും അസമാധാനവും വിതയ്ക്കാൻ ആരും കാരണമാകരുത്. തിന്മകൾക്കെതിരേ നമ്മൾ ജാഗരൂകരായിരിക്കണം. സമൂഹത്തിലെ അപകടങ്ങൾക്കെതിരേ മുന്നറിയിപ്പുകൾ നൽകപ്പെടുമ്പോൾ നമുക്കു വേണ്ടത് വിവേകവും ജാഗ്രതയുമാണ്. സാമൂഹികതിന്മകൾക്കെതിരേ നമുക്കു വേണ്ടത് മൗനമോ തമസ്കരണമോ, തിരസ്കരണമോ വളച്ചൊടിക്കലുകളോ പ്രതിഷേധമോ അല്ല; മറിച്ച് അവയെപ്പറ്റിയുള്ള പഠനങ്ങളും അന്വേഷണങ്ങളും തുറന്ന ചർച്ചകളും പ്രതിരോധനടപടികളുമാണ്. സമൂഹത്തിന്റെ സുസ്ഥിതിക്കും നിലനില്പിനും ആരോഗ്യകരമായ വളർച്ചയ്ക്കും ഇത് അനിവാര്യമാണ്.

ഡോ. രാധാകൃഷ്ണന്റെ വാക്കുകൾ ഗാന്ധിയൻ ദർശനത്തിന്റെ മനോഹാരിത പ്രകടമാക്കുന്നുണ്ട്: “ഗാന്ധി യഥാർത്ഥത്തിൽ മതനിഷ്ഠനായിരുന്നു. ആദ്ധ്യാത്മികസാധനകൾകൊണ്ടും ഉപവാസവും പ്രാർത്ഥനയുംകൊണ്ടും നിർഭയനും നിഷ്കന്മഷനും വിദ്വേഷരഹിതനുമായ ഒരു പുതിയതരം മനുഷ്യനെ രൂപപ്പെടുത്തുകയാ

യിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം." തുറന്നു പറയേണ്ടപ്പോൾ നിശ്ശബ്ദനായിരിക്കരുതെന്നും ഉറച്ചു നില്ക്കേണ്ടപ്പോൾ സത്യവിരുദ്ധമായ വിട്ടുവീഴ്ചയ്ക്കു സന്നദ്ധരാകരുതെന്നും ഗാന്ധിജി പഠിപ്പിക്കുന്നു. സമാധാനമെന്നത് മാത്സര്യത്തിന്റെ അഭാവമല്ല, പ്രത്യുത, അതിനെ വിവേകപൂർവ്വം നേരിടാനുള്ള കഴിവാണ്.

**നിർഭയത്വം**

ഗാന്ധിജിയിൽ കാണുന്ന സവിശേഷമായ ഗുണം നിർഭയത്വമായിരുന്നു. സത്യത്തെ പേടികൂടാതെ വിളിച്ചുപറയുവാനുള്ള പ്രവാചകത്വര മഹാത്മാവിന്റെ മുഖമുദ്രയാണ്. "രാഷ്ട്രീയവും മതവും തമ്മിലുള്ള ബന്ധംവിടുവിക്കൽ സാദ്ധ്യമല്ല. അങ്ങനെ ചെയ്യാമെന്നു വിചാരിക്കുന്നവർ രണ്ടിനെയും മനസ്സിലാക്കുന്നില്ല" എന്ന ഗാന്ധിയൻ ചിന്ത ഭാരതത്തെ സംബന്ധിച്ച് എന്നും പ്രസക്തമാണ്. മഹാത്മാവ് മറ്റുള്ളവരെക്കുറിച്ചോ അദ്ദേഹത്തെ എതിർത്തിരുന്നവരോടുപോലുമോ പരുഷമായി സംസാരിച്ചിരുന്നില്ല. അദ്ദേഹത്തെ നിന്ദിച്ചു സംസാരിച്ചിരുന്നവരുടെ പേരു പറയുമ്പോഴെല്ലാം എന്തെങ്കിലും നല്ലവാക്ക് മഹാത്മജി പറയാതിരുന്നിട്ടില്ല. വെറും വാക്കുകൾ ഹൃദയത്തെ സ്പർശിക്കുന്നില്ല. അപ്പോൾ ചെയ്യാൻ പാടില്ലാത്ത കൃത്യങ്ങൾ കൈകൾ ചെയ്യുന്നു. കാണാൻ പാടില്ലാത്തവ കണ്ണുകൾ നോക്കുന്നു. കേൾക്കാൻ പാടില്ലാത്തവ കാതുകൾ കേൾക്കുന്നു. ഈ വിധത്തിൽ യഥാർത്ഥമായ പ്രവൃത്തിയും കാഴ്ചയും കേൾവിയും നമുക്ക് അന്യമായിരിക്കുന്നു. ഗാന്ധിജിയുടെ വീക്ഷണത്തിൽ മൗലികവിദ്യാഭ്യാസം ജീവിതം തന്നെയാണ്. പത്രപ്രവർത്തകനായ ജെയിംസ് കാമറോൺ എഴുതി: "ലോകം മുഴുവൻ ഗാന്ധിജിയെ അറിഞ്ഞു. പക്ഷേ, ആരും അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല." ഭാരതീയർക്ക് ഗാന്ധിജയന്തി ആത്മവിമർശനത്തിന്റെ അവസരമാണ്. നമ്മുടെ ഭരണഘടനയും ഗാന്ധിചിന്തയും തമ്മിലുള്ള ബന്ധം നാം വിസ്മരിക്കരുത്. ഗാന്ധിയൻ ദർശനങ്ങൾക്ക് സമഗ്രതയുടെ സൗന്ദര്യവും ജനകീയതയുടെ ബലവും മനസ്സാക്ഷിയുടെ നിർഭയത്വവുമുണ്ട്.

**അക്രമരാഹിത്യത്തിന്റെ ആൾരൂപം**

ലോകചരിത്രത്തിൽ ഗാന്ധിജി എന്നും അഹിംസയുടെ പ്രതീകമായി നിലനില്ക്കുന്നു. "ബലമോ നിർബന്ധമോ ഔദ്യോ

ഗികസ്ഥാനമോ പ്രതാപമോ ഇല്ലാതെ ഇന്ത്യയുടെ പരമോന്നത നേതാവായിത്തീർന്ന വ്യക്തി" എന്ന നെഹ്റുവിന്റെ വിശേഷണം ഗാന്ധിയൻ ദാർശനികതയിലേക്കുതന്നെയാണ് നമ്മെ എത്തിക്കുന്നത്. ഓരോ വ്യക്തിയും, കുടുംബത്തിലെയും സമുദായത്തിലെയും രാജ്യത്തിലെയും മാനവരാശിയിലെയും നല്ല അംഗമായി ജീവിക്കുക എന്നതാണ് ഗാന്ധിയൻ അഹിംസയുടെ കാതൽ. ഗാന്ധിജി ഭാരതസമൂഹത്തിന് എന്തു നൽകി എന്ന ചോദ്യത്തിന് "ഇന്ത്യയിലെ ജനങ്ങളിൽ ധൈര്യവും തനിമയും നിയന്ത്രണാത്മക സഹനശേഷിയും ഒരു ലക്ഷ്യത്തിനുവേണ്ടി സസന്തോഷം സഹിക്കുന്ന ആത്മനിയന്ത്രണത്തിന്റെ ശക്തിയും മഹാത്മജി സ്വഭാവികമായ വിനയത്തോടും അഭിമാനത്തോടുംകൂടി സന്നിവേശിപ്പിച്ചു" എന്നതാണ് നാം കണ്ടെത്തുന്ന ഉത്തരം. ഗാന്ധിജി പറഞ്ഞതും ചെയ്തതും ഒരു കാലഘട്ടത്തിനുവേണ്ടിയോ ഭാരതത്തിനു മാത്രം വേണ്ടിയോ ആയിരുന്നില്ല. ഗാന്ധിജി ജനങ്ങളുടെ ഭാഷയിൽ സംസാരിച്ചിരുന്നതുകൊണ്ട് അവർക്ക് അദ്ദേഹത്തെ മനസ്സിലാക്കാൻ എളുപ്പമായിരുന്നു. സാധാരണക്കാരുടേതുപോലെ എളിയ ജീവിതം നയിച്ചതിലൂടെ സ്വാതന്ത്ര്യസമരത്തിൽ അവരെയും പങ്കെടുപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹം പ്രവർത്തകരെ സംഘടിപ്പിച്ചു. നേതാക്കന്മാരെ സൃഷ്ടിച്ചു. തുടർന്ന്, നേതൃത്വത്തിനു വഴിമാറാൻ ഗാന്ധിജി തയ്യാറായി. മൗനവ്രതവും പ്രാർത്ഥനയും നിരാഹരവും നൂൽനൂൽപ്പും പോലുള്ള കാര്യങ്ങളെ രാഷ്ട്രീയസമരായുധങ്ങളാക്കി മാറ്റി. ജനാധിപത്യപ്രക്രിയയിൽ നടക്കേണ്ട പാവനമായ ഈ തനതായ ഗാന്ധിയൻ ശൈലി ഇന്നത്തെ നേതാക്കൾക്കും സമൂഹത്തിനും മാതൃകയാണ്.

**ലോകനന്മ മാത്രം ലക്ഷ്യം**

ഭരണാധികാരികൾ ഒരു നയം രൂപീകരിക്കുമ്പോൾ അവരുടെ മനസ്സിൽ വരേണ്ടത് സാമൂഹ്യശ്രേണിയിൽ ഏറ്റവുമൊടുവിൽ താഴേത്തട്ടിൽ നിൽക്കുന്നവന്റെ മുഖമായിരിക്കണമെന്ന് ഗാന്ധിജി ഓർമ്മിപ്പിക്കുന്നു. സമൂഹത്തിന്റെ മുകൾത്തട്ടു മാത്രം കാണുന്ന പ്രവണത വർദ്ധിച്ചുവരുന്ന ഇന്ന് ഗാന്ധി ദർശനത്തിന്റെ ഉൾക്കാമ്പായ 'മനുഷ്യൻ' എന്ന യാഥാർത്ഥ്യം വിസ്മരിക്കപ്പെട്ടുകൂടാ. കൽക്കത്ത

യിലെ ഒരു യോഗത്തിൽ ഗാന്ധിജി പ്രസംഗിച്ചു: "നിങ്ങളിൽ ഭൂരിഭാഗവും കൽക്കത്തയിലെ തൊഴിലാളികളാണെന്നു തോന്നുന്നു. നിങ്ങൾ സാധാരണക്കാരായ ആളുകളാണ്. നിങ്ങൾ നിഷ്കളങ്കരും നല്ലവരും സത്യസന്ധരും ആയിരിക്കണം. അതേസമയം, നിങ്ങളുടെ സാധുക്കളായ സഹോദരീസഹോദരന്മാരെ സഹായിക്കുവാനും നിങ്ങളുടെ രാജ്യത്തിന് സ്വരാജ്യം കൈവരുത്തുവാനും നിങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾ എല്ലാവരും ഖാദി ധരിക്കണം. നിങ്ങളുടെ വീടുകളിൽനിന്നകന്ന് കൽക്കത്തയിൽ താമസിക്കുന്നവരായ നിങ്ങൾ മദ്യപിക്കരുത്. ശുദ്ധമായ ഒരു ജീവിതം നയിക്കണം. എല്ലാത്തിലും ഉപരിയായി സത്യസന്ധരാകുവാൻ ശ്രമിക്കുക." മനുഷ്യന്റെ ശരീരവും മനസ്സും ആത്മാവും ഒരേസമയം അഭിവൃദ്ധിപ്പെടുത്തണമെന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ ഭീഷണി മനുഷ്യൻ ഒന്നുകിൽ അസ്തിത്വം അല്ലെങ്കിൽ വ്യക്തിത്വം നഷ്ടപ്പെടുത്തുന്നു എന്നതാണ്. ഗാന്ധിജിയുടെ ഏറ്റവും വലിയ പ്രസക്തി സത്യത്തിനുവേണ്ടി സ്വയം സമർപ്പിക്കാൻ കഴിഞ്ഞു എന്നതാണ്. ജനങ്ങളിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ആവേശം ജനിപ്പിക്കുവാൻ ഗാന്ധിജിക്കു കഴിഞ്ഞു. ജനത്തിന്റെ ഭയവും വിദ്വേഷവും ഇല്ലാതാകണമെങ്കിൽ തീവ്രരാഷ്ട്രീയ ആശയ അടിമത്തത്തിൽനിന്ന് നാം മോചിതരാകണം.

മറ്റാരും കൂടെയില്ലെങ്കിലും ഒറ്റയ്ക്കു നടക്കാൻ ഗാന്ധിജി ധൈര്യം കാണിച്ചിരുന്നു. ഒറ്റയ്ക്കു നടന്ന് തിന്മകളെ കീഴ്പ്പെടുത്തിയവനാണ് അദ്ദേഹം. ഒരു സമൂഹത്തിലെ തിന്മകളെ ചൂണ്ടിക്കാണിക്കുന്നതുവഴി മതമൈത്രിയോ മനുഷ്യമൈത്രിയോ അയൽപക്കമൈത്രിയോ നഷ്ടപ്പെടുന്നില്ല എന്നു നാം തിരിച്ചറിയണം. തിന്മകളോടുകൂടി വ്യാപരിക്കുമ്പോഴാണ് മൈത്രി നഷ്ടപ്പെടുന്നത്. സ്വന്തം മതത്തെക്കുറിച്ച് സംസാരിക്കാതിരിക്കുന്നതല്ല സെക്കുലറിസം; അന്യമതവിദ്വേഷവും വിരോധവും ഉപേക്ഷിക്കുന്നതിലാണ് സെക്കുലറിസം.

ഒരു രാജ്യതന്ത്രജ്ഞൻ, രാഷ്ട്രമീമാംസകൻ, സാമൂഹിക പരിഷ്കർത്താവ്, ഉത്തമവാഗ്മി, നിയമവിദഗ്ദ്ധൻ, ലേഖകൻ, അധ്യാ

പകൻ, മാനുഷികമൂല്യവാദി, ബഹുവർഗ്ഗനായകൻ, സത്യാന്വേഷി, സന്ന്യാസിവര്യൻ തുടങ്ങിയവയെല്ലാം ഒരൊറ്റ വ്യക്തിയിൽ സമന്വയിക്കുന്നതാണ് ഗാന്ധിജി. വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ഒരു ജനതയെ കോർത്തിണക്കി ഏകമനസ്സാക്കിയ മഹാത്മാവാണ് ഗാന്ധിജി. 'ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരിക്കുന്നു എന്നത് അവിശ്വസനീയമാണ്' എന്ന ആൽബർട്ട് ഐൻസ്റ്റൈനിന്റെ വാക്കുകൾ ഇവയുടെ നേർസാക്ഷ്യമാണ്.

---

NB: 2021 ഒക്ടോബർ 02 ദീപികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം

ലേഖനം

# കരുതലാകേണ്ട കലാലയജീവിതങ്ങൾ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ സെന്റ് തോമസ് കോളജ് കാമ്പസിൽ വച്ച് മരണപ്പെട്ട നിതിനമോളുടെ വിയോഗത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. തലയോലപ്പറമ്പ് കളപ്പുരയ്ക്കൽ ഭവനത്തിൽ പോവുകയും നിതിനമോളുടെ അമ്മ ബിന്ദുവിനെ കണ്ട് അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു. കോളജ് ക്യാമ്പസിൽ വച്ച് ദാരുണമായി കൊല്ലപ്പെട്ട ആ കുട്ടിയുടെ അമ്മയെയും ബന്ധുമിത്രങ്ങളെയും ദൈവത്തിന്റെ കരുണയ്ക്കു ഭരമേൽപ്പിക്കുന്നു.

അക്ഷരം പഠിക്കാൻവേണ്ടി മാത്രമല്ല മാതാപിതാക്കൾ മക്കളെ വിദ്യാലയങ്ങളിലേക്ക് അയയ്ക്കുന്നത്. മാനവികമൂല്യങ്ങൾ കൂടി അവിടെനിന്ന് അവർ സ്വായത്തമാക്കണം എന്നതും അവരുടെ ആഗ്രഹമാണ്. കുട്ടികൾ അറിവു സമ്പാദിക്കുന്നതും സംവദിക്കുന്നതും സൗഹൃദം സ്ഥാപിക്കുന്നതും വിദ്യാലയങ്ങളിൽ വച്ചാണ്. അവിടെ അവർക്കു നൽകുന്ന പാഠപുസ്തകങ്ങൾ സമാധാനചിന്തകൾ വിതറേണ്ടവയാണ്. അവർ വായിക്കുന്ന സാഹിത്യം ജീവിതഗന്ധിയായിരിക്കണം. അവർ പഠിക്കുന്ന ശാസ്ത്രം മനുഷ്യോന്മുഖമായിരിക്കണം. ആത്യന്തികമായി ക്യാമ്പസുകൾ മനുഷ്യത്വത്തിന്റെ പാഠശാലകളാകണം

ജീവൻ തുടിക്കുന്ന കാമ്പസുകളാണ് നമ്മൾ സ്വപ്നം കാണുന്നത്. വിദ്യാർത്ഥികളായിരുന്നപ്പോൾ നാമെടുത്ത സൗഹൃദം ജീവിതകാലം മുഴുവനും സൂക്ഷിക്കുന്നവരാണ് നമ്മൾ. പഠിക്കുന്ന വിദ്യാർത്ഥികളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും അവിടേക്ക് കടന്നുവരാനിരിക്കുന്നവരുടെയും ഇടങ്ങളാണ് ക്യാമ്പസുകൾ. ഇന്ന് അവിടെ പഠിക്കുന്നവർ അതിന്റെ പവിത്രത കാത്തുസൂക്ഷിക്കേണ്ടത് എല്ലാക്കാലത്തുമുള്ളവർക്കുവേണ്ടിയാണ്. എന്നാൽ, ക്യാമ്പസുകൾ ചിലപ്പോഴെല്ലാം കൊലക്കളങ്ങളായി മാറിയിട്ടുണ്ട്. ഒരുകാലത്ത് ക്യാമ്പസ് രാഷ്ട്രീയം ജീവനുകൾ അപഹരിച്ചു. ഇന്ന് അപക്വമായ മനസ്സുകൾ സഹപാഠികളുടെ ജീവനെടുക്കുകയാണ്. പ്രസ്ഥാന

ത്തിന്റെ പേരിലും പ്രണയത്തിന്റെ പേരിലും ക്യാമ്പസിൽ രക്തം ചൊരിയപ്പെടുമ്പോൾ സമൂഹം ഒന്നടങ്കം വിറങ്ങലിച്ചു നിൽക്കുന്നു.

കോളജ് - സ്കൂൾ വിദ്യാർത്ഥികളുടെയിടയിൽ അസഹിഷ്ണുത വർധിച്ചിട്ടുണ്ട്. എന്തും വാങ്ങിച്ചു സ്വന്തമാക്കാൻ തങ്ങൾക്ക് അവകാശമുണ്ടെന്ന് കുട്ടികൾ കരുതുന്നു. സ്നേഹം ബലപ്രയോഗത്തിലൂടെ സ്വന്തമാക്കാമെന്ന തെറ്റിദ്ധാരണ വിദ്യാർത്ഥികളിൽ ചിലർക്കുണ്ട്. രൂഢമൂലമായിത്തീർന്ന വികലമനോഭാവങ്ങളുമായിട്ടാണ് ഇക്കൂട്ടർ കലാലയങ്ങളിൽ കാലുകുത്തുന്നത്. അക്ഷരങ്ങൾ അലങ്കരിക്കുന്ന ക്യാമ്പസുകളിൽ ആംബുലൻസുകളും പോലീസ് വാഹനങ്ങളും കൂടെക്കൂടെ കയറിയിറങ്ങുകയാണ്. അറിവിന്റെ ശ്രീകോവിലുകൾ അക്രമങ്ങൾക്ക് നിശ്ശബ്ദം സാക്ഷ്യം വഹിക്കുന്നു.

ഇന്ന് സാഹിത്യവായന കുറഞ്ഞുവരുകയും എഡിറ്റർമാരില്ലാത്ത ഓൺലൈൻ പേജുകളുടെ വരിക്കാർ വർധിക്കുകയും ചെയ്തിട്ടുണ്ട്. ധാർമ്മികത എന്നത് സ്വാതന്ത്ര്യത്തിന്റെ നേർശത്രുവായി ചിത്രീകരിക്കപ്പെട്ടുകഴിഞ്ഞു. കളി കളിക്കളം വിട്ട്, സ്മാർട്ട് ഫോണിന്റെ സ്ക്രീനിൽ മാത്രമായി. കൂട്ടംകൂടി പന്തു കളിച്ചു. രസം പറഞ്ഞു നടന്ന തലമുറ വിസ്മൃതിയിലായി. മുറിയടച്ച് മൗനം പൂണ്ട്, തന്നെക്കുറിച്ചുമാത്രം ചിന്തിച്ച് പുതുതലമുറ ഇരുട്ടിൽ ഇരിക്കുകയാണ്.

ഇടപെടാൻ ആരുമില്ല എന്നത് പ്രവാചകരോദനമാണ് (ഏശ. 59:16). വൈകിയെത്തുന്ന കുട്ടിയോട് "നീ എന്താണ് വൈകിയത്" എന്ന് മാതാപിതാക്കൾ ചോദിക്കുന്നില്ല. മുറി അടച്ചിരിക്കുന്നവനോട് "നീ ഇവിടെ എന്തെടുക്കുന്നു" എന്നു ചോദിക്കാൻ അവരുടെ നാവുപൊന്തുന്നില്ല. ഇരുട്ടിലിരിക്കുന്നവരെ പുറത്തെ പ്രകാശത്തിലേക്ക് ആനയിക്കാൻ ആരും മുൻകൈയെടുക്കുന്നില്ല.

വിദ്യാർത്ഥികളുടെ വ്യക്തിത്വരൂപീകരണത്തിൽ അധ്യാപകരുടെ പങ്ക് നിസ്തുലമാണ്. കുട്ടികളുടെ വൈകാരികപക്വതയെക്കുറിച്ച് യഥാർത്ഥമായ വിലയിരുത്തലുകൾ അധ്യാപകർക്കുണ്ടാകണം. കോവിഡ് വ്യാപനത്തെത്തുടർന്ന് ഒന്നര വർഷത്തിലേറെയായി ക്യാമ്പസുകൾ അടഞ്ഞുകിടക്കുമ്പോഴും അധ്യാപകർക്ക് വിദ്യാർത്ഥികളുടെമേലുള്ള സ്വാധീനത്തിൽ കുറവുണ്ടാകരുത്. മാതാപിതാക്കളെപ്പോലെതന്നെ ആശ്രയിക്കാവുന്ന അത്താണി

കളാണ് തങ്ങളുടെ അധ്യാപകനെന്ന് വിദ്യാർത്ഥികൾ തിരിച്ചറിയണം. മാതാപിതാക്കൾക്കും അധ്യാപകർക്കും പകരം വയ്ക്കാൻ സമസമൂഹങ്ങൾക്ക്, പിയർ ഗ്രൂപ്പുകൾക്കു കഴിയില്ല. എല്ലാ വിഷയങ്ങൾക്കും പരിഹാരം കണ്ടെത്താൻ കുട്ടികളുടെ ഗ്രൂപ്പുകൾക്കു കഴിയില്ലെന്ന തിരിച്ചറിവ് വിദ്യാർത്ഥികൾക്കുണ്ടാകണം. മാതാപിതാക്കളോടും അധ്യാപകരോടും തുറന്ന മനോഭാവം പുലർത്താൻ പിയർ ഗ്രൂപ്പുകൾ ഒരിക്കലും കുട്ടികൾക്ക് തടസ്സമാകരുത്.

യഥാർത്ഥ സ്നേഹത്തിന്റെ ശൂന്യത എല്ലായിടങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. സ്വന്തം ജീവൻ അർപ്പിക്കുന്നതാണ് ഏറ്റവും വലിയ സ്നേഹം. കുരിശിൽ ഈശോ അർപ്പിച്ചത് സ്വന്തം ജീവനാണ്. യഥാർത്ഥ സ്നേഹം എത്ര മുറിപ്പെട്ടാലും പകയായി രൂപാന്തരം പ്രാപിക്കില്ല. അറിവ് സ്നേഹത്തെ പക്വമാക്കും. ആത്മീയതയും ധാർമ്മികതയും സ്നേഹത്തെ നിസ്വാർത്ഥമാക്കും. കലാലയങ്ങൾ അറിവും സ്നേഹവും ധർമ്മവും കണ്ടുമുട്ടുന്ന ഇടങ്ങളാകണം. ഈ ലക്ഷ്യപ്രാപ്തിക്കായി മാതാപിതാക്കളും അധ്യാപകരും ഭരണാധികാരികളും പൊതുസമൂഹവും ഉണർന്നു പ്രവർത്തിക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

---

NB: 2021 ഒക്ടോബർ 04 ന് പ്രസിദ്ധീകരിക്കപ്പെട്ട പത്രക്കുറിപ്പ്

ലേഖനം

# നിതാന്തജാഗ്രത, ഇടമുറിയാത്ത പ്രാർത്ഥന, ജ്വലിക്കുന്ന തീക്ഷ്ണത സാമൂഹികതിന്മകൾക്കെതിരേ ഒരുമിക്കാം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

2021 മാർച്ച് 19 മുതൽ 2022 മാർച്ച് 19 വരെ കുടുംബവർഷമായി പ്രഖ്യാപിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ച ഇനിമുതൽ എല്ലാ വർഷവും ഗ്രാൻഡ് പേരന്റ്സ് & എൽഡേഴ്സ് ദിനമായി ആചരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്.

വിവാഹം, പൗരോഹിത്യം, സന്ന്യാസം, ഏകസ്ഥജീവിതം എന്നീ ദൈവവിളികളുടെയെല്ലാം വിളനിലമാണ് പാലാ രൂപത. മുപ്പതു വയസ്സിനുമുമ്പ് വിവാഹിതരാകുന്ന നല്ല കീഴ്‌വഴക്കം തുടരാൻ മാതാപിതാക്കളും യുവജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. മക്കളുടെ എണ്ണത്തിന്റെ കാര്യത്തിലും പ്രത്യേക ശ്രദ്ധ നാം പതിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ ദൈവവചനത്തിലധിഷ്ഠിതമായ വിശ്വാസമൂല്യങ്ങളാണ് എല്ലാവരും മാനദണ്ഡമാക്കേണ്ടത്. ലൗകികമാനദണ്ഡങ്ങൾ ദൈവത്തെ മാറ്റിനിർത്താൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയുടെ ഒരുക്കത്തോടെ ദമ്പതികൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകണം. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ഒരു കുടുംബത്തിന്റെ സൗഭാഗ്യവും അനുഗ്രഹവും സമ്പത്തും കുഞ്ഞുങ്ങൾതന്നെയാണ്. ദൈവം നല്കുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുകയും വളർത്തുകയും ചെയ്യാൻ മാതാപിതാക്കൾക്കു കടമയുണ്ട്.

ഭാരതത്തിൽ 1971 ആഗസ്റ്റ് 10-ാം തീയതി MTP (Medical Termination of Pregnancy) Act ലൂടെ ഗർഭച്ഛിദ്രം നിയമവിധേയമാക്കി. കോടിക്കണക്കിനു ശിശുക്കൾ കഴിഞ്ഞ അമ്പതു വർഷത്തിനുള്ളിൽ കൊല്ലപ്പെട്ടു. 2015 ൽ മാത്രം 15.6 ദശലക്ഷം കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭാരതത്തിൽ

ഗർഭച്ഛിദ്രം നിയമാനുസൃതമാക്കിയിട്ട് ഈ ആഗസ്റ്റ് 10 ന് 50 വർഷം പൂർത്തിയായി. CBCI പ്രസ്തുത ദിവസം Black day (കറുത്തദിനം) ആയും KCBC ജീവൻ സംരക്ഷണദിനമായും ആചരിച്ചു. മനുഷ്യ ജീവൻ ഗർഭധാരണത്തിന്റെ നിമിഷംമുതൽ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. MTP Act അനുസരിച്ച് 24 ആഴ്ച പ്രായമുള്ള ശിശുവിനെവരെ ഗർഭച്ഛിദ്രത്തിലൂടെ കൊലചെയ്യാമെന്ന സ്ഥിതിയാണ് ഭാരതത്തിലുള്ളത്. അസ്തിത്വത്തിന്റെ ആദ്യനിമിഷം മുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശമുള്ളവനായി അംഗീകരിക്കപ്പെടണം. ഗർഭാവസ്ഥയിൽ ഒരു ശിശുവിന് ഏറ്റവും സുരക്ഷിതമായ വാസസ്ഥലമായി ദൈവം ക്രമീകരിച്ചു നൽകിയിരിക്കുന്നതാണ് അമ്മയുടെ ഉദരം. ആ ഉദരത്തിൽവെച്ച് ഒന്നു പ്രതികരിക്കാൻപോലും സാധിക്കാത്ത ശിശുവിനെ കൊലപ്പെടുത്തുന്നത് അതിക്രൂരമായ കൊലപാതകംതന്നെയാണ്.

കുടുംബങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന കാലമാണിത്. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, ജോലി ഇവയെല്ലാം ഇന്ന് വളരെ ക്ലേശകരമായ കാര്യങ്ങളാണ്. കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക് ഒരാശ്വാസം എന്ന നിലയിലും കുടുംബവർഷ ക്ഷേമപദ്ധതികൾ എന്ന നിലയിലും ഏതാനും കർമ്മപദ്ധതികൾ പാലാ രൂപതയിൽ നടപ്പിലാക്കുന്ന കാര്യം ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ.

1) 2000 ത്തിനു ശേഷം വിവാഹിതരായ, പാലാ രൂപതാംഗങ്ങളായ ദമ്പതികൾക്ക് അഞ്ചോ അതിൽ കൂടുതലോ കുട്ടികൾ ഉണ്ടെങ്കിൽ ഓരോ മാസവും 1500 രൂപ സാമ്പത്തികസഹായം, 2021 ഓഗസ്റ്റ് മുതൽ പാലാ രൂപതയുടെ ഫാമിലി അപ്പോസ്റ്റലേറ്റുവഴി നല്കുന്നു.

2) പാലാ രൂപതാംഗങ്ങളായ കുടുംബങ്ങളിൽ അഞ്ചോ അതിലധികമോ കുട്ടികളുള്ള ദമ്പതികളിൽ ഒരാൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് രൂപതാവക ചേർപ്പുങ്കലിലുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ ജോലികളിൽ മുൻഗണന നല്കുന്നു.

3) പാലാ രൂപതയുടെ ആഭിമുഖ്യത്തിലുള്ള ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലും മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിലും, പാലാ രൂപതാംഗങ്ങളായ ദമ്പതികളുടെ

നാലാമത്തേതും തുടർന്നുമുള്ള പ്രസവത്തിനായി അഡ്മിറ്റ് ആകുന്നതുമുതൽ ഡിസ്ചാർജ് ആകുന്നതുവരെയുള്ള ചെലവുകൾ സൗജന്യമായി നൽകുന്നു.

4) പാലാ രൂപതയുടെ ചേർപ്പുങ്കലിലുള്ള മാർ സ്ലീവാ നേഴ്സിങ് കോളജിൽ കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ നിയമങ്ങൾക്കനുസൃതമായി പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ പാലാ രൂപതയിലെ കുടുംബങ്ങളിൽനിന്നുള്ള നാലാമതുമുതലുള്ള കുട്ടികളുടെ പഠനച്ചെലവുകൾ സൗജന്യമായി നൽകുന്നു.

5) പാലാ രൂപതയിലെ ഒരു കുടുംബത്തിൽ നാലാമതായും തുടർന്നും ജനിക്കുന്ന കുട്ടികളിൽ പാലാ രൂപതയുടെ സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലും ഹോട്ടൽ മാനേജ്മെന്റ് കോളജിലും അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീ സൗജന്യമായിരിക്കും.

6) 2000 വർഷംമുതൽ കുടുംബവർഷമായ 2021 വരെ ജനിച്ചവരായ പാലാ രൂപതയിലെ കുടുംബങ്ങളിൽ നാലാമതോ, അതിനുശേഷമോ ജനിക്കുന്ന കുട്ടികളിൽ സാമ്പത്തികവിഷമത അനുഭവിക്കുന്നവർക്ക് നിർദ്ദിഷ്ടയോഗ്യതകളും ഗവൺമെന്റിന്റെ അതാതു സമയങ്ങളിലെ നിയമന മാനദണ്ഡങ്ങളുമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമനപരിഗണന നല്കുന്നതാണ്. ഉന്നതവിദ്യാഭ്യാസസഹായപദ്ധതിയായ പാലാ കാരിത്താസ്, ചികിത്സാവിവാഹസഹായ പദ്ധതികളായ ഫാമിലി എയ്ഡ് ഓഫ്, മാർ സ്ലീവാ പേട്രൺസ് കെയർ, ബുദ്ധിമുട്ടുന്ന പള്ളികൾക്കുള്ള നീഡി ചർച്ച് എന്നിവയും കൂടുതൽ സജീവമാക്കാൻ ഏവരുടെയും പങ്കാളിത്തം ക്ഷണിക്കുന്നു. വീടില്ലാത്തവർക്കു വീട്, സ്ഥലമില്ലാത്തവർക്കു സ്ഥലവും വീടും എന്നിവ ലക്ഷ്യമാക്കി നമ്മുടെ രൂപതയിൽ ഹോം പാലാ പദ്ധതി 358 വീടുകളുടെ നിർമ്മാണത്തിൽ എത്തിനിൽക്കുകയാണ്. ശിശുക്കളെയും കുട്ടികളെയും യുവാക്കളെയുംപോലെതന്നെ പ്രധാനപ്പെട്ടതാണ് ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയവരുടെ അനാഥത്വം. വാർദ്ധക്യത്തിലെത്തിയവർ നമ്മുടെ സമൂഹത്തിൽ ഏറെ വിഷമങ്ങൾ അനുഭവിക്കുന്നുണ്ട്. അമ്മയുടെ ഉദരത്തിൽ ആയിരിക്കുന്നതുമുതൽ ജനിച്ചുവളർന്നു വലുതാകുന്നതുവരെ മാതാപിതാക്കൾ ഒരു വ്യക്തിയെ വളർത്തിയെടുക്കാൻ എന്തുമാത്രം ത്യാഗങ്ങളാണു

സഹിക്കുന്നത്. ജീവിതസായാഹ്നത്തിൽ അവർക്ക് ആശ്രയമോ ആശ്വാസമോ ആരോഗ്യത്തിനും ചെലവിനുമുള്ള പണമോ ഇല്ലാതെ പോകുന്നതു നാമെല്ലാം വളരെ ശ്രദ്ധിക്കണം. എല്ലാവരും അദ്ധ്വാനിക്കുന്നതു ജീവിക്കുന്നതിനായിട്ടാണ്. കുട്ടികൾ പഠിക്കുന്നതും യുവാക്കൾ തൊഴിലന്വേഷിക്കുന്നതും മുതിർന്നവർ തൊഴിൽ ചെയ്യുന്നതും ജീവിക്കുന്നതിനാവശ്യമായ പണം സമ്പാദിക്കുന്നതിനാണല്ലോ. ദൈവം നല്കിയിരിക്കുന്ന കഴിവുകൾ / താലന്തുകൾ പരമാവധി ഉപയോഗിച്ച് നന്നായി അദ്ധ്വാനിച്ച് നല്ല മാർഗ്ഗത്തിലൂടെ സ്വത്തു സമ്പാദിക്കണം, സമ്പത്തു വർദ്ധിപ്പിക്കണം എന്നാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. തലമുറകളായി കൈമാറിക്കിട്ടിയതും അദ്ധ്വാനിച്ചു സമ്പാദിക്കുന്നതും ആവശ്യത്തിനു ചെലവഴിക്കുകയും വേണം.

എന്നാൽ, പിശുക്കും പൂഴ്ത്തിവയ്പ്പും ധൂർത്തും തിന്മയാണെന്നു വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പൂർവികർ സമ്പാദിച്ചതും അദ്ധ്വാനിച്ചതും ഈ തലമുറയിലുള്ളവരുടെ കരങ്ങളിൽ കൈമാറി വന്നിട്ടുണ്ടാവും. പരമ്പരാഗതമായി കൃഷിചെയ്തും നന്നായി ഭൂമി വിനിയോഗിച്ചും നമ്മുടെ മുതിർന്ന തലമുറ പൂർവികസമ്പത്ത് ശ്രദ്ധാപൂർവം കൈകാര്യം ചെയ്യുമായിരുന്നു. ആധുനികകാലത്ത് പുതിയ തൊഴിൽസംസ്കാരം വളർന്നുവന്നപ്പോൾ പ്രത്യേക സാഹചര്യങ്ങൾ ഉടലെടുത്തിരിക്കുകയാണ്. തരിശുകിടക്കുന്ന നിരവധി സ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. കൃഷി നഷ്ടമായതിനാലും കൃഷിചെയ്യാൻ ആളില്ലാത്തതിനാലും ഉടമസ്ഥർ വിദേശത്തായതിനാലും മറ്റെന്തെങ്കിലും ഉദ്യോഗം ഉള്ളതിനാലുമൊക്കെയാവാം ഇതു സംഭവിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ സമുദായത്തിന് പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു. വ്യക്തിപരമായോ കർഷകസംഘങ്ങളായോ സജീവമായി പ്രവർത്തിച്ച് ഒരിഞ്ചു ഭൂമിപോലും തരിശിടാതെ വിനിയോഗിക്കാൻ ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ ആൾപ്പാർപ്പില്ലാതെ അടഞ്ഞുകിടക്കുന്ന നിരവധി വീടുകളുണ്ട്. വീടുനിർമ്മാണത്തിന്റെ കാര്യത്തിൽ അമിതശ്രദ്ധ കൊടുത്ത് ആവശ്യത്തിലധികം പണം ചെലവഴിക്കുന്നതു പലപ്പോഴും കാണാറുണ്ട്. കൃഷി, എന്തെങ്കിലും ഉദ്യോഗം, ബിസിനസ് എന്നിങ്ങനെ നിരന്തരം അദ്ധ്വാനിച്ചു

കൊണ്ടിരിക്കാൻ ആരോഗ്യമുള്ള എല്ലാവരും ശ്രദ്ധിക്കണം. അലസതയും ആഡംബരഭ്രമവും എല്ലാ മേഖലകളെയുംതന്നെ ബാധിച്ചിട്ടുണ്ട്. നമ്മുടെ സമ്പത്തും ഭൂമിയും കഴിവുകളുമെല്ലാം രൂപതയുടെ വിവിധ കാരുണ്യപ്രവൃത്തികളുമായി ബന്ധിപ്പിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. ചിലരുടെ പക്കൽ പണം ആവശ്യത്തിലധികമായിരിക്കുകയും ചിലർ കൊടിയ ദാരിദ്ര്യത്തിലായിരിക്കുകയും ചെയ്യുന്ന വലിയ അസന്തുലിതാവസ്ഥ നമ്മുടെ സമൂഹത്തിലുണ്ട്. നമുക്കുള്ള സമ്പത്ത് വേണ്ടവിധം വിനിയോഗിക്കപ്പെടാതെയും പങ്കുവയ്ക്കപ്പെടാതെയും ഇരുന്നാൽ അതു പ്രയോജനപ്പെടാതെ പോവുകയാണ്. സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു കർത്താവ് നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ സന്നിധിയിൽ എത്തുന്ന ദരിദ്രരുടെ നിലവിളി സമ്പന്നർക്കെതിരായ വിധിയായി മാറുമെന്നാണ് വചനം നമുക്കു മുന്നറിയിപ്പു നല്കുന്നത്. അദ്ധ്വാനം, ആദ്യഫലം, ദശാംശം, ദാനധർമ്മം എന്നിവയെക്കുറിച്ചുള്ള ദൈവവചനപാഠങ്ങൾ പ്രാവർത്തികമാക്കാൻ നമുക്കു കൂടുതൽ ശ്രദ്ധിക്കാം.

രൂപത എന്ന പ്രാദേശികസഭയെ ഇടവകകളായി തിരിച്ചിരിക്കുന്നത് കൂദാശക്രമീകരണങ്ങൾക്കുവേണ്ടി മാത്രമല്ലാത്തതുകൊണ്ടാണ് നമ്മുടെ പൂർവികർ ഇടവകകളിൽ സ്കൂളുകളും ആതുരാലയങ്ങളും അനാഥാലയങ്ങളുമൊക്കെ തുടങ്ങിയത്. നാടിന്റെ വികസനത്തിനായി റോഡുനിർമാണം, പാലം പണി, നിരവധി ക്ഷേമപദ്ധതികളുടെ നിർവഹണം തുടങ്ങിയവ ഇടവകയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടന്നിരുന്നു. ബുദ്ധിമുട്ടുള്ളവരെ കണ്ടറിഞ്ഞു സഹായിക്കുന്ന ഒരു കരുതൽ ഓരോ ഇടവകയിലും നടപ്പിലാക്കണം. കർഷകമുന്നേറ്റങ്ങൾ എല്ലാ ഇടവകകളിലും നടക്കണം. അടുത്തകാലത്ത് ചില ഇടവകകളിൽ മാതൃകാപരമായി മുന്നേറുന്ന പ്രസ്ഥാനങ്ങൾ തുടങ്ങിയിട്ടുണ്ട്. ക്രിസ്തീയതയ്ക്ക് ആത്മീയമാനവും ഭൗതികമാനവുമുണ്ട്. ദൈവാരാധനയും സാമൂഹികക്ഷേമ പ്രവർത്തനങ്ങളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായാണ് സഭ കാണുന്നത്. സാമൂഹികതിന്മകൾ ധാരാളമുള്ളവയിൽ അധികമാരും പറയാനാഗ്രഹിക്കാത്ത യാഥാർത്ഥ്യങ്ങൾ എട്ടുനോമ്പാചരണസമാപനത്തോടനുബന്ധിച്ചു കുറവിലങ്ങാടു നടന്ന

കുർബാനമധ്യേയുള്ള ഹോമിലിയിൽ സൂചിപ്പിച്ചത് ചുരുക്കം ചിലരെങ്കിലും വസ്തുതകൾ മനസ്സിലാക്കാതെ തെറ്റിദ്ധരിക്കാനിടയായി. ഏതെങ്കിലും മതസ്ഥരുടെ പൊതുവായ കാര്യത്തെക്കുറിച്ചല്ല എന്നും ഏതെങ്കിലും മതത്തോടുള്ള വിരോധംകൊണ്ടോ എതിർപ്പുകൊണ്ടോ ഒന്നുമല്ല എന്നും പ്രസംഗത്തിൽ കൃത്യമായി പറഞ്ഞിരുന്നു. വാക്കുകളെ വളച്ചൊടിച്ച് ദുർവ്യാഖ്യാനംചെയ്ത് അവരവരുടെ അജണ്ടകൾക്കനുസരിച്ച് വാർത്തകൾ സൃഷ്ടിക്കുന്നവരെയും മാധ്യമചർച്ചകളെയും സോഷ്യൽ മീഡിയ പ്രചരണങ്ങളെയും ജാതി - മത - രാഷ്ട്രീയ - സാമുദായിക - സാംസ്കാരികനായകരെയും ഏവരും തിരിച്ചറിയണം. കളയും വിളയും തിരിച്ചറിയാൻ പറഞ്ഞ കർത്താവിന്റെ ആഹ്വാനം നാമെപ്പോഴും ഓർക്കണം. കള്ളൻവന്ന് മോഷ്ടിക്കാതിരിക്കാൻതക്ക വിധത്തിലുള്ള ജാഗ്രത നമുക്കുണ്ടാകണം. നമ്മുടെ നാട്ടിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യതയും ഉപയോഗവും വളരെ വ്യാപകമായിരിക്കുകയാണ്. പ്രണയക്കുരുക്കുകൾ നിരവധി യുവാക്കളുടെ ജീവിതംതകർക്കുക മാത്രമല്ല ജീവൻ കവരുകപോലും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. ഇവയെ കണ്ണുതുറന്നു കാണുവാൻ നമുക്കു സാധിക്കണം. കണ്ണടച്ച് ഇരുട്ടാക്കാൻ എളുപ്പമാണ്. വെറും പ്രണയം, മയക്കുമരുന്നുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നതിനുമപ്പുറം മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വേഷങ്ങളണിഞ്ഞ് ഗൗരവമേറിയ ആഗോളപ്രതിഭാസങ്ങൾ നമ്മുടെ നാട്ടിലും അരങ്ങേറുന്നുണ്ട്. അപര്യാപ്തമായ നിയമസംവിധാനങ്ങൾ കുറച്ചുകൂടി ആനുകാലികവും പുരോഗമനപരവുമാകണമെന്ന് നിരവധിയാളുകൾ നിരീക്ഷിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ നിയമനിർമ്മാണങ്ങൾപോലും ആവശ്യമാണെന്നു വിദഗ്ധർ പറയുന്നു. തിന്മയ്ക്കെതിരേയുള്ള പോരാട്ടം തുടരുകതന്നെ ചെയ്യണം. എല്ലാവരും ഒറ്റക്കെട്ടായി തിന്മയുടെ ശക്തികൾക്കെതിരേ നിലകൊള്ളണം. തിന്മയ്ക്കെതിരേ ശബ്ദിക്കരുത്, സംസാരിച്ചാൽ വായടപ്പിക്കും, പിന്മാറണം, നിലപാടുകൾ മാറ്റണം, മാപ്പുപറയണം, കേസെടുക്കണം തുടങ്ങിയ ആഹ്വാനങ്ങൾ നമ്മുടെ കൊച്ചുകേരളത്തിൽ മുഴങ്ങുന്നുണ്ട്. തിന്മയുടെ ശക്തികളെ കുറ്റപ്പെടുത്തി എതിർത്തുതോല്പിക്കുന്നതിനു പകരം അവർക്കു തണലൊരുക്കുകയും നന്മയുടെ വക്താക്കളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്ന

ബോധപൂർവകമായ മാധ്യമ രാഷ്ട്രീയസാമുദായിക അന്തർധാര കേരളത്തിൽ ശക്തമായിരിക്കുകയാണ്.

നമ്മുടെ പെൺകുട്ടികളെ കെണിയിൽപ്പെടുത്താൻ ചില ഗ്രൂപ്പുകളും വ്യക്തികളും വിഭാഗങ്ങളും വിവിധ തന്ത്രങ്ങളുമായി രംഗത്തുള്ള കാര്യം സൂചിപ്പിച്ച് രൂപതാകേന്ദ്രത്തിൽനിന്ന് ഒരറിയിപ്പു നൽകിയിരുന്നത് എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ഈ അടുത്തകാലത്തായി കണ്ടുവരുന്ന തന്ത്രം ഇടവകയിൽ നേരത്തേ ശുശ്രൂഷചെയ്തിരുന്ന വൈദികനെന്ന വ്യാജേന കുടുംബങ്ങളിലേക്കു ഫോൺ വിളിക്കുകയും പെൺകുട്ടികളുടെ പേരും ഫോൺനമ്പരുമൊക്കെ കൗശലപൂർവം മനസ്സിലാക്കുകയും ചെയ്യുന്നു എന്നതാണ്. ഇതുപോലുള്ള വിവിധ ചതിക്കുഴികളിൽ വീഴാതെ രൂപതാംഗങ്ങൾ എല്ലാവരും ജാഗ്രത പാലിക്കുക. മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത് എന്നിവ സുലഭമായി നമ്മുടെ സംസ്ഥാനത്തു നടക്കുന്നതായി വാർത്തകളിലൂടെ അറിയുമ്പോൾ നാമെല്ലാം ഏറെ വിഷമിക്കുകയാണ്. പിടിക്കപ്പെടുന്ന കേസുകൾ വളരെ ചുരുക്കമാണെന്നുവേണം അനുമാനിക്കാൻ. പിടിക്കപ്പെടാതെ, പുറത്തറിയാതെ അതിലേറെ സംഭവങ്ങൾ നടക്കുന്നുണ്ടെന്നു സംശയിക്കേണ്ടതില്ല. ആകയാൽ, ഈ പ്രശ്നങ്ങൾ അതീവരൂക്ഷമായ ഒന്നാണ്. ലാഘവബുദ്ധിയോടെ കണ്ട് തിന്മയോടു സന്ധിചെയ്യുന്ന സമീപനം സ്വീകരിച്ചാൽ വലിയ നാശമാകും സംഭവിക്കാൻ പോകുന്നത്. ഇക്കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടു തുടരണം.

നമ്മുടെ പൂർവികർ കാത്തുസൂക്ഷിച്ചുപോന്ന മൂല്യങ്ങൾ കൈമോശംവരാതെ സാമൂഹിക, സാമുദായികസന്തുലിതാവസ്ഥയ്ക്ക് അല്പംപോലും കുറവുവരാതെ മതസൗഹാർദ്ദം നിലനിർത്തിക്കൊണ്ടുപോകാൻ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. നാളിതുവരെയില്ലാതിരുന്ന അസ്വസ്ഥതകൾ ഒളിഞ്ഞും തെളിഞ്ഞും അങ്ങിങ്ങായി അടുത്ത കാലത്ത് അരങ്ങേറിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ ജാഗ്രത നമ്മൾ കൂട്ടിയേ തീരൂ. എല്ലാ ഇടവകകളിലും പ്രതിനിധിയോഗം, കുടുംബക്കൂട്ടായ്മകൾ, കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കുമുള്ള സംഘടനകൾ എന്നിവ ഒട്ടും നിർജീവമാകാൻ അനുവദിക്കാതെ സജീവമാക്കണം.

നവംബർ 28 മുതൽ നമ്മുടെ പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൽ പുതിയ ആരാധനാവത്സരം ആരംഭിക്കുകയാണ്. അന്നുമുതൽ സീറോ-മലബാർ സഭ മുഴുവനും പുതിയ റാസക്കുർബാന തക്സ ഉപയോഗിച്ചുതുടങ്ങുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പുതിയ റാസക്കുർബാന തക്സയ്ക്ക് അംഗീകാരം നല്കിയ സന്ദർഭത്തിൽ സീറോ - മലബാർ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ നമ്മുടെ സഭാമക്കളോട് ആഹ്വാനം ചെയ്തു. വി. കൂദാശകളുടെ കർമ്മക്രമങ്ങളും തിരുപ്പട്ടക്കൂദാശക്രമവും മറ്റ് ആരാധനക്രമകർമ്മങ്ങളും ഏകീകൃതരൂപത്തിലാക്കാൻ കഴിഞ്ഞെങ്കിലും വിശുദ്ധ കുർബാനയർപ്പണരീതി ഒരേപോലെയാക്കാൻ പല കാലങ്ങളിലും നടത്തിയ പരിശ്രമങ്ങൾ പല കാരണങ്ങളാൽ ഫലപ്രാപ്തിയിലെത്തിയിരുന്നില്ല. 1999 ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നല്കിയിരുന്നതു നമ്മുടെ രൂപത ഉൾപ്പെടെ പല രൂപതകളിലും നടപ്പിലാക്കി. എന്നാൽ, എല്ലാ രൂപതകളിലും അതു സാധിച്ചില്ല. വി. കുർബാനയർപ്പണരീതിയിലെ ഐക്യത്തിനായി സഭയിലെ വിവിധ തലങ്ങളിൽ - സഭാ അസംബ്ലികളിലും മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളിലും വിവിധ അല്മായഫോറങ്ങളിലും - നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാനിലെ കാര്യാലയം 2020 നവംബർ 9 നുള്ള കത്തിലും നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള 2021 ജൂൺ 9 ലെ കത്തിലും വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ നല്കി. ഇതിനെത്തുടർന്ന് പരിശുദ്ധ പിതാവ് വളരെ ആധികാരികമായിത്തന്നെ 2021 ജൂലൈ 3-ാം തീയതി സീറോ മലബാർ സഭ മുഴുവനുംവേണ്ടി ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ടു കത്തെഴുതി. പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത കുർബാനയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (editio typica) ഈ വർഷം മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച, നവംബർ 28-ാം തീയതി മുതൽ നടപ്പിലാക്കുകയാണ്.

---

NB: 2021 സെപ്റ്റംബർ - ഒക്ടോബർ - നവംബർ ലക്കം പാലാദൂതിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം




## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപന വാർഷികം.**

വി. അൽഫോൻസാമ്മയുടെ സ്വർഗ്ഗപ്രാപ്തിയുടെ 75 വർഷം പൂർത്തിയായ ഈ വർഷം, വിശുദ്ധപദപ്രഖ്യാപനത്തിന്റെ 13-ാം വാർഷികം ഒക്ടോബർ 12-ാം തീയതി ചൊവ്വാഴ്ച ആചരിച്ചു. അന്നേദിവസം രാവിലെ 11 മണിക്ക് പാലാ രൂപ താദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 5 മണിക്കുള്ള കുർബാനയ്ക്കുശേഷം ജപമാല പ്രദക്ഷിണവും നടത്തപ്പെട്ടു.

**2. ജപമാലമാസം**

ജപമാലമാസാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 11 മുതൽ 20 വരെ തീയ തികളിൽ വൈകുന്നേരം 5 മണിക്കുള്ള വി. കുർബാനയ്ക്കുശേഷം വി. കുർബാന എഴുന്നള്ളിച്ചുവച്ച് ജപമാലയും പരി. കുർബാനയുടെ ആശീർവാദവും നടത്തി.

**3. ഡീക്കൻ മിനിസ്ട്രി**

സി.ആർ.എം. കോൺഗ്രിഗേഷൻ അംഗമായ ഡീക്കൻ അലക്സ് വടശ്ശേരിൽ തീർത്ഥാടനകേന്ദ്രത്തിൽ ഒക്ടോബർ 1 മുതൽ ഡീക്കൻ ശുശ്രൂഷയ്ക്കായി എത്തി. അൽഫോൻസാമ്മയുടെ പുണ്യസ്ഥലത്തേക്ക് ബ്രദറിന് ഹൃദ്യമായ സ്വാഗതം.

**4. റീജൻസി ബ്രദേഴ്സ്**

തീർത്ഥാടനകേന്ദ്രത്തിൽ 6 മാസക്കാലം റീജൻസി ചെയ്ത ബ്രദർ സെബിൻ പ്ലാത്തോട്ടത്തിന് ഹൃദ്യമായ യാത്രയയപ്പു നൽകി. പാലാ രൂപതയുടെ കെ.സി. എസ്.എൽ, ഡി.എഫ്.സി, എന്നിവയുടെ ഓഫീസിലേക്ക് പുതിയ റീജൻസിക്കായി സ്ഥലം മാറിയ ബ്രദർ സെബിന് ആശംസകൾ നേരുന്നു. തീർത്ഥാടന കേന്ദ്രത്തിൽ ബ്രദർ ജോജോ പുത്തൻപുരക്കൽ ഒക്ടോബർ 9 ന് പുതിയ റീജന്റായി ചാർജെ

ടുത്തു. അയ്യമ്പാറ ഇടവകാംഗമായ ബ്രദറിന് തീർത്ഥാടനകേന്ദ്രത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**4. ജപമാല പ്രദക്ഷിണം**

ഒക്ടോബർ 23 മുതൽ ജപമാല പ്രദക്ഷിണം വീണ്ടും ആരംഭിച്ചു.

**5. കുഞ്ഞുമിഷനറിമാർ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ**

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി രൂപതാതല ഉദ്ഘാടനത്തോടനുബന്ധിച്ച് കുഞ്ഞുമിഷനറിമാർ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് തീർത്ഥാടനനഗറിലേക്ക് റാലിയായി പുറപ്പെട്ടു.

**6. ആദ്യ ഞായറാഴ്ചകളിൽ ഹിന്ദി കുർബാന**

അന്യസംസ്ഥാനത്തൊഴിലാളികൾക്കായി ഫാ. ബാബു കാക്കാനിയിൽ (എം.എസ്.റ്റി) അർപ്പിച്ചിരുന്ന ഹിന്ദി കുർബാന പുനരാരംഭിച്ചു.

**7. കബറിടം സന്ദർശിച്ച പ്രമുഖർ**

മാർ പീറ്റർ കൊച്ചുപുരയ്ക്കൽ (പാലക്കാട് രൂപതാ സഹായ മെത്രാൻ)

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ രൂപതാ ബിഷപ്)

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. പ്രഥമാധ്യാപകസമ്മേളനം**

2021 – 2022 വിശ്വാസപരിശീലനവർഷത്തെ രണ്ടാമത്തെ പ്രഥമാധ്യാപക സമ്മേളനം 2021 ഒക്ടോബർ 2 ശനിയാഴ്ച നടന്നു. Zoom Platform ൽ സംഘടിക്കപ്പെട്ട ഈ സമ്മേളനത്തിൽ മൂന്നാനി സൺഡേ സ്കൂൾ പ്രഥമാധ്യാപകനും മൂലമറ്റം സെന്റ് ജോസഫ്സ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ജോസ് ജെയിംസ് Orientation Talk നൽകി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചർച്ച നയിക്കുകയും ചെയ്തു. രാവിലെ 11 മണിക്ക് ആരംഭിച്ച സമ്മേളനം ഉച്ചയ്ക്ക് 12.30 ന് അവസാനിച്ചു.

**2. വിശ്വാസപരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷ**

വിശ്വാസപരിശീലനത്തിന്റെ ഒന്നാംടേം പരീക്ഷ 2021 ഒക്ടോബർ 31 ഞായറാഴ്ച നടന്നു. I മുതൽ VI വരെ ക്ലാസ്സുകൾക്ക് രാവിലെ 11.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയും VII മുതൽ XII വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞു 2 മണി മുതൽ 3.30 മണി വരെയുമായിരുന്നു പരീക്ഷ.

**3. Question Board സമ്മേളനം**

വിശ്വാസപരിശീലനപരീക്ഷകളുടെ നടത്തിപ്പിനായി രൂപീകരിച്ച Question Board -ന്റെ ഈ വർഷത്തെ പ്രഥമസമ്മേളനം 2021 ഒക്ടോബർ 4 തിങ്കളാഴ്ച നടന്നു. മുഴുവൻ Question Board അംഗങ്ങളും പങ്കെടുത്ത ഈ സമ്മേളനം പരീക്ഷകളുടെ നടത്തിപ്പിനെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**4. CTP ക്ലാസ്സുകൾ**

വിശ്വാസപരിശീലകർക്കുള്ള പരിശീലനപരിപാടിയായ CTP യുടെ ക്ലാസ്സുകൾ തുടരുന്നു. ഒക്ടോബർ മാസത്തിൽ നടത്തിയ ക്ലാസ്സുകൾ:

ഒക്ടോബർ 8, 9, 10, 12, 13, 14 : Patrology (ഫാ. ജോൺ കണ്ണന്താനം )
ഒക്ടോബർ 1, 18, 19, 21, 23, 24 : Liturgy (ഫാ. ജോസഫ് കുറ്റിയാങ്കൽ )
ഒക്ടോബർ 25, 26, 27 : Mariology (ഫാ. തോമസ് പുന്നത്താനത്ത് )
ഒക്ടോബർ 29, 31 : Holy Trinity (ഫാ. ജോസഫ് കരികുളം )

**5. വിശ്വാസപരിശീലക അവാർഡ്**

ഫാ. സെബാസ്റ്റ്യൻ നടക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക അവാർഡിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. ഈ പുരസ്കാരത്തിന് പരിഗണിക്കേണ്ടവരുടെ പേര് രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2021 ഡിസംബർ 31 -നു മുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ നൽകേണ്ടതാണ്.

**6. 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്തു 20,40,50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി 2021 ഡിസംബർ 31 വെള്ളിയാഴ്ചയ്ക്കുമുമ്പായി രൂപത വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**7. തിരുബാലസഖ്യം - എന്റെ ഡയറി മത്സരം**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്നു ഒരു കുട്ടിക്കാണ് രൂപതതല മത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2021 ഡിസംബർ 10 -നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**8. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും ഒന്നാം ടേം പരീക്ഷ യഥാക്രമം 2021 ഒക്ടോബർ 27, 28 തിയതികളിലായി നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. തിരുനാളുകൾ**

ജൂലൈ നാലാം തീയതി ഞായറാഴ്ച മന്നഗൂഡം സെന്റ് മേരീസ് പള്ളിയിൽ പരി ദൈവമാതാവിന്റെ തിരുനാൾ ആഘോഷിച്ചു. ഫാ. കുര്യൻ പൊന്മലകുന്നേൽ

ആഘോഷമായ കുർബാനയും പ്രസംഗവും നടത്തി. വില്ലേജിലൂടെ പ്രദക്ഷിണവും തുടർന്ന് സ്നേഹവിരുന്നും നടന്നു.

ജൂലൈ 29 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ചേർന്ന് മൈലാരം LAR കോൺവെന്റ് ചാപ്പലിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. ഫാ. മാത്യു പുതിയിടത്ത് വി. കുർബാന അർപ്പിച്ചു. ഫാ. ജോസഫ് പരിയാത്ത് സന്ദേശം നല്കി.

ഓഗസ്റ്റ് 4 ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അദിലാബാദ് രൂപത മൈനർ സെമിനാരിയിൽ വച്ച് നടന്ന പരിപാടികളിൽ പാലാ മിഷനിൽനിന്ന് വൈദികർ പങ്കെടുത്തു.

ഓഗസ്റ്റ് 15 ന് ഗൊല്ലപ്പള്ളി നല്ലയിടയൻ പള്ളിയിൽ തിരുനാൾ ആഘോഷിച്ചു. രൂപത യൂത്ത് ഡയറക്ടർ ഫാ. ഡാനിയേൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നല്കി. സ്നേഹവിരുന്നും നടന്നു. വൈകുന്നേരം വില്ലേജിലൂടെ പ്രദക്ഷിണവും തുടർന്ന് കലാപരിപാടികളും നടന്നു.

സെപ്റ്റംബർ 8 ന് മാതാവിന്റെ പിറവിത്തിരുനാൾ പാലാ മിഷനിലെ എല്ലാ പള്ളികളിലും ആഘോഷിച്ചു. ഗൊല്ലപ്പള്ളിയിൽ 9 ദിവസം നൊവേന കുർബാന ജപമാല എന്നിവ നടന്നു. തിരുനാൾ ദിനത്തിൽ വൈകുന്നേരം 7 മണിക്ക് ഫാ. ആൻറണി വാഴയിൽ വി. ബലിയർപ്പിക്കുകയും ഫാ. മാത്യു പുതിയിടത്ത് സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് പാച്ചോർ നേർച്ച നടത്തി.

**2. അഖണ്ഡജപമാലയും ആരാധനയും**

മാതാവിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് നെന്നൈൽ മദർ തെരേസ പള്ളിയിൽ സെപ്റ്റംബർ 7 ന് രാവിലെ 7 മുതൽ വൈകുന്നേരം 7വരെ അഘണ്ഡ ജപമാലയും ആരാധനയും നടത്തി.

**3. ഓണാഘോഷം**

ഓഗസ്റ്റ് 21 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ഒത്തുച്ചേർന്ന് നെന്നെലിൽ ഓണാഘോഷം നടത്തി.

**4. യാത്രയയപ്പ്**

പാലാ മിഷനിലെ മൈലാരം LAR കോൺവെന്റിൽ 5 വർഷം ശുശ്രൂഷ ചെയ്ത സുപ്പീരിയർ സി. മേരിക്കും, സി. സോണിയായ്ക്കും ജൂലൈ 31 ന് യാത്രയയപ്പ് നല്കി.

വെങ്കിട്ടപുരം സി.എം.സി. കോൺവെന്റിൽ ഒന്നര വർഷക്കാലം ശുശ്രൂഷ ചെയ്ത സി. ജാസ്മിന് ഒക്ടോബർ 14 ന് യാത്രയയപ്പ് നല്കി.

**5. സ്വാഗതം**

മൈലാരം LAR കോൺവെന്റിൽ ശുശ്രൂഷ ചെയ്യാനെത്തിയ സുപ്പീരിയർ സി. ജിന്നി, സി. ഗ്രേസ്, സി. പദ്മ എന്നിവർക്ക് പാലാ മിഷനിലേക്ക് സ്വാഗതം.

**6. യൂത്ത് പ്രോഗ്രാം**

ഓഗസ്റ്റ് 14 ന് അദിലാബാദ് രൂപത യൂത്ത് ഡയറക്ടർ ഫാ. ഡാനിയേൽ ഗൊല്ല പ്പള്ളിയിൽ യുവജനങ്ങളെ സന്ദർശിക്കുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടു

ക്കുകയും ചെയ്തു യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണവും നടത്തി.

അദിലാബാദ് രൂപതയുടെ സോണൽ യൂത്ത് മീറ്റിംഗുകളിൽ പാലാ മിഷനിൽ നിന്ന് 50 പേർ പങ്കെടുത്തു.

Food from Scrap എന്ന പ്രോഗ്രാമിന്റെ ഭാഗമായി ഗൊല്ലപ്പള്ളിയിലും മന്നഗുഡത്തും യുവജനങ്ങൾ ആക്രിസാധനങ്ങളുടെ ശേഖരണം നടത്തി അതിൽ നിന്നു ലഭിച്ച തുക അദിലാബാദ് രൂപതയുടെ കാരുണ്യനിധിയിലേക്കു സംഭാവന ചെയ്തു.

**7. ജപമാല മാസാചരണം**

കൊത്തഗുഡം വില്ലേജ് ചാപ്പലിൽ ഒക്ടോബർ 1 മുതൽ 10 വരെ രാവിലെ 7 മണിക്ക് വി.കുർബാനയും ജപമാലയും വാഴ്വും നടത്തി. അവസാനദിവസം വില്ലേജിലൂടെ ജപമാലപ്രദക്ഷിണവും തുടർന്ന് പാച്ചോർനേർച്ചയും നടത്തി.

നെന്നെൽ വി. മദർ തെരേസ പള്ളിയിൽ ഒക്ടോബർ 1 മുതൽ 10 വരെ വൈകുന്നേരം 7 മണിക്ക് വി. കുർബാനയും ജപമാലയും വാഴ്വും നടത്തി. അവസാന ദിവസം വില്ലേജിലൂടെ ജപമാല പ്രദക്ഷിണവും തുടർന്ന് പാച്ചോർ നേർച്ചയും നടത്തി.

വെങ്കിട്ടപുരം തിരുഹൃദയപ്പള്ളിയിൽ ഒക്ടോബർ 1 മുതൽ 31 വരെ ഗ്രോട്ടോയിൽ ജപമാല നടത്തി. അവസാന ദിവസം ജപമാല പ്രദക്ഷിണവും തുടർന്ന് പാച്ചോർ നേർച്ചയും നടത്തി.

ഗൊല്ലപ്പള്ളി നല്ലയിടയൻ പള്ളിയിൽ ഒക്ടോബർ 22 മുതൽ 31 വരെ വൈകുന്നേരം 7 മണിക്ക് ജപമാലയും വാഴ്വും നടത്തി. അവസാനദിവസം ജപമാലപ്രദക്ഷിണവും തുടർന്ന് പാച്ചോർ നേർച്ചയും നടത്തി.

കോനംപേട്ട ഇൻഫന്റ് ജീസസ് പള്ളിയിലും മന്നഗുഡം സെന്റ് മേരീസ് പള്ളിയിലും ഒക്ടോബർ 1 മുതൽ 21 വരെ വൈകുന്നേരം 7 മണിക്ക് ഓരോ ഭവനങ്ങളിൽ വിശ്വാസികൾ ഒന്നുചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു ഒക്ടോബർ 22 മുതൽ 31 വരെ പള്ളിയിൽ വൈകുന്നേരം 7 മണിക്ക് വി. കുർബാന ജപമാല വാഴ്വ് നടത്തി. 31-ാം തീയതി ജപമാല പ്രദക്ഷിണവും പാച്ചോർ നേർച്ചയും നടത്തി.

**8. ആദരിക്കൽ**

ജൂലൈ 21 ന് ആശ്വാസദായകമാതാവിന്റെ തിരുനാൾ ദിനത്തിൽ മന്നഗുഡം LAR കോൺവെന്റിൽ വില്ലേജിലെ നിർധനരായ മുതിർന്ന പൗരന്മാർക്ക് വിരുന്നു നല്കി ആദരിച്ചു. Grand parents day യോടനുബന്ധിച്ച് വെങ്കിട്ടപുരം, കൊത്തഗുഡം സെന്ററുകളിൽ വി. കുർബാനയും ആഘോഷവും നടത്തി സമ്മാനങ്ങൾ നല്കി ആദരിച്ചു.

**9. മിഷൻ സന്ദർശനം**

ഒക്ടോബർ 13 ന് ബ്ര. സെബാസ്റ്റ്യൻ തോമസ് (ബാംഗ്ലൂർ) അദിലാബാദ് രൂപതയിലെ മിഷൻ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാൻ വിവിധ സെന്ററുകൾ സന്ദർശിക്കുന്നതിനിടയിൽ അഭിവന്ദ്യ പ്രിൻസ് ആന്റണി പിതാവിനോടൊപ്പം

പാലാ മിഷൻ സന്ദർശിച്ചു. ഒക്ടോബർ 22 മുതൽ 25 വരെ പാലാ രൂപതയിൽ നിന്ന് ബഹു. കുര്യൻ മറ്റത്തിലച്ചന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് പ്രവർത്തകർ 7 പേർ പാലാ മിഷനിലെ വിവിധ സെന്ററുകൾ സന്ദർശിച്ചു. ഒക്ടോബർ 22 മുതൽ 25 വരെ FDSHJ ജനറാൾ, മദർ റോസി പുതുപ്പറമ്പിലും മൂന്ന് സിസ്റ്റർമാരും പാലാ മിഷൻ സന്ദർശിച്ചു. എല്ലാവർക്കും പ്രത്യേകം നന്ദി.

**10. മിഷനെ അറിയാൻ**

മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കുഞ്ഞുമിഷനറിമാർക്ക് ഓൺലൈൻ മിഷൻ അനുഭവം പങ്കുവയ്ക്കൽ നടത്തി. പാലാ മേഖല, ചേർപ്പുങ്കൽ മേഖല - ഫാ. മാത്യു പുതിയിടത്ത്, തുടങ്ങനാട് - ഫാ.ഫ്രാൻസിസ് മാട്ടേൽ, കുറവിലങ്ങാട്, ചെമ്മലമറ്റം - ഫാ.ജോസഫ് കൈതോലിൽ

തീക്കോയി ഫൊറോന പള്ളിയിൽ വച്ചു നടന്ന CML ജൂബിലി ഉദ്ഘാടന സമ്മേളനത്തിൽ ഫാ.ആന്റണി വാഴയിൽ മിഷൻ അനുഭവം പങ്കുവച്ചു.

**11. നന്ദി**

ഈ നാളുകളിൽ പാലാമിഷനെ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലവർക്കും നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ജപമാല മാസാചരണം**

ജപമാല മാസാചരണത്തോടനുബന്ധിച്ച് റീജിണലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും ആദ്യത്തെ 10 ദിവസം ഭവനങ്ങളിലും അവസാനത്തെ 10 ദിവസം ദൈവാലയത്തിലും വച്ച് ജപമാല അർപ്പിച്ചു.

**2. മിഷൻ സൺഡേ ആചരണം.**

ഒക്ടോബർ 17 ഞായറാഴ്ച റീജിണലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും മിഷൻ ലീഗിന്റെ നേതൃത്വത്തിൽ മിഷൻ സൺഡേ ആചരിച്ചു.

**3. വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ തിരുനാളും യുവജനദിനാചരണവും**

ഒക്ടോബർ 24 ഞായറാഴ്ച റീജിണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും യുവജനസംഘടനയായ SMYM ന്റെ ആഭിമുഖ്യത്തിൽ വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു; അന്നേ ദിവസംതന്നെ യുവജനദിനാചരണവും നടത്തി.

**4. റീജണൽ പ്രെസ്ബിത്തേരിയം**

ഒക്ടോബർ 5 ചൊവ്വാഴ്ച റീജണൽ പ്രെസ്ബിത്തേരിയം നടത്തപ്പെട്ടു.

**5. വാർഷികധ്യാനം**

ഷംഷാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കുവേണ്ടിയുള്ള വാർഷികധ്യാനം സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംബ്ലാനി പിതാവ് ധ്യാനം നയിച്ചു.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ രൂപതാതല ഉദ്ഘാടനം 2021 ഒക്ടോബർ 03 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ജൂബിലി ഉദ്ഘാടനം നിർവ്വഹിച്ചു. ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ നടന്ന പ്രാർത്ഥനയോടെയാണ് ആഘോഷപരിപാടികൾ ആരംഭിച്ചത്. തുടർന്നു മാതൃഭവനിലേക്കു ജൂബിലി വിളംബരറാലി നടത്തി. പതാക ഉയർത്തലിനുശേഷം നടന്ന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ചു. ജൂബിലി വർഷത്തെ പ്രവർത്തന മാർഗരേഖ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സംസ്ഥാന റീജിയണൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കലിനു നൽകി പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, വൈസ് ഡയറക്ടർ സി. ദിവ്യ D.S.T, വൈസ് പ്രസിഡന്റ് ഐബി തോമസ്, ജന. സെക്രട്ടറി മനു ചെറുകാട്ടിൽ, ജന. ഓർഗനൈസർ ജോബി ആലയ്ക്കപ്പറമ്പിൽ, ഭരണങ്ങാനം മേഖല പ്രസിഡന്റ് ജോയി ആറ്റുചാലിൽ, ഭരണങ്ങാനം ശാഖ പ്രസിഡന്റ് ബാബു തോമസ് തുടങ്ങിയവർ സംസാരിച്ചു.

രൂപതയിലെ 17 മേഖലാ പ്രസിഡന്റുമാർക്കും ജൂബിലിദീപം കൈമാറി. രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധമത്സരങ്ങളിൽ വിജയികളായ വർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ഒക്ടോബർ മാസത്തെ എക്സി ക്യൂട്ടീവ് യോഗം ഒക്ടോബർ 03 ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗ ത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ഒക്ടോബർ മാസത്തെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 02,11,15 തീയതികളിൽ നടന്നു.

**ജീവദർശൻ കോഴ്സ്**

സംഘടനയുടെ ആഭിമുഖ്യത്തിൽ വിശ്വാസപരിശീലകർക്കായി നടത്തുന്ന ജീവദർശൻ കോഴ്സിന്റെ നാലാമത്തെ ക്ലാസ് ഒക്ടോബർ 11 തിങ്കളാഴ്ച നടന്നു. റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ 'ബൈബിളും ഇസ്ലാം മതവും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

**റീജിയണൽ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം റീജിയണൽ സംഗമം 2021 ഒക്ടോബർ 14 വ്യാഴാഴ്ച വൈകിട്ട് ഓൺലൈനായി നടത്തി. സംഗമത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ സംബന്ധിച്ചു.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 19- ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക ഒക്ടോബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു

**കുഞ്ഞുമിഷനറി ക്വിസ്**

2021 ജൂലൈ, ആഗസ്റ്റ് ലക്കങ്ങളിലെ കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കി ഒക്ടോബർ 24 ഞായറാഴ്ച ശാഖാതലത്തിൽ ക്വിസ് മത്സരം നടത്തി.

**മേഖലാവാർത്തകൾ**

**1. പാലാ മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖല വൈസ് പ്രസിഡന്റ് അന്റു ടോമി അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖല രക്ഷാധികാരി സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം നിർവഹിച്ചു. മുൻ രൂപത പ്രസിഡന്റ് അലക്സ് കാവുകാട്ട് മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോർജ് വടയാറ്റുകുഴി ആശംസകളർപ്പിച്ചു സംസാരിച്ചു. മേഖല വൈസ് ഡയറക്ടർ സി. ആൻസ് വാഴചാരിക്കൽ, മേഖല സെക്രട്ടറി മനു അഗസ്റ്റിൻ എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**മിഷനെ അറിയാം**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 ഒക്ടോബർ 1 മുതൽ 31 വരെ തീയതികളിൽ 'മിഷനെ അറിയാം' എന്ന പരിപാടി നടത്തി. വൈകുന്നേരം ജപമാലയോടുകൂടി ആരംഭിച്ച പരിപാടിയിൽ ഇന്ത്യയിലെയും വിദേശത്തെയും മിഷൻപ്രദേശങ്ങളിൽ സേവനം ചെയ്യുന്ന വൈദികരും സന്ന്യസ്തരും തങ്ങളുടെ അനുഭവം പങ്കുവച്ചു.

**ഇതരപ്രവർത്തനങ്ങൾ**

ഒക്ടോബർ 9 ശനിയാഴ്ച വൈകുന്നേരം ശാഖ ജോ. ഡയറക്ടർമാരുടെ മീറ്റിംഗ് നടത്തി. ഒക്ടോബർ 23 ശനിയാഴ്ച വൈകുന്നേരം ശാഖാതലക്യാമ്പ് നടത്തി. ഒക്ടോബർ 29, 30 തീയതികളിൽ മേഖല ദൈവവിളി ക്യാമ്പ് നടത്തി. മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 30 ശനിയാഴ്ച വൈകിട്ട് നടത്തി.

**2. അരുവിത്തുറ മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ ഷാജു കുന്നക്കാട്ടിന്റെ

അധ്യക്ഷതയിൽ ചേർന്ന യോഗം മേഖലാ രക്ഷാധികാരി വെരി. റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.13 ശാഖകളിലെയും പ്രസിഡന്റുമാർക്ക് ജൂബിലി ദീപം നൽകി. രൂപതാ റീജണൽ ഓർഗനൈസർ ശ്രീ ജോബിൻ തട്ടാംപറമ്പിൽ, മേഖല വൈസ് ഡയറക്ടർ സി. സാലി F.C.C, സെക്രട്ടറി ശ്രീ ബെന്നിസൺ മണ്ണാറാത്ത്, ഓർഗനൈസർ ശ്രീ ജിജോമോൻ കല്ലുംമാക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഇതരപ്രവർത്തനങ്ങൾ**

വി. കൊച്ചുത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധയെക്കുറിച്ചുള്ള വീഡിയോകൾ ഇടമറുക്, തിടനാട് എന്നീ ശാഖകളുടെ സഹായത്തോടെ ഉണ്ടാക്കി മേഖലയിലെ എല്ലാ കുഞ്ഞുമിഷനറിമാർക്കും നൽകി.

ഒക്ടോബർ മാസത്തെ മേഖല എക്സിക്യൂട്ടീവ് ഒക്ടോബർ 9 ശനിയാഴ്ച അരുവിത്തുറയിൽ വെച്ച് നടത്തി. അരുവിത്തുറ മേഖലയിലെ എല്ലാ ശാഖകളിലും, ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷ ഉദ്ഘാടനം ഒക്ടോബർ 10 ഞായറാഴ്ച നടത്തി.

ഒക്ടോബർ മാസത്തെ വിശുദ്ധരെ പരിചയപ്പെടുത്തുന്ന വീഡിയോകൾ തിടനാട് ശാഖയുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകി. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മേഖലയുടെ ആഭിമുഖ്യത്തിൽ പ്രസംഗമത്സരം നടത്തി.

**3. കുറവിലങ്ങാട് മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖലാ പ്രസിഡന്റ് അമൽ സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖല രക്ഷാധികാരി ആർച്ച് പ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മേഖലാ ഡയറക്ടർ ഫാ തോമസ് കൊച്ചോടയ്ക്കൽ, വൈസ് ഡയറക്ടർ സിസ്റ്റർ അനു CMC, ഡിബിൻ വാഴപ്പറമ്പിൽ, റിജു കെ തോമസ് എന്നിവർ പ്രസംഗിച്ചു. വിവിധ ശാഖയിൽനിന്നുള്ള പ്രതിനിധികൾ ദീപശിഖ ഏറ്റു വാങ്ങി. മേഖല നടത്തിയ മത്സരങ്ങളുടെ സമ്മാനവിതരണവും നടത്തി.

**ഇതരപ്രവർത്തനങ്ങൾ**

സംഘടനയുടെ സ്വർഗ്ഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ജീവചരിത്രം അവതരിപ്പിക്കുന്ന വീഡിയോ മേഖലയിലെ എല്ലാ ശാഖകളിലേക്കും തയ്യാറാക്കി നൽകി.

**4. ഭരണങ്ങാനം മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ ജോയി ആറ്റുചാലിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഉദ്ഘാടനം ചെയ്തു. ശാഖകളിലെ പ്രസിഡന്റുമാർക്ക് ജൂബിലി

ദീപം നൽകി. മേഖല ഡയറക്ടർ ഫാ. ജോസഫ് പുരയിടത്തിൽമാട്ടേൽ, സെക്രട്ടറി മാനുവൽ റ്റോമി തുടങ്ങിയവർ നേതൃത്വം നൽകി.

**5. പ്രവിത്താനം മേഖല**

**ജൂബിലി ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ഒക്ടോബർ 10 ഞായറാഴ്ച പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ വെച്ച് നടത്തി. മേഖലാ രക്ഷാധികാരി റവ. ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു.

**ദീപശിഖാപ്രയാണം**

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പ്രവിത്താനം മേഖലയുടെ ആഭിമുഖ്യത്തിൽ ദീപശിഖാപ്രയാണം നടത്തപ്പെട്ടു. മേഖലാ രക്ഷാധികാരി റവ. ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ പ്രയാണം ഫ്ളാഗ് ഓഫ് ചെയ്തു. 11.30 ന് പ്രവിത്താനം ശാഖയിൽനിന്നും ആരംഭിച്ച ദീപശിഖാപ്രയാണം പിന്നീട് കവീക്കുന്ന്, ഇളംതോട്ടം, മുണ്ടാങ്കൽ, ഉള്ളനാട്, വേഴങ്ങാനം, നരിയങ്ങാനം, കയ്യൂർ ശാഖകളിൽ ഉജ്ജ്വലമായ സ്വീകരണം ഏറ്റുവാങ്ങി. മേഖലാഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ദീപശിഖാപ്രയാണത്തിൽ പങ്കാളികളായി. തുടർന്ന് ജൂബിലിദീപം കൈമാറലും പതാക കൈമാറ്റവും ജൂബിലി മധുരവിതരണവും എല്ലാ ശാഖകളിലും നടത്തപ്പെട്ടു.

**മാനേജിങ് കമ്മിറ്റിയും വെബിനാറും**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖല മാനേജിംഗ് കമ്മിറ്റി ഒക്ടോബർ 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തി. അതിനോടനുബന്ധിച്ച് 'വിശുദ്ധ കൊച്ചുത്രേസ്യായും മിഷൻലീഗും' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ നിക്സൺ കെ. അറയ്ക്കൽ വെബിനാർ നയിച്ചു.

**6. തീക്കോയി മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖലാ പ്രസിഡന്റ് സഞ്ജു ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖല ഡയറക്ടർ ഫാ. മാത്യു വളയംപള്ളിൽ ജൂബിലിവർഷം ഉദ്ഘാടനം ചെയ്തു. വിവിധ ശാഖയിൽനിന്നുള്ള പ്രതിനിധികൾ ദീപശിഖ ഏറ്റുവാങ്ങി. സെക്രട്ടറി ജെസ്ബിൻ ജെയ്സൺ, ജോ. സെക്രട്ടറി സ്നേഹ ജോബി, അലൻ റ്റോമി തുടങ്ങിയവർ നേതൃത്വം നൽകി.

**അനുസ്മരണം**

മേഖലാ എക്സിക്യൂട്ടീവും റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും 2021 ഒക്ടോബർ 1 വെള്ളിയാഴ്ച ഓൺലൈനായി നടന്നു. മേഖല പ്രസിഡന്റ് സഞ്ജു ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാ ജോ. സെക്രട്ടറി സ്നേഹ ജോബി അനുസ്മരണപ്രഭാഷണം നടത്തി. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**7. പൂഞ്ഞാർ മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച പൂഞ്ഞാർ ഫൊറോനാപ്പള്ളിയിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ ഫാ. തോമസ് കുമ്പുക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖല രക്ഷാധികാരി റവ. ഫാ. മാത്യു കടൂക്കുന്നേൽ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. വിവിധ ശാഖയിൽനിന്നുള്ള പ്രതിനിധികൾ ദീപശിഖ ഏറ്റുവാങ്ങി. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**യുവജന ധ്യാനം**

പൂഞ്ഞാർ മേഖല ചെറുപുഷ്പ മിഷൻലീഗ്, എസ്.എം.വൈ.എം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മേഖലയിലെ 10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി ഒക്ടോബർ 13,14 തീയതികളിൽ യുവജനധ്യാനം ഓൺലൈനായി നടത്തി.

**ഇതരപ്രവർത്തനങ്ങൾ**

മേഖലാ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ 03 ഞായറാഴ്ച ഓൺലൈനായി നടത്തി. മേഖലാ മാനേജിംഗ് കമ്മിറ്റി പ്രസിഡന്റ് റ്റിജോ വെള്ളേട ത്തിന്റെ അധ്യക്ഷതയിൽ ഒക്ടോബർ 10 ഞായറാഴ്ച നടത്തി.

**8. മൂലമറ്റം മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖല രക്ഷാധികാരി റവ. ഫാ. കുര്യൻ കാലായിൽ, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്, പ്രസിഡന്റ് അമൽ ജോർജ് എന്നിവർ ജൂബിലിദീപം തെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ ശാഖയിൽനിന്നുള്ള പ്രതിനിധികൾ ദീപശിഖ ഏറ്റുവാങ്ങി. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**ഇതരപ്രവർത്തനങ്ങൾ**

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് 9 ദിവസം പ്രത്യേകം പ്രാർത്ഥനകൾ നടത്തി. പ്രസ്തുത ദിവസങ്ങളിൽ വിശുദ്ധയുടെ ചിത്രങ്ങളും സൂക്തങ്ങളും മേഖലയിലെ കുഞ്ഞുമിഷനറിമാർക്ക് അയച്ചു കൊടുത്തു.

**9. തുടങ്ങനാട് മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 9 ശനിയാഴ്ച നടത്തി. മേഖല രക്ഷാധികാരി റവ. ഫാ. തോമസ് പുല്ലാട്ട് വിശുദ്ധ കുർബാന അർപ്പിക്കുകയും ജൂബിലി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ശാഖാ പ്രതിനിധികൾക്ക് ജൂബിലിദീപം കൈമാറി. മേഖലാ ഡയറക്ടർ ഫാ. ജോൺ കുറ്റാരപ്പള്ളിൽ, വൈസ് ഡയറക്ടർ സി. സെലിൻ ട്രീസാ,

പ്രസിഡന്റ് സിബി കെ.ജെ., സെക്രട്ടറി സിജു ജോസ്, ജനറൽ ഓർഗനൈസർ സിറിൽ എന്നിവർ നേതൃത്വം നൽകി.

**10. ചേർപ്പുങ്കൽ മേഖല**

**ജൂബിലി ഉദ്ഘാടനം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മേഖലാതല ഉദ്ഘാടനം ഒക്ടോബർ 8 വെള്ളിയാഴ്ച നടത്തി. മേഖല പ്രസിഡന്റ് അഖിൽ ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖല രക്ഷാധികാരി റവ. ഫാ. ജോസഫ് പാനാമ്പുഴ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. ശാഖകളിലെ പ്രസിഡന്റുമാർക്ക് ജൂബിലി ദീപം കൈമാറി. മേഖല ഡയറക്ടർ ഫാ. മാത്യു കുരിശുംമൂട്ടിൽ, വൈസ് ഡയറക്ടർ സി. ട്രീസ മരിയ സി.എം.സി., സെക്രട്ടറി റ്റോബിൻ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

**മിഷൻ വെബിനാർ**

മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17 ഞായറാഴ്ച മിഷൻ വെബിനാർ നടത്തി. അദിലാബാദ് മിഷനിൽ സേവനം ചെയ്യുന്ന ഫാ. മാത്യു പുതിയിടം ക്ലാസ് നയിച്ചു. മേഖലയിലെ എല്ലാ ശാഖകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

**11. രാമപുരം മേഖല**

**ജൂബിലി ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻ ലീഗ് രാമപുരം മേഖല പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ഒക്ടോബർ 16 ശനിയാഴ്ച നടത്തി. മേഖല രക്ഷാധികാരി റവ.ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചെറുപുഷ്പ മിഷൻലീഗ് ദേശീയ രക്ഷാധികാരി മാർ ജേക്കബ് മുരിക്കൻ ജൂബിലിദീപം തെളിയിച്ചു. ജൂബിലിദീപം രാമപുരം ഫൊറോനയിലെ 11 ശാഖയിലെ ഭാരവാഹികൾക്കു കൈമാറി. മേഖല പ്രസിഡന്റ് ശ്രീ. അപ്പച്ചൻ കിഴക്കേകുന്നേൽ, മേഖല ഡയറക്ടർ ഫാ. ജോർജ്ജ് ഈറ്റയ്ക്കക്കുന്നേൽ, ശാഖ പ്രസിഡന്റ് ശ്രീ സൈജു കോലത്ത് എന്നിവർ നേതൃത്വം നൽകി.കുഞ്ഞു മിഷനറി മേഖല ക്വിസ് മത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 7-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടറച്ചൻ എല്ലാവരെയും മീറ്റീംഗിലേക്ക് സ്വാഗതം ചെയ്തു. സ്കൂളുകൾ തുറക്കുന്നതിനോടനുബന്ധിച്ച് രൂപതാതല ആനിമേറ്റേഴ്സ് മീറ്റ് നടത്തുന്നതിനെക്കുറിച്ചും പുതിയ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പിനെക്കുറിച്ചും ചർച്ചചെയ്തു. ഡയറക്ടറച്ചന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു.

**യാത്രയയപ്പ് നൽകി**

കഴിഞ്ഞ ആറുമാസക്കാലം കെ. സി. എസ്. എൽ റീജന്റ് ബ്രദർ ആയി സേവനം ചെയ്ത ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ടിലിന് ഒക്ടോബർ 7 ന് ചേർന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ യാത്രയയപ്പ് നൽകി. ബ്രദർ ചെയ്ത സേവനങ്ങൾക്ക് ഡയറക്ടറച്ചനും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും നന്ദി അറിയിക്കുകയും പ്രാർത്ഥനകൾ ആശംസിക്കുകയും ചെയ്തു.

**സ്വാഗതം**

ഒക്ടോബർ 9 ന് കെ.സി.എസ്.എൽ ഓഫീസിൽ റീജന്റായി ചാർജ്ജെടുത്ത  ബ്രദർ സെബിൻ പ്ലാത്തോട്ടത്തിലിനെ ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും സ്നേഹപൂർവ്വം സ്വാഗതം ചെയ്തു.

**എലെയോസ് 2021 – ഗ്ലോബൽ മലയാളം ബൈബിൾ ക്വിസ് വിജയികളെ പ്രഖ്യാപിച്ചു**

കെ.സി.എസ്.എൽ പാലായും പൂവരണി സി.എം.എൽ സംഘടനയും സംയുക്തമായി ചേർന്ന് സൺഡേസ്കൂൾ കുട്ടികൾക്കായി ഗ്ലോബൽ മലയാളം ഓൺലൈൻ ബൈബിൾക്വിസ് എലെയോസ് 2021, ഒക്ടോബർ 09 ശനിയാഴ്ച രാത്രി 8 മണിക്ക് നടത്തപ്പെട്ടു. 2021–22 ലേക്കുള്ള ലോഗോസ് ക്വിസ് പഠനഭാഗങ്ങൾ ആയിരുന്നു ക്വിസ് മത്സരത്തിന്റെ പഠനവിഷയം. മത്സരത്തോടനുബന്ധിച്ചു സെപ്റ്റംബർ 5 മുതൽ ഒക്ടോബർ 6 വരെ 32 എപ്പിസോഡുകളായി ഒരു പഠനപരമ്പരയും സംഘടിപ്പിച്ചിരുന്നു. ഗൂഗിൾഫോം വഴി നടത്തിയ മത്സരത്തിൽ, മൂന്നു കാറ്റഗറികളിലായി 457 പേർ പങ്കെടുത്തു. വിജയികളെ പൂവരണി പള്ളിയുടെയും കെ.സി.എസ്.എൽ പാലായുടെ ഔദ്യോഗിക യൂടൂബ് ചാനലുകളിൽ ഒക്ടോബർ 16–ാം തീയതി 8 മണിക്ക് ലൈവ് ആയി കെ.സി.എസ്.എൽ രൂപതാ ഡയറക്ടറും പൂവരണി പള്ളിയുടെ അസി. വികാരിയുമായ റവ. ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് പ്രഖ്യാപിച്ചു.

ഒന്നാം സമമാനമായ 2001 രൂപയും പ്രശസ്തിപത്രവും ആഗ്നേറ്റ് മരിയ സോയ് (രാമപുരം) നേടുകയുണ്ടായി. റോസീൻ മരിറ്റ റെജി (ളാലം ഓൾഡ്), എമി റോസ് തങ്കച്ചൻ (കുറവിലങ്ങാട്) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**ആനിമേറ്റേഴ്സ് മീറ്റ്**

ഒക്ടോബർ 19 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതല ആനിമേറ്റേഴ്സ് മീറ്റും എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. രാവിലെ 10 ന് ആരംഭിച്ച മീറ്റിംഗ് കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി വെരി. റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് സ്വാഗതം ആശംസിച്ചു. പാലാ സെന്റ് തോമസ് കോളേജിലെ റിട്ടയേർഡ് അസോസിയേറ്റ് പ്രൊഫസറും കെ.സി.എസ്.എൽ മുൻ സ്റ്റേറ്റ് ഓർഗനൈസറുമായ ശ്രീ സാബു ഡി മാത്യൂ സർ ആനിമേറ്റേഴ്സിന് ക്ലാസ്സ് എടുക്കുകയും ചെയ്തു. 3 വർഷക്കാലാവധിയുള്ള 20 അംഗ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. എച്ച്.എസ്.എസ്. എച്ച്.എസ്, യുപി വിഭാഗങ്ങൾ തിരിച്ച് നടത്തിയ മീറ്റിംഗിൽ 100 ഓളം ടീച്ചേഴ്സ് പങ്കെടുത്തു.

**ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**ഗാന്ധി ജയന്തിദിനാഘോഷം, ലഹരിവിരുദ്ധദിനാചാരണം**

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 ന് പാലായിലെ ഗാന്ധിപ്രതിമയുടെ മുന്നിൽ തിരിതെളിക്കൽ, പുഷ്പാർച്ചന എന്നിവ നടത്തി. പാലാ എം.എൽ.എ. ശ്രീ മാണി സി. കാപ്പൻ യോഗം ഉദ്ഘാടനം ചെയ്തു.

ഗാന്ധിജയന്തിദിനാഘോഷത്തോടനുബന്ധിച്ച് ADAART പാലയുമായി ചേർന്ന് ലഹരി വിരുദ്ധബോധവൽക്കരണ ക്യാമ്പയിനും നടത്തി. പാലാ എം.എൽ.എ. ശ്രീ മാണി സി. കാപ്പൻ ഉദ്ഘാടനം ചെയ്തു. ഭീകരവാദത്തിനെതിരേയും ലഹരി ഉപയോഗത്തിനെതിരേയും ഗാന്ധിയൻ മാർഗത്തിൽ യുവാക്കൾ പോരാടണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

**പാലാദൂത്**

പാലാ രൂപതയുടെ മുഖപത്രമായ പാലാദൂതിന്റെ പ്രവർത്തനങ്ങളിലും വിതരണത്തിലും എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ഒക്ടോബർ 6,7,8,9 തീയതികളിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികളോടൊപ്പം പങ്കുചേർന്നു.

**കെ.സി.വൈ.എം. രൂപത ഡയറക്ടർമാരുടെയും പ്രസിഡന്റുമാരുടെയും യോഗം**

ഒക്ടോബർ 6 ബുധനാഴ്ച കേരളത്തിലെ 32 രൂപതകളിലെയും യൂത്ത് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡന്റ്സ് എന്നിവരുടെ സംയുക്തയോഗം ഓൺലൈനായി നടത്തപ്പെട്ടു.

**അനുശോചനം**

നിര്യാതയായ മുൻ കെ.സി.വൈ.എം. പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. ക്രിസ്റ്റഫർ സി.എം.സി. യ്ക്കുവേണ്ടി രൂപത ഡയറക്ടറും ഭാരവാഹികളും രാമപുരം മഠത്തിലെത്തി ഒക്ടോബർ 7 വ്യാഴാഴ്ച പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, മുൻ രൂപത ഡയറക്ടർ റവ.ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, മുൻ രൂപത പ്രസിഡന്റ് ശ്രീ സാജു അലക്സ് എന്നിവരോടൊപ്പം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**യാത്രയയപ്പ്, സ്വീകരണം**

പാലാ രൂപതയിലെ എസ്.എം.വൈ.എം. പ്രവർത്തനങ്ങളിൽ 6 മാസക്കാലം ബ്രദർ റീജന്റായി സേവനം ചെയ്ത ബ്ര. സേവ്യർ മുക്കുടിക്കാട്ടിലിന് ഒക്ടോബർ 9 ന് യാത്രയയപ്പു നൽകുകയും എസ്.എം.വൈ.എം കുടുംബത്തിലേക്കു പുതുതായി കടന്നു വന്ന ബ്ര. റീജന്റ് ജെയിംസ് ആലിൻചുവട്ടിലിനു സ്വീകരണം നൽകുകയും ചെയ്തു.

**കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

കെസിവൈഎം സംസ്ഥാന സമിതിയുടെ അർദ്ധവാർഷികസമ്മേളനം ഒക്ടോബർ പത്താം തീയതി ഞായറാഴ്ച കൊല്ലം രൂപതയുടെ ബിഷപ് ജെറോം

ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടത്തപ്പെട്ടു. എസ്.എം.വൈ.എം പാലാ രൂപത ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സിനഡിക്കേറ്റ് മെമ്പേഴ്സ് എന്നിവർ പങ്കെടുത്തു. അർദ്ധവാർഷികസമ്മേളനത്തിൽ വിശിഷ്ടാതിഥികളായി പങ്കെടുത്ത ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനെയും മാർ പോൾ ആന്റണി മുല്ലശ്ശേരി പിതാവിനെയും ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ സന്ദർശിച്ച് പാലാ രൂപത എസ്.എം.വൈ.എം ഡയറക്ടറി കൈമാറി.

മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ, പരിസ്ഥിതിസംരക്ഷണം മുതലായവയും കെ.സി.വൈ.എം. ഏറ്റെടുക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മയക്കുമരുന്നു മാഫിയകൾ സംഘടിതമായി യുവജനങ്ങളെ ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നുണ്ടെന്നും ഇത് സമാധാനാന്തരീക്ഷം തകർക്കുമെന്നും ക്രൈസ്തവവിശ്വാസത്തെയും പാരമ്പര്യങ്ങളെയും സംസ്കാരത്തെയും ബോധപൂർവം ഇകഴ്ത്തിക്കാണിക്കാൻ ചില സംഘങ്ങൾ ശ്രമിക്കുന്നുണ്ടെന്നും ഈ പ്രതിസന്ധികളെ ചെറുക്കാൻ കെ.സി.വൈ.എം. പ്രവർത്തകർ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണമെന്നും ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആവശ്യപ്പെട്ടു.

പി.സി. വിഷ്ണുനാഥ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് എഡ്വർഡ് രാജു അധ്യക്ഷത വഹിച്ചു. ആറു മാസത്തെ സംസ്ഥാനസമിതിയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ഷിജോ ഇടയാടിയിൽ അവതരിപ്പിച്ചു.

ന്യൂനപക്ഷസമൂഹം എന്ന നിലയിൽ ക്രൈസ്തവർക്കു ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നു യോഗം വിലയിരുത്തി. തീരദേശ മേഖലകളിലും മലയോരമേഖലകളിലും ക്രൈസ്തവസമൂഹം നേരിടുന്ന പ്രതിസന്ധികൾ യോഗം ചർച്ച ചെയ്തു. സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽകുന്നവർക്കുള്ള സംവരണം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

സമാപനസമ്മേശനം എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്തു. കൊല്ലം രൂപതാധ്യക്ഷൻ ബിഷപ് ഡോ. പോൾ മുല്ലശേരി അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാനയുവജനകമ്മീഷൻ അധ്യക്ഷ ചിന്താ ജെറോം മുഖ്യപ്രഭാഷണം നടത്തി.

**എസ്.എം.വൈ.എം. കേരള സംസ്ഥാന റീജിയൻ മീറ്റിംഗ്**

ഒക്ടോബർ 12 ചൊവ്വാഴ്ച കേരളത്തിലെ സീറോ മലബാർ രൂപതകളിലെ 13 രൂപതാ ഡയറക്ടർമാരുടെ മീറ്റിംഗ് സീറോ മലബാർ യുവജനകമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, സെക്രട്ടറി ഫാ. ജേക്കബ് ചക്കാത്ര എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ലോകയുവജനസമ്മേളനത്തെപ്പറ്റി ചർച്ചകൾ നടത്തി.

**കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതസംസ്കാരശുശ്രൂഷകൾ മുഖ്യമായും എസ്.എം.വൈ.എം പാലാ രൂപതയിലെ യുവാക്കൾ പാലാ രൂപത ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിന്റെ പേരിൽ നടത്തുന്നു. ജാതിമത ഭേദമെന്യേ നടത്തിയ കോവിഡ് മൃതസംസ്കാരങ്ങളുടെ എണ്ണം ഇതുവരെ 253 ആണ്.

**വാക്സിനേഷൻ വോളന്റിയേഴ്സ്**

മാർ സ്ലീവാ മെഡിസിറ്റിലെ വാക്സിനേഷൻ ക്യാമ്പിലേക്ക് വാക്സിനേഷൻ വോളന്റിയറായി വിവിധ യൂണിറ്റുകളിൽനിന്നും യുവതീയുവാക്കൾ സേവനം ചെയ്തുവരുന്നു. എഴുപതോളം ദിവസങ്ങളിൽ തുടർച്ചയായി നിസ്വാർത്ഥമായി പങ്കെടുത്ത യുവജനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

**ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതിനനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു.

**രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ വിശ്വാസപ്രഖ്യാപനറാലി**

ഒക്ടോബർ 15 വെള്ളിയാഴ്ച ഉച്ചയ്ക്ക് 11 മണിക്ക് എസ്.എം.വൈ.എം. മുണ്ടാങ്കൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രാമപുരത്ത് വിശ്വാസപ്രഖ്യാപനറാലിയും പരിശുദ്ധ കുർബാനയും നടത്തപ്പെട്ടു. രൂപത ഡയറക്ടർ, വികാരി ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ എന്നിവർ നേതൃത്വം നൽകി.

**രാമപുരം എസ്.എച്ച്. കെയർ ഹോമിൽ സഹായവിതരണം**

രാമപുരം ഫൊറോന സമിതിയംഗങ്ങൾ ഫൊറോന ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ നേതൃത്വത്തിൽ തിരുഹൃദയസിസ്റ്റേഴ്സിന്റെ രാമപുരത്തുള്ള കെയർ ഹോമിൽ സഹായവിതരണം നടത്തി. രൂപത ഡയറക്ടർ പങ്കെടുത്തു.

**കെ.സി.വൈ.എം. സംസ്ഥാനതലത്തിൽ രൂപതകളുടെ റിപ്പോർട്ട് അവതരണം**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ അർദ്ധവാർഷിക റിപ്പോർട്ട് അവതരണം ഒക്ടോബർ പതിനേഴാം തീയതി ഞായറാഴ്ച ഓൺലൈനായി നടത്തപ്പെട്ടു. ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലെ പ്രവർത്തനറിപ്പോർട്ടാണ്. 4 മിനിറ്റിൽ പവർ പോയിന്റായി അവതരിപ്പിച്ചത്. കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിൽനിന്നുള്ള യുവജനപ്രസ്ഥാനങ്ങളുടെ റിപ്പോർട്ട് അവതരണവും നടത്തപ്പെട്ടു.

**2023 ൽ നടക്കുന്ന മെത്രാന്മാരുടെ അസാധാരണ സിനഡിന് ഒരുക്കമായി രൂപതാതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം**

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം നടക്കുന്ന 16-ാമത്തേതും ഫ്രാൻസീസ് മാർപാപ്പാ വിളിച്ചുചേർക്കുന്ന നാലാമത്തേതുമായ ആഗോള സിനഡു സമ്മേളനത്തിന് ഒരുക്കമായി 'സിനഡൽ സഭയ്ക്കായി : കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതശുശ്രൂഷ എന്ന വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതി

നായി രൂപതാതലത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെയും 2021 ഒക്ടോബർ മുതൽ 2022 ഏപ്രിൽ വരെ കത്തോലിക്കാസഭയിലെ 3000 രൂപതകളിൽ നടത്തപ്പെടുന്ന ആദ്യഘട്ട രൂപതാതല സിനഡിന്റെയും ഉദ്ഘാടനം ഒക്ടോബർ 19 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ ബിഷപ്സ് ഹൗസിൽ നിർവഹിച്ചു. എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടറും പങ്കെടുത്തു.

**എസ്.എം.വൈ.എം. പേട്രൻസ് ഡേ**

എസ്.എം.വൈ.എം ഗ്ലോബൽ യൂത്ത്ഡേ സെലിബ്രേഷൻ ഒക്ടോബർ 22 ന് ഓൺലൈനായി നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ പിതാവും പരമാധ്യക്ഷനുമായ മേജർ ആർച്ചു ബിഷപ് മാർ ജോർജ് ആലഞ്ചേരി വലിയമെത്രാപ്പോലീത്ത മുഖ്യാതിഥി ആയിരുന്നു. വിവിധ യൂണിറ്റുകളിൽ പതാക ഉയർത്തലും മാർ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ചിത്രത്തിനുമുമ്പിൽ പുഷ്പാർച്ചനയും നടത്തപ്പെട്ടു. രൂപതാസമിതി കൂട്ടിക്കലിൽ ദുരിതം അനുഭവിക്കുന്നവരോടൊപ്പമാണ് യൂത്ത് ഡേ ആചരിച്ചത്.

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ കോട്ടയം ജില്ലാ സിറ്റിങ്ങിൽ പങ്കെടുത്തു.**

ഒക്ടോബർ 27 വ്യാഴാഴ്ച കോട്ടയം ഗവ. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വച്ച് നടത്തപ്പെട്ട റിട്ട. ജസ്റ്റിസ് ജെ.ബി. കോശി അധ്യക്ഷനും ക്രിസ്റ്റി ഫെർണാണ്ടസ്, ജേക്കബ് പുന്നൂസ് എന്നിവർ അംഗങ്ങളും സി.വി. ഫ്രാൻസീസ് സെക്രട്ടറിയുമായുള്ള ക്രിസ്ത്യൻ ന്യൂനക്ഷങ്ങളുടെ അവസ്ഥകൾ പഠിക്കാൻ സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച കമ്മീഷനുമുമ്പാകെ പാലാ രൂപത എസ്.എം.വൈ.എം. നെയും പാലാ രൂപത പബ്ലിക് അഫയേഴ്സ് കമ്മിറ്റിയെയും പ്രതിനിധീകരിച്ച് രൂപത ഡയറക്ടർ, രൂപത പ്രസിഡന്റ് എന്നിവർ പതിമൂന്ന് അംഗങ്ങൾ അടങ്ങുന്ന ടീമായി ഹാജരായി. വിവിധ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും തെളിവുസഹിതം കമ്മീഷനു മുമ്പാകെ അവതരിപ്പിച്ചു.

**പ്രവാസി അപ്പോസ്തലേറ്റ് മീറ്റിംഗിൽ യുവാക്കളും**

ഒക്ടോബർ 29 വെള്ളിയാഴ്ച അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ പാലാ ഡയോസിസൻ മൈഗ്രൻഡ്സ് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിലിന്റെ നേതൃത്വത്തിൽ നടന്ന പ്രവാസി മീറ്റിംഗിൽ രൂപത ഡയറക്ടറും വിദേശത്തുള്ള യുവാക്കളും പങ്കെടുത്തു.

**വൈ.എ.റ്റി.പി**

യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ വിവിധ സെഷനുകൾ കോവിഡ് മാനദണ്ഡങ്ങൾക്കുവിധേയമായി നടന്നുവരുന്നു. കൂട്ടിക്കൽ പ്രളയമുഖത്തും മാർ സ്ലീവാ മെഡിസിറ്റി പാലായുടെ കോവിഡ് വാക്സിനേഷൻ ക്യാമ്പിലും വൈ.എ.റ്റി.പി. അംഗങ്ങൾ സജീവമാണ്.

**പി.എസ്.സി. കോച്ചിംഗ്**

സംസ്ഥാന ഗവൺമെന്റ് ജോലികൾക്കായി യുവാക്കൾക്ക് ഓൺലൈനിൽ രണ്ടു ബാച്ചുകളുടെ പരിശീലനം നടന്നുവരുന്നു. കേന്ദ്രഗവൺമെന്റ് ജോലികൾക്കായും പദ്ധതികൾ ആദ്യഘട്ട പ്ലാനിംഗിലാണ്.

**കൂട്ടിക്കലിന് ഒരു കൈത്താങ്ങ്**

ഒക്ടോബർ 16 ശനിയാഴ്ച കൂട്ടിക്കൽ പ്രദേശത്തുനടന്ന മുപ്പതിലധികം ഉരുൾപൊട്ടലുകൾമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അടിയന്തരസഹായം എത്തിക്കുന്നതിനായി യുവജനങ്ങൾ മുന്നിട്ടിറങ്ങി. ഒക്ടോബർ 17-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവും ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും എസ്.എം.വൈ.എമ്മും പി.എസ്.ഡബ്ല്യു.എസും സംയുക്തമായി ശേഖരിച്ച ഭക്ഷ്യവസ്തുക്കൾ, കുടിവെള്ളം, മാസ്കുകൾ തുടങ്ങിയവ അടിയന്തരമായി സംഭവസ്ഥലങ്ങളിൽ എത്തിച്ചു വിതരണം ചെയ്യുകയും ചെയ്തു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, എസ്.എം.വൈ.എം. രൂപത പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പിതാവിനെ അനുഗമിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ യൂണിറ്റുകളിൽനിന്ന് യുവജനങ്ങൾ ക്ലീനിങ് പ്രവർത്തനങ്ങളിലേർപ്പെടുകയും മറ്റു സഹായങ്ങൾ എത്തിക്കുകയും ചെയ്തു. പത്തൊമ്പതാം തീയതി ചൊവ്വാഴ്ച വൈകുന്നേരം വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ അധ്യക്ഷതയിൽ കൂട്ടിക്കൽ ഫൊറോനയിൽ വെച്ച് നടന്ന വൈദികരുടെ യോഗത്തിൽ യുവജനങ്ങളെ കേൾക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. യോഗത്തിൽ ഫാ. സിറിൽ തയ്യിൽ, അഡ്വ. സാം സണ്ണി ഓടയ്ക്കൽ, ശ്രീ ബിബിൻ ചാമക്കാലായിൽ, ശ്രീ തോമസ് പി.പി. എന്നിവരും ജീസസ് യൂത്ത് 'നല്ല അയൽക്കാരൻ' ടീം അംഗങ്ങളും സംസാരിച്ചു. ഇരുപതാം തീയതി ബുധനാഴ്ച അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കൂട്ടിക്കൽ പ്രദേശം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ഇരുപത്തിരണ്ടാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ അടിയന്തര അവലോകനയോഗം കൂടി തുടർനടപടികൾ ചർച്ച ചെയ്തു. കൂട്ടിക്കൽ ഫൊറോനായിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വികാരി ജനറാൾ അച്ചന്മാരും രൂപതാകേന്ദ്രത്തിലെ വൈദികരും കൂട്ടിക്കൽ ഫൊറോനായിലെ ബഹുമാനപ്പെട്ട വൈദികരും ശാലോം പാസ്റ്ററൽ സെന്ററിലെ വൈദികരും ഇടവകകളിലെ കൈക്കാരന്മാരും പങ്കെടുത്തു. എസ്.എം.വൈ.എമ്മിനുവേണ്ടി രൂപതാ ഡയറക്ടർ യോഗത്തിൽ സംസാരിച്ചു. പ്രത്യേകം തിരഞ്ഞെടുത്ത കൂട്ടിക്കൽ റിലീഫ് & റീബിൽഡ് മിഷൻ ടീമിൽ രൂപത ഡയറക്ടറെയും ഉൾപ്പെടുത്തി. മിഷൻ ടീമിന്റെ അടിയന്തരയോഗം 23 ശനി വൈകുന്നേരം കൂട്ടിക്കൽ ഫൊറോന കേന്ദ്രത്തിൽ നടത്തപ്പെട്ടു. 24-ാം ഞായറാഴ്ച രാവിലെ 8.30 ന് കൂട്ടിക്കൽ ഫൊറോന ഇടവകയിലെയും 9.30 ന് ഏന്തയാർ ഇടവകയിലെയും 11 ന് കാവാലി ഇടവകയിലെയും യോഗക്കാരുടെയും യുവജനനേതാക്കളുടെയും യോഗങ്ങൾ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 24-ാം തീയതി ഞായറാഴ്ച വൈകുന്നേരംതന്നെ വാർഡ് പ്രതിനിധി അടിയന്തരമായി കളക്ട് ചെയ്ത ആവശ്യമായ സഹായങ്ങളുടെ ലിസ്റ്റ് ഇടവകകളിൽ ഏല്പിച്ചു. 25-ാം തീയതി വിവിധ

സ്ഥലങ്ങളിൽനിന്നും കൂട്ടിക്കലിൽ എത്തിച്ചേർന്ന സഹായങ്ങളുടെ കണക്കെടുക്കുകയും തുടർന്ന് ആവശ്യമായ സഹായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. 26-ാം തീയതി സി.എസ്.എസ്.ആർ. വൈദികരെയും 28-ാം തീയതി എസ്.എച്ച്. സിസ്റ്റേഴ്സിനെയും സംഭവസ്ഥലങ്ങളുടെ ദൃശ്യാവിഷ്കാരം തയ്യാറാക്കുന്നതിനായി ദുരന്തമുഖങ്ങളിൽ രൂപത ഡയറക്ടർ എത്തിച്ചു. 25-ാം തീയതി തിങ്കളാഴ്ചയും 26-ാം തീയതി ചൊവ്വാഴ്ചയും 27-ാം തീയതി ബുധനാഴ്ചയും പകലും രാത്രിയുമായി വാർഡ് അടിസ്ഥാനത്തിൽ കുടുംബങ്ങൾക്കുള്ള സഹായങ്ങൾ ഫാമിലി കിറ്റുകളാക്കി യുവാക്കളുടെ നേതൃത്വത്തിൽ തയ്യാറാക്കി. 27-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാവ് പതിനായിരത്തിലധികം വിലമതിക്കുന്ന ഫാമിലി ക്കിറ്റുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള സഹായ വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. 28-ാം തീയതി വ്യാഴാഴ്ച പതിനായിരം രൂപയുടെ കവർ എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അഭിവന്ദ്യ പിതാവ് നൽകി. തുടർന്ന് കൂട്ടിക്കൽ മിഷൻ ടീമിന്റെ പ്രവർത്തനങ്ങൾ അഭിവന്ദ്യ പിതാവ് വിലയിരുത്തി. ആദ്യഘട്ട അടിയന്തരസഹായങ്ങൾക്കുശേഷമുള്ള രണ്ടാംഘട്ട പുനർനിർമ്മാണപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ കൂട്ടിക്കൽ, ഏന്തയാർ ഇടവകകളിലെ വൈദികരെ വാർഡ് അടിസ്ഥാനത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവർ, വീട് നഷ്ടപ്പെട്ടവർ, വീടിന്റെ മെയിന്റനൻസ് ആവശ്യമുള്ളവർ, മുറ്റം, സംരക്ഷണഭിത്തി എന്നിവയ്ക്കുള്ള കേടുപാടുകൾ, കൃഷിനാശം എന്നിവ വിലയിരുത്താൻ ചുമതലപ്പെടുത്തി.

17-ാം തീയതി ഞായറാഴ്ചമുതൽ തുടർച്ചയായി 12 ദിവസങ്ങളിൽ യുവാക്കൾ കൂട്ടിക്കൽ ഫൊറോന, ഏന്തയാർ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും നിർദ്ദേശാനുസരണം ശുചീകരണപ്രവർത്തനങ്ങൾക്ക് കൂട്ടിക്കൽ, ഏന്തയാർ ഇടവകകളിലും പരിസരപ്രദേശങ്ങളിലും നേതൃത്വം നൽകി. കൂട്ടിക്കൽ ടൗൺ, ഏന്തയാർ, കാവാലി, വേലനിലം, കൊക്കയാർ, ഇളങ്കാട്, മുക്കളം, വടക്കേമല, തെക്കേമല, പ്ലാപ്പള്ളി, അഞ്ചലിപ്പ എന്നീ സ്ഥലങ്ങളിലാണ് ക്ലീനിംഗ് പ്രവർത്തനങ്ങൾ നടന്നത്. ഇരുപത്തിരണ്ടാം തീയതി വെള്ളിയാഴ്ച തൃശ്ശൂർ അതിരൂപതയിലെ 25 ഓളം യുവജനങ്ങൾ അതിരൂപതാ ഡയറക്ടർ ഫാ. ലിൻസൺ തട്ടിലിന്റെ നേതൃത്വത്തിൽ കൂട്ടിക്കൽ പ്രദേശത്ത് ക്ലീനിങ് നടത്തി. ഇത് കൂടാതെ ചങ്ങനാശേരി അതിരൂപതയിലെയും കോതമംഗലം, വിജയപുരം, കാഞ്ഞിരപ്പിള്ളി, മാനന്തവാടി, കൊച്ചി, കോട്ടയം രൂപതകളിലെയും കെ.സി.വൈ.എം. സംസ്ഥാനസമിതിയിലെയും യുവജനങ്ങൾ സഹായഹസ്തവുമായി കൂട്ടിക്കലിൽ എത്തിച്ചേർന്നു. പാലാ രൂപതയിലെ ഉള്ളനാട്, ളാലം ഓൾഡ്, ളാലം ന്യൂ, മണ്ണയ്ക്കനാട്, മോനിപ്പള്ളി, കാട്ടാമ്പാക്ക്, കുന്നോന്നി, വേദഗിരി, പാലാ കത്തീഡ്രൽ, മേലുകാവുമറ്റം, തിടനാട്, ജിയോവാലി, രത്നഗിരി, കാട്ടാമ്പാക്ക്, തുടങ്ങനാട്, ചേർപ്പുങ്കൽ, ചെമ്മലമറ്റം, പ്രവിത്താനം, കുറവിലങ്ങാട്, രാമപുരം, കുടക്കച്ചിറ, കൊഴുവനാൽ, പാലാക്കാട്, മാൻവെട്ടം, പൂവരണി, വലവൂർ, അമ്പാറനിരപ്പേൽ, ഇലഞ്ഞി, പെരിങ്ങുളം, അടിവാരം, മാവടി, ആയാംകുടി - മലപ്പുറം, പൂഞ്ഞാർ, പ്ലാശനാൽ, അരുവിത്തുറ, വാരിയാനി

ക്കാട് എന്നീ യൂണിറ്റുകളിൽനിന്നു യുവജനങ്ങൾ ക്ലീനിങ്ങിനും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും സഹായവിതരണത്തിനുമായി പങ്കുചേർന്നു.

**ജപമാല പ്രാർത്ഥന**

മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന കൂട്ടിക്കലിലെ ജനങ്ങൾക്ക് പ്രാർത്ഥനവഴി ശക്തിനൽകുന്നതിനായി എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവതീയുവാക്കൾ ഒക്ടോബർ പത്തൊൻപതാം തീയതി ചൊവ്വാഴ്ച വൈകുന്നേരം ആറു മണിക്ക് രാമപുരം ഫൊറോനയുടെയും യൂണിറ്റിന്റെയും നേതൃത്വത്തിൽ ഓൺലൈനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ കുർബാനയുടെ ആശീർവാദം രാമപുരം ഫൊറോന ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി നൽകി. എല്ലാ യൂണിറ്റുകളിലെയും യുവജനങ്ങൾ പ്രാർത്ഥനയിൽ ഒന്നുചേർന്നു.

**അയൽ രൂപതയിൽ അഞ്ചലിപ്പക്ക് സഹായഹസ്തവുമായി എസ്.എം.വൈ.എം.**

ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിക്കുന്ന കാഞ്ഞിരപ്പള്ളി അഞ്ചലിപ്പപ്രദേശത്തേക്ക് കൈത്താങ്ങുമായി ഒക്ടോബർ പതിനെട്ടാം തീയതി പാലാ രൂപതയിലെ എസ്.എം.വൈ.എം പ്രവർത്തകർ. പ്രവർത്തനങ്ങൾക്ക് ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, ഫാ. നിവിൻ കൊച്ചുവീട്ടിൽ, ഫാ. പ്രിൻസ് മാഞ്ഞൂരാൻ പാലാ എസ്.എം.വൈ.എം. രൂപതാസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## നവംബർ മാസത്തിൽ നടക്കാനിരിക്കുന്നവ

**ഇലക്ഷനും യൂണിറ്റ് രജിസ്ട്രേഷനും - നവംബർ മാസത്തിൽ**

ഓരോ വർഷവും ഇലക്ഷനും യൂണിറ്റ് രജിസ്ട്രേഷനും അംഗത്വനവീകരണവും അംഗത്വസ്വീകരണവും നടത്തുന്ന പതിവാണ് നമുക്കുള്ളത്. പതിവുപോലെ ഈ വർഷവും നവംബർ മാസത്തിൽത്തന്നെ ഇടവകകളിലെ എ, ബി യൂണിറ്റുകളുടെ ഭാരവാഹി ഇലക്ഷൻ നടത്തി ലിസ്റ്റ് ഔദ്യോഗിക ഫോമിൽ എഴുതി യൂണിറ്റ് ഡയറക്ടറുടെയും പ്രസിഡന്റിന്റെയും ഒപ്പോടും സീലോടുംകൂടി രൂപതാ ഓഫീസിൽ ഏല്പിക്കുക. ഇലക്ഷൻ നടത്തുമ്പോൾ ആദ്യം ഫൊറോനാ കൗൺസിലറെയാണ് യൂണിറ്റിൽ തിരഞ്ഞെടുക്കേണ്ടത്. ഈ ഫൊറോന കൗൺസിലറാണ് ഫൊറോനാ സമിതിയിലേക്കും തുടർന്ന് രൂപതാസമിതിയിലേക്കും തിരഞ്ഞെടുക്കപ്പെടാൻ സാധ്യതയുള്ള വ്യക്തി. ആയതിനാൽ തുടർച്ചയായി രണ്ട് വർഷത്തിൽ കൂടുതൽ ഒരേ ഭാരവാഹിത്വം തുടരാൻ പാടില്ല എന്ന പൊതുവ്യവസ്ഥ കർക്കശമായി പാലിക്കേണ്ടതാണ്. മറ്റു ഭാരവാഹികളുടെ കാര്യത്തിൽ യൂണിറ്റ്, ഫൊറോന ഡയറക്ടർമാർക്ക് വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്. ഇലക്ഷൻ സംബന്ധിച്ച സർക്കുലർ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള സ്വദേശത്തും വിദേശത്തുമുള്ള പഠിക്കുന്നവരും ജോലിയുള്ളവരുമായ വിവാഹിതരും അവിവാഹിതരുമായ എല്ലാ യുവതീയുവാക്കന്മാരെയും സംഘടനയിൽ അംഗങ്ങളാകുവാൻ ഉത്തരവാദിത്വപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. യുവാക്കൾക്ക് വിശ്വാസപരിശീലന തുടർച്ച

സാധ്യമാകാൻ സംഘടനാപ്രവർത്തനം അത്യന്താപേക്ഷിതമാണ്. സൺഡേ സ്കൂൾ വേദപാഠം കഴിഞ്ഞതിനുശേഷം യുവതീയുവാക്കന്മാർക്ക് ഇടവകപള്ളിയുമായും ഫൊറോനയുമായും രൂപതയുമായും സഭയുമായുമുള്ള ബന്ധം കാത്തുസൂക്ഷിക്കുന്നതിനും ക്രിസ്ത്യാനികളെന്നനിലയിൽ ഒന്നിച്ചും സംഘടിച്ചും നില്ക്കുന്നതിനും എല്ലാ ഇടവകകളിലും എസ്.എം.വൈ.എം. യൂണിറ്റുകൾ ഉണ്ടായിരിക്കണം. മുപ്പത് വയസ്സുകഴിഞ്ഞ ലേ ആനിമേറ്ററേയും ലേഡീ ആനിമേറ്ററേയും സിസ്റ്റർ ആനിമേറ്ററെ കൂടാതെ യൂണിറ്റ് ഡയറക്ടർമാർക്ക് നിയമിക്കാവുന്നതും അവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്. നവംബർ മാസത്തിൽത്തന്നെ നിലവിലുള്ള അംഗങ്ങളുടെ അംഗത്വനവീകരണവും പുതിയ അംഗങ്ങളുടെ അംഗത്വസ്വീകരണവും നടത്താൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ രൂപതയിൽ 41 ഇടവകകളിൽ എ യൂണിറ്റ് ഇല്ല. 106 ഇടവകകളിൽ ബി യൂണിറ്റും ഇല്ല. അതിനർത്ഥം അത്രയും ഇടവകകളിൽ യൂത്ത് മിനിസ്ട്രി ഗൗരവമായി നടക്കുന്നില്ല എന്നാണ്. യൂണിറ്റ് ഉള്ളിടത്തുതന്നെ മാസംതോറും ഒരുതവണയോ രണ്ടാഴ്ചയിൽ ഒരിക്കലോ ആഴ്ചതോറുമോ യുവാക്കന്മാർക്കും യുവതികൾക്കും വേണ്ടി കൃത്യമായി യൂണിറ്റ് മീറ്റിംഗുകളും എക്സിക്യൂട്ടീവ് മീറ്റിംഗുകളും ചർച്ചകളും സംവാദങ്ങളും നടത്തേണ്ടതാണ്. രൂപതയിൽ എല്ലാ യുവാക്കളുടെയും ലിസ്റ്റ് ശേഖരിക്കുന്നതിനായി ബാച്ച്‌വൈസിൽ ക്രമീകരണങ്ങളുണ്ട്. എല്ലാ യൂണിറ്റുകളിലും ഫൊറോനകളിലും രൂപതാ ഓഫീസിലും ഈ ലിസ്റ്റ് സൂക്ഷിക്കാനായി എല്ലാവരും സഹകരിക്കുമല്ലോ. സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി. ബാച്ച്‌വൈസിലും ഭാരവാഹി തലങ്ങളിലും നസ്രാണി യൂത്ത് ഫോറങ്ങളുടെ തലത്തിലും രൂപതയിലെ മുഴുവൻ യുവജനങ്ങളെയും ബന്ധിപ്പിക്കുന്നവിധത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകളും വിവിധ സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വേണ്ടവിധത്തിലുള്ള പങ്കാളിത്തം ഇല്ലാത്തതുകൊണ്ട് ഇവയുടെ പ്രയോജനം എല്ലാവർക്കും കിട്ടുന്നില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. യൂണിറ്റ് അംഗങ്ങളുടെ അംഗത്വലിസ്റ്റ് നിശ്ചിതഫോമിൽ എഴുതി യൂണിറ്റ് ഡയറക്ടറുടെയും പ്രസിഡന്റിന്റെയും ഒപ്പോടും സീലോടുംകൂടി രൂപത ഓഫീസിൽ നവംബർ മാസത്തിൽത്തന്നെ എല്പിക്കുക.

**ഫൊറോന ഇലക്ഷൻ**

ഡിസംബർ 25 നുമുമ്പ് ഡിസംബർ മാസത്തിൽത്തന്നെ ഫൊറോന ഇലക്ഷൻ ഫൊറോന ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇതിനെ സംബന്ധിച്ചും രൂപത ഇലക്ഷനെ സംബന്ധിച്ചുമുള്ള അറിയിപ്പുകൾ സർക്കുലറിലൂടെ നൽകുന്നതാണ്.

**വേൾഡ് യൂത്ത് ഡേ**

നവംബർ മാസത്തിൽ നടക്കുന്ന വേൾഡ് യൂത്ത് ഡേ വിവിധതലങ്ങളിൽ നടത്താനാണ് നിർദ്ദേശം നൽകപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി നവംബർ 14 ഞായറാഴ്ച ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് സഭാതലത്തിലുള്ള ഒരു യൂത്ത് പ്രോഗ്രാം സംഘടിപ്പിക്കാനുള്ള പ്രാഥമികതല ചർച്ചകൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**ഫാ. തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. സുവിശേഷവത്കരണമാസം – സമാപനം**

സെപ്റ്റംബർ സുവിശേഷവത്കരണമാസമായി ആചരിച്ചതിന്റെ സമാപനം സെപ്റ്റംബർ 30 ന് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അധ്യക്ഷനായുള്ള സമ്മേളനത്തോടെ നടന്നു. ജീസസ് യൂത്ത് ചാപ്ലിൻ ഫാ. കുര്യൻ മറ്റം, സോണൽ കോഡിനേറ്റർ അമല ട്രീസ ജെയിംസ്, ഷിബ്രീസ് കെ സെബാസ്റ്റ്യൻ, ആഗ്നസ് ജോസ് എന്നിവർ സംസാരിച്ചു. സുവിശേഷവത്കരണമാസത്തെ പരിപാടികൾ ക്രോഡീകരിച്ച് റിച്ചു ലിസ്സ് റോയിയും നവംബർ മാസം നടക്കാൻ പോകുന്ന എൻറെ പള്ളി പ്രൊജക്റ്റിനെക്കുറിച്ച് ജിബിൻ ജോസഫ് എന്നിവർ സംസാരിച്ചു. ജോഗേഷ് ജോബി, അലൻ ജോസഫ്, ആൽഫി സെബാസ്റ്റ്യൻ, എത്സ മരിയ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

**2. യുവതാരം – അൽഫോൻസ ജോസഫ്**

സെപ്റ്റംബറിലെ സുവിശേഷവത്കരണമാസത്തോട് അനുബന്ധിച്ച് നിർദ്ദേശിച്ചിരുന്ന 30 ദിവസത്തെ മിഷൻ നിയോഗങ്ങൾ ചെയ്തുതീർത്ത് ഒന്നാം സമ്മാനത്തിന് അർഹയായത് മലയിഞ്ചിപ്പാറ ഇടവകയിലെ അൽഫോൻസ ജോസഫ് ആണ്. ഫാ. കുര്യൻ മറ്റത്തിലിനൊപ്പം ജീസസ് യൂത്ത് അംഗങ്ങൾ അൽഫോൻസയുടെ ഭവനം സന്ദർശിക്കുകയും അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

**3. ബിഷപ്പിന് ഐക്യദാർഢ്യം**

പാലാ രൂപത ജീസസ് യൂത്ത് അംഗങ്ങൾ ഫാ. കുര്യൻ മറ്റത്തിലിനോടൊപ്പം പാലാ രൂപതാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനെ സന്ദർശിക്കുകയും അന്നത്തെ പ്രത്യേക സാഹചര്യത്തിൽ പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ജീസസ് യൂത്ത് കാര്യങ്ങളെക്കുറിച്ച് പിതാവിനോട് സംസാരിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ പിതാവ് ജീസസ് യൂത്തിനെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവെച്ചു. ഫാ. കുര്യൻ മറ്റം, ഫാമിലി കോഡിനേറ്റർ മാത്യു എം കുര്യാക്കോസ്, ജോസ് മാത്യു, അമല ട്രീസ ജെയിംസ് എന്നിവർ സംസാരിച്ചു.

**4. ക്യാംപസ് മിനിസ്ട്രി റീജിയണൽ ക്യാമ്പ്**

ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള മിനിസ്ട്രി ട്രെയിനിംഗ് പ്രോഗ്രാം CMTT ഒക്ടോബർ 13, 14, 15 തീയതികളിലായി പാലാ കാർമൽ പബ്ലിക് സ്കൂളിൽ വച്ച് നടന്നു. ഫാ. കുര്യൻ മറ്റം ഉദ്ഘാടനം ചെയ്തു. ഫാ. അനീഷ് OFM, ഫാ. സൈമൺ OFM, അഡ്വ. ജോൺസൺ എന്നിവർ ക്ലാസുകൾ നയിച്ചു. സി. ലിസ് മരിയ, ക്ലിജോ ജെ. കണിയാംപടി, സ്റ്റെഫി എന്നിവർ നേതൃത്വം നൽകി.

**5. ദുരിതാശ്വാസപ്രവർത്തനങ്ങൾ – കൂട്ടിക്കൽ**

ദുരന്ത മേഖലയായ കൂട്ടിക്കൽ പ്രദേശത്ത് ജീസസ് യൂത്ത് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തി. ജീസസ് യൂത്ത് നല്ല അയൽക്കാരൻ

പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ എല്ലാ സോണുകളിൽനിന്ന് ജീസസ് യൂത്ത് കൂട്ടിക്കൽ, ഏന്തയാർ, പെരുവന്താനം തുടങ്ങിയ സ്ഥലങ്ങളിൽ സേവനങ്ങൾ നൽകി. മാർ. ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസ് പുളിക്കൽ തുടങ്ങിയവർ കൂട്ടിക്കൽ സന്ദർശിക്കുകയും ജീസസ് യൂത്ത് ചെയ്യുന്ന സ്തുത്യർഹമായ സേവനങ്ങളെ അനുമോദിക്കുകയും ചെയ്തു.

ഏതു സാഹചര്യത്തിലും ഈശോയെ കൊടുക്കാൻ വിളിക്കപ്പെട്ടവരാണ് നാമെല്ലാമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ജോസഫ്, അമൽ, സി. ലിസ്മരിയ, അമല ട്രീസ ജയിംസ്, ജോമോൻ, ജസ്റ്റിൻ, ദീപ്തി, ജെറിൻ, ജെയിംസ് തുടങ്ങിവർ നേതൃത്വം നൽകി.

**6. കേരള ലീഡേഴ്സ് ട്രയിനിങ്ങ്**

ഒക്ടോബർ 8 മുതൽ 17 വരെ എറണാകുളത്ത് വച്ച് നടന്ന കേരള ലീഡേഴ്സ് ട്രെയിനിങ്ങിൽ പാലാ സോണൽ കൗൺസിലിൽനിന്നു സുബിൻ ലൂക്കോസ്, ഷിബ്രിസ് കെ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**8. അദിലാബാദ് മിഷൻ**

ഒക്ടോബർ മിഷൻ മാസത്തോടനുബന്ധിച്ച് പാലാ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഒക്ടോബർ 21 മുതൽ 26 വരെ പാലാ രൂപതയുടെ മിഷൻ സ്ഥലമായ അദിലാബാദ് സന്ദർശിച്ചു. ഫാ. കുര്യൻ മറ്റം, സി. ലിസ് മരിയ, അമല ട്രീസ ജയിംസ്, സുബിൻ ലൂക്കോസ്, ആൻമെർവ്വിൻ ദീപ്തി ജയിംസ്, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ എന്നിവർ ആണ് മിഷൻ സംഘത്തിലുണ്ടായിരുന്നത്.

**9 മിനിസ്ട്രി ട്രെയിനിങ്**

പാലാ ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മിനിസ്ട്രി ട്രെയിനിങ് ഓൺലൈനായി സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. രണ്ടു ദിവസങ്ങളിലായി നടന്ന പ്രോഗ്രാം പാലാ ജീസസ് യൂത്ത് ചാപ്ലിൻ ഫാ. കുര്യൻ മറ്റം ഉദ്ഘാടനം ചെയ്തു. ജീസസ് യൂത്ത് നാഷണൽ കോർഡിനേറ്റർ ചാൾസ് ആന്റണി ബാസ്റ്റിൻ, കേരള മിഷൻ ടീം ആനിമേറ്റർ ബാബു സെബാസ്റ്റ്യൻ എന്നിവരാണ് രണ്ടു ദിവസങ്ങളിലായി ക്ലാസുകൾ നയിച്ചത്. കൗൺസിൽ അംഗങ്ങളായ ജോമോൻ ജോൺ, ചാൾസ് ടോമി, ജോഗേഷ് ജോബി, ദീപ്തി ജെയിംസ്, ജസ്റ്റിൻ ജോസഫ്, ശാലു സുഭാഷ് എന്നിവർ ആണ് പ്രോഗ്രാമിന് നേതൃത്വം നല്കിയത്.

**ഫാ. കുര്യൻ മറ്റം, ഫാ. തോമസ് തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

**കുടുംബക്കൂട്ടായ്മ റിപ്പോർട്ട്**

പാലാ രൂപത കുടുംബക്കൂട്ടായ്മ രൂപതാ സമിതിയുടെയും റിസോഴ്സ് ടീമിനെയും സംയുക്ത യോഗം ഒക്ടോബർ 19 തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ശാലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയോടെ യോഗം

ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചൻ യോഗത്തിന് അധ്യക്ഷത വഹിച്ചു.

1. ജൂലൈ മാസം മുതൽ കുടുംബക്കൂട്ടായ്മ ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ നടന്നുവരുന്ന കരുണക്കൊന്ത ചൊല്ലിയുള്ള പ്രാർത്ഥനാ യജ്ഞത്തെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തപ്പെട്ടു. എല്ലാം ഫൊറോനാകളിലും നേരത്തേ നിശ്ചയിച്ച അറിയിക്കുന്ന സമയങ്ങളിൽ മുടക്കം കൂടാതെ താഴെപ്പറയുന്ന ഉപയോഗങ്ങൾക്കായി പ്രാർത്ഥന നടന്നുവരുന്നു .

**നിയോഗങ്ങൾ**

1. കോവിഡ് മഹാമാരിയിൽനിന്നു മോചനം ലഭിക്കുവാൻ

2. പീഡിതസഭയ്ക്കും വേണ്ടിയും സീറോ മലബാർ സഭയുടെ ഐക്യത്തിനു വേണ്ടിയും.

3. ജസ്റ്റീസ്.ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലൂടെ ക്രൈസ്തവ സമൂഹത്തിന് നീതി ലഭിക്കുവാൻ.

**പ്രത്യേകനിയോഗം**

സമൂഹത്തിലെ ജിഹാദി തിന്മകൾക്കെതിരേ പ്രതികരിച്ച അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ നിലപാടുകൾ എല്ലാവരും ഉൾക്കൊള്ളുന്നതിനും സാഹോദര്യത്തിന്റെ അന്തരീക്ഷം ഉണ്ടാകുവാനും വേണ്ടി.

**പ്രധാന ചർച്ചാവിഷയങ്ങൾ**

1. നമ്മുടെ നാടിന്റെ വലിയ ഒരു അനുഗ്രഹമായി മാറിക്കഴിഞ്ഞ മാർ സ്ലീവ മെഡിസിറ്റിയുടെ പുതിയ കലണ്ടർ രൂപതയിലെ എല്ലാ ഭവനങ്ങളിലും എത്തിക്കേണ്ടതിനെപ്പറ്റി ബഹു. വിൻസെന്റച്ചൻ യോഗത്തിൽ സംസാരിച്ചു.

പാലാദൂത് വിതരണം ചെയ്യുന്നതുപോലെ ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ കലണ്ടറുകൾ ഇടവകകളിൽ എത്തിക്കുവാൻ തീരുമാനിച്ചു.

2. കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം ഇടവകകളിൽ നടത്തിവരുന്ന ക്ലാസ്സുകളിൽ വർദ്ധിച്ചുവരുന്ന ലഹരിമരുന്ന് ഉപയോഗത്തെക്കുറിച്ചും നമ്മുടെ സമുദായം നേരിടുന്ന മറ്റു തിന്മകളെക്കുറിച്ചും ബോധവൽക്കരണം നടത്തുവാൻ തീരുമാനിച്ചു. ഇതിനായി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന അഡാർട്ടിൽ റിസോഴ്സ് ടീമിന് വേണ്ടി ട്രെയിനിങ് പ്രോഗ്രാം ഉടനെ സംഘടിപ്പിക്കുമെന്ന് ബഹു. ഡയറക്ടർ അച്ചൻ യോഗത്തിൽ അറിയിച്ചു.

3. ഇടവകകളിലെ കുടുംബക്കൂട്ടായ്മകൾ പുനരാരംഭിക്കുന്നതിനെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

4. ലൗ ജിഹാദ് പോലുള്ള വിഷയങ്ങളെക്കുറിച്ച് ഇടവകതലത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകൾ നടത്തണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ചായ സൽക്കാരത്തോടെ 12.30 ന് യോഗം സമാപിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ്

**ഒക്ടോബർ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക ധ്യാനത്തിൽ 221 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

2021 നവംബർ മാസത്തെ ഓൺലൈൻ ധ്യാനത്തിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് ധ്യാനം 2021 നവംബർ 30 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

### 3. യാത്രയയപ്പു മംഗളങ്ങൾ

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസകാലം റീജന്റായി സേവനം ചെയ്ത ബ്രദർ ജിജിൻ കാഞ്ഞിരത്തിങ്കലിന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

### 4. ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ടിന് സ്വാഗതം

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ടിനെ സ്വാഗതം ചെയ്തു.

## B. കൗൺസിലിങ് കോഴ്സ്

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ കൗൺസിലിങ് കോഴ്സിന്റെ ഒന്നാം ബാച്ചിന്റെ പരീക്ഷകൾ പൂർത്തിയായി.

## C. സന്തുഷ്ടകുടുംബപദ്ധതി

കൂടുതൽ മക്കളുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം നൽകുന്നു. ഒക്ടോബർ മാസത്തെ രൂപ 5–ാം തീയതി നൽകി.

## D. പിതൃവേദി

### 1. പുതിയ യൂണിറ്റുകൾ

കൂട്ടിക്കൽ ഫൊറോനയിൽപെട്ട കൂട്ടിക്കൽ, ചോലത്തടം, മലയിഞ്ചിപ്പാറ, പറത്താനം എന്നീ ഇടവകകളിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

### 2. തിരഞ്ഞെടുപ്പ്

പിതൃവേദിയുടെ 2022–23 പ്രവർത്തന വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞടുപ്പ് നടപടികൾ ആരംഭിച്ചു. യൂണിറ്റ് തല തിരഞ്ഞെടുപ്പ് 2021 ഒക്ടോബർ 31 നു മുൻപ് പൂർത്തിയാകുന്നു. മേഖലതല തിരഞ്ഞെടുപ്പ് നവംബർ 15 ന് മുമ്പായും രൂപതതല തിരഞ്ഞെടുപ്പ് ഡിസംബർ 15 ന് മുമ്പായും പൂർത്തിയാകുന്നതാണ്. ജനുവരി മാസം 1–ാം തീയതി പുതിയ ഭരണസമിതി നിലവിൽ വരുന്നതുമാണ്.

**3. യൂണിറ്റ് സന്ദർശനവും സെമിനാറും**

1. പറത്താനം ഇടവകയിലെ പിതൃവേദി യൂണിറ്റ് ഒക്ടോബർ 24 ന് ഡയറക്ടറും രൂപത സെക്രട്ടറിയും സന്ദർശിക്കുകയും സെമിനാർ നടത്തുകയും ചെയ്തു.

2. പിതൃവേദിയുടെ 17 മേഖലപ്രസിഡന്റുമാരും അവരവരുടെ മേഖല യിലെ യൂണിറ്റ് ഡയറക്ടറുമാരെ സന്ദർശിച്ചു.

**4. രൂപതാസമിതി**

പിതൃവേദിയുടെ രൂപതാസമിതിയുടെ യോഗം ഒക്ടോബർ 2-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ കൂടി. രൂപത പ്രസി ഡന്റ് ജോസ് ജോൺ കീലത്ത് അദ്ധ്യക്ഷപ്രസംഗം നടത്തി. 2022-23 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുവാൻ യോഗം നടപടികൾ സ്വീകരിച്ചു.

## E. മാതൃവേദി

**1. ഓൺലൈൻ സെമിനാർ**

ഒക്ടോബർ മാസം 10-ാം തീയതി ഞായറാഴ്ച ജീവന്റെ മൂല്യത്തെക്കു റിച്ചു മാതൃവേദി അംഗങ്ങൾക്കായി ഓൺലൈൻ സെമിനാർ നടത്തി. ഡോ. ഫിന്റോ ഫ്രാൻസീസ് ക്ലാസ്സെടുത്തു.

**2. രൂപത എക്സിക്യൂട്ടീവ്**

മാതൃവേദിയുടെ രൂപത എക്സിക്യൂട്ടീവ് സെപ്റ്റംബർ മാസം 28-ാം തീയതി ഷലോമിൽ കൂടി. ഒക്ടോബർ മാസത്തിലെ രൂപത എക്സിക്യൂട്ടീവ് 25-ാം തീയതി തിങ്കളാഴ്ച നടത്തപ്പെട്ടു. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ നിർത്തിവച്ചിരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ പുനരാം ഭിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യോഗം ചർച്ച ചെയ്യുകയും അതിനു വേണ്ട നിർദ്ദേശങ്ങൾ മേഖല - യൂണിറ്റുസമിതികൾക്കു നല്കുകയും ചെയ്തു.

**3. വേദപുസ്തകസമർപ്പണം**

മുട്ടുചിറ മേഖല പ്രസിഡന്റ് ശ്രീമതി ലില്ലി ജേക്കബ് തുരുത്തേൽ തന്റെ കൈപ്പടയിൽ പകർത്തിയെഴുതിയ ബൈബിളിന്റെ സമർപ്പണം സെപ്റ്റംബർ 30-ാം തീയതി മുട്ടുചിറ റൂഹാദ് കൂദ്ശാ ഫൊറോന പള്ളിയിൽ നടത്തപ്പെട്ടു. ഉച്ചക ഴിഞ്ഞ് 3 മണിക്ക് രൂപതാഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് നടന്ന സമ്മേളനത്തിൽ മുട്ടുചിറ ഫോറോന വികാരി വെരി. റവ. ഫാ. ജോസഫ് ഇട ത്തുപറമ്പിൽ, റവ. ഫാ. മാത്യു കാവനാടിമലയിൽ, റവ.ഫാ. ജോസഫ് മണർകാട്ട് മാതൃവേദിയുടെ യൂണിറ്റ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

**4. സാമ്പത്തികസഹായം**

സ്നേഹഗിരി സിസ്റ്റേഴ്സ് നടത്തുന്ന പൈകട ആതുരാലയത്തിന് രാമ പുരം, അരുവിത്തുറ മേഖലകളിൽനിന്നു സാമ്പത്തികസഹായം നല്കി.

**F. പ്രോലൈഫ് സമിതി**

**1. ബോധവത്കരണക്ലാസ്സ്**

പാലാ രൂപത പ്രോലൈറ് സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെ ജീവന്റെ സംരക്ഷണത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നു.

**2. സമ്മേളനം**

ഒക്ടോബർ 28-ാം തീയതി പിഒസി യിൽ വച്ച് നടക്കുന്ന കെസിബിസി പ്രോലൈഫ് സമിതിയുടെ സമ്മേളനത്തിൽ രൂപതാഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, പ്രസിഡന്റ് ശ്രീ മാത്യു എം കുര്യക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ്, ആനിമേറ്റർ സി. മേരി ജോർജ് എന്നിവർ സംബന്ധിച്ചു.

**3. ഭവനസന്ദർശനം**

8-ാമത്തെ കുഞ്ഞിനു ജന്മം നല്കിയ പൈക വല്ലനാട്ട് ജോസ് - അനു ദമ്പതികളുടെ ഭവനം ഡയറക്ടർ ഫാ. ജോസ് കുറ്റിയാങ്കൽ, ആനിമേറ്റർ സി. മേരി ജോർജ്, ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ട് എന്നിവർ സന്ദർശിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**G. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയിലെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിങ് ഒക്ടോബർ 15 ന് നടത്തപ്പെട്ടു. മാട്രിമണിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും കൂടുതൽ Profiles ശേഖരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

**H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട്**

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനപദ്ധതികൾ ഡിസംബർ മാസം 1 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് - സി.മേഴ്സി 9496571321 എന്ന നമ്പറിൽ വിളിക്കുക.

**I. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധി വഴിയായി ഒക്ടോബർ മാസത്തിൽ **അടിവാരം, തീക്കോയി, നീലൂർ, രത്നഗിരി, മോനിപ്പള്ളി, പാലയ്ക്കാട്ടുമല** എന്നീ ഇടവകയിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**ഭാരവാഹികളുടെ യോഗം**

രൂപതാഭാരവാഹികളുടെ അടിയന്തരയോഗം രാമപുരം പാരിഷ് ഹാളിൽ നടത്തി. അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെതിരേ നടക്കുന്ന പ്രവർത്ത നങ്ങളെ പ്രതിരോധിക്കാൻ യോഗം തീരുമാനിച്ച് 24-9-2021 ൽ പ്രാർത്ഥനാദിന മായി യൂണിറ്റ് തലത്തിൽ ആചരിക്കാനും അന്നേദിവസം ഉപവസിച്ച് വൈകു ന്നേരം 5 മണി മുതൽ 6 മണിവരെ ആരാധനയും ജപമാലയും എത്തിച്ചു പ്രാർത്ഥി ക്കാനും 25-ാം തീയതി വൈകുന്നേരം കവലകളിൽ പിതാവിന് ഐക്യ ദാർഢ്യസമ്മേളനങ്ങൾ നടത്തുന്നു. യോഗം തീരുമാനിച്ച് പ്രസിഡന്റ് ശ്രീ എമ്മാ നുവേൽ നിധീരി അധ്യക്ഷത വഹിച്ച് റവ. ഫാ. ജോർജ് വർഗീസ് ഞാറക്കു ന്നേൽ, ജോസ് വട്ടുകുളം, രാജീവ് ജോസഫ്, സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ എന്നിവർ സംസാരിച്ചു.

**പ്രാർത്ഥനാദിനം**

24-9-2021 വെള്ളിയാഴ്ച എല്ലാ കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളും ഉപവസിക്കുകയും ഇടവകകളിൽ ആരാധനയും ജപമാല പ്രാർത്ഥനയും നടത്തി. രാമപുരത്ത് രൂപത ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നൽകി.

**ഐക്യദാർഢ്യസമ്മേളനം**

8 നോമ്പുദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നടത്തിയ പ്രസംഗത്തിനെതിരായി നടക്കുന്ന കുപ്രചരണങ്ങൾക്കെതിരേ പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യൂണിറ്റ് തലത്തിൽ സമ്മേളനങ്ങളും റാലികളും നടത്തി. ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർമാർ അതിനു നേതൃത്വം വഹിച്ചു.

**രൂപത കമ്മിറ്റി**

3-10-2021 ൽ രൂപത കമ്മിറ്റി രാമപുരം പാരിഷ് ഹാളിൽ പ്രസിഡന്റ് ശ്രീ എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്നു. ഫൊറോന പ്രസി ഡന്റുമാർ ഫൊറോന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അടുക്കളത്തോട്ടമത്സരത്തിന്റെ കാര്യങ്ങൾ വിശദീകരിച്ച് സംസാരിച്ചു. സമുദായം നേരിടുന്ന പ്രശ്നങ്ങൾ, ഇന്ധ നവിലക്കയറ്റം, റബർ വിലയിടിവ് എന്നിവ ചർച്ചചെയ്തു പ്രമേയങ്ങൾ പാസ്സാ ക്കി. യുവജനഫോറം രൂപീകരണം ചർച്ച ചെയ്തു. ഡോ. ജോർജ് വർഗീസ് ഞാറ ക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ് തുട ങ്ങിയവർ സംസാരിച്ചു.

**പുതിയ യൂണിറ്റുകൾ**

**ഉദയഗിരി**

കുറവിലങ്ങാട് ഫൊറോനയിലെ ഉദയഗിരി യൂണിറ്റ് ഉദ്ഘാടനം ചെയ്തു യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് വടകര, എമ്മാനുവൽ നിധീരി, ഡോ. നിധീഷ് നിധിരി എന്നിവർ നേതൃത്വം നൽകി.

**കാട്ടാമ്പാക്ക്**

കുറവിലങ്ങാട് ഫൊറോനയിലെ കാട്ടാമ്പാക്ക് ഇടവകയിൽ പുതിയ യൂണിറ്റ് റവ.ഫാ. ജോസി കുന്നക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരി, ജോസ് വട്ടുകുളം, സി.എം. ജോർജ്, റ്റോമി കണ്ണിറ്റുമ്യാലിൽ, സെബാസ്റ്റ്യൻ മുതുകാട്ടിൽ തുടങ്ങിയവർ സംസാരിച്ചു.

**സഹായം നല്കി**

കൂട്ടിക്കൽ, കാവാലി തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ പ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവർക്കു രൂപത സമിതിയുടെ നേതൃത്വത്തിൽ സംഭാവനകൾ സ്വീകരിച്ചു നൽകി. അവരെ കണ്ട് ആശ്വസിപ്പിക്കുകയും വേണ്ട സഹായങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ദുരന്തമേഖലയിൽ കൈത്താങ്ങായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

പ്രകൃതിക്ഷോഭം നാശംവിതച്ച കൂട്ടിക്കൽ മേഖലയിൽ കൈത്താങ്ങായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി. ദുരന്തമുണ്ടായ പിറ്റേദിവസംതന്നെ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ എന്നിവരുടെ നേതൃത്വത്തിൽ പി.എസ്.ഡബ്ല്യു.എസ്. ടീം അംഗങ്ങൾ കൂട്ടിക്കൽ, ഏന്തയാർ, ഇളങ്കാട് എന്നീ പ്രദേശങ്ങളിലെ ദുരിതാശ്വാസക്യാമ്പുകൾ സന്ദർശിക്കുകയും ബ്രഡ്, മിനറൽ വാട്ടർ, സോപ്പ്, ലോഷൻ, മാസ്കുകൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവ വിതരണം ചെയ്തു പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. അഭിവന്ദ്യ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ വിതരണത്തിനു നേതൃത്വം നൽകി. എസ്.എം.വൈ.എം. പ്രവർത്തകരും പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കാളികളായി.

തുടർന്ന് പല ദിവസങ്ങളിലേക്ക് വിവിധ വീടുകൾ, സ്ഥലങ്ങൾ എന്നിവ ക്ലീൻ ചെയ്യുന്നപ്രവർത്തനങ്ങളിൽ പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് അംഗങ്ങൾ, വിവിധ ഇടവകയിലെ സ്വാശ്രയസംഘങ്ങൾ, കർഷകദളം അംഗങ്ങൾ എന്നിവർ പങ്കാളികളായി. ഇതോടൊപ്പം ക്ലീൻ ചെയ്യുന്നതിനാവശ്യമായ ജനറേറ്ററുകൾ, പമ്പുസെറ്റുകൾ എന്നിവ പി.എസ്.ഡബ്ല്യു.എസ്. എത്തിച്ചു നൽകി. ഇതോടൊപ്പം വിവിധ സംഘടനകൾ എത്തിച്ചു നൽകിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ ഭക്ഷ്യക്കിറ്റുകൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ മറ്റ് ആവശ്യവസ്തുക്കളുടെ വിതരണത്തിനു

നേതൃത്വം നൽകി. ഇതോടൊപ്പം കൂട്ടിക്കൽ അതിജീവനപ്രവർത്തനസമിതിയിലും പി.എസ്.ഡബ്ല്യു.എസ്. പങ്കാളികളായി വരുന്നു.

**2. ശീതകാല പച്ചക്കറിത്തൈവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശീതകാലപച്ചക്കറിത്തൈകളുടെ വിതരണപരിപാടി പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് ജുഡീഷ്യൽ മജിസ്ട്രേറ്റ് ശ്രീ ജി. പത്മകുമാർ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. കാബേജ്, കോളിഫ്ളവർ, തക്കാളി, ബ്രോക്കോളി, ലെച്ചൂസ്, ക്യാരറ്റ്, ബിറ്റ്യൂട്ട്, പാവൽ, പയർ, പടവലം, വെണ്ട, ക്യാപ്സിക്കം, ബജി വിവിധയിനം ചീരകൾ എന്നിങ്ങനെ മുപ്പത്തിയഞ്ചിനം പച്ചക്കറിത്തൈകളും ജൈവവളങ്ങളും ജൈവികീടനാശിനികളും പച്ചക്കറിക്കൃഷിക്കുള്ള അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു.

ഇതോടൊപ്പം പൂഞ്ഞാർ, മണിയംകുന്ന്, മലയിഞ്ചിപ്പാറ, അമ്പാറനിരപ്പേൽ, പാലാ, ളാലംപള്ളി, നെല്ലിയാനി, മോനിപ്പള്ളി, പാലാക്കാട്, മൂന്നാനി എന്നീ പള്ളികളിലും പി.എസ്.ഡബ്ല്യു.എസ്.ന്റെ സഹകരണത്തോടെ പച്ചക്കറിത്തൈവിതരണപരിപാടി സംഘടിപ്പിച്ചു.

**3. 11 പഞ്ചായത്തുകളിൽ ജൽജീവൻ പദ്ധതി**

വിവിധ ഗ്രാമപഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ നടപ്പിലാക്കിവന്ന ജലനിധി പദ്ധതിയുടെ തുടർച്ചയായി കേന്ദ്ര-സംസ്ഥാന സർക്കാർ, പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ പഞ്ചായത്തുതല നിർവഹണ ഏജൻസി, ഐ.എസ്.ഒ. ആയി പി.എസ്.ഡബ്ല്യു.എസ്. കോട്ടയം ജില്ലയിലെ 11 പഞ്ചായത്തുകളിൽ പ്രവർത്തനം നടത്തുന്ന പ്രവർത്തനക്കരാറിന് ഒപ്പുവച്ചു.

**4. പലിശരഹിത വായ്പ**

ഇടവകകൾ തോറും സ്വാശ്രയസംഘങ്ങളുടെയും കർഷകദളങ്ങളുടെയും സഹകരണത്തോടെ കർഷകച്ചന്തകൾ, മാർക്കറ്റുകൾ തുടങ്ങുന്നതിന് പി.എസ്.ഡബ്ല്യു.എസ്. പലിശരഹിതവായ്പ നൽകുന്നു.

**5. ഓൺലൈൻ പരിശീലനം**

പി.എസ്.ഡബ്ല്യു.എസ് സോൺതലത്തിൽ കർഷകദള സ്വാശ്രയസംഘം അംഗങ്ങൾക്കായി ഓൺലൈൻ പരിശീലനം നൽകിവരുന്നു.

**6. സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണപദ്ധതി**

പി.എസ്.ഡബ്ല്യു.എസ്. സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണപദ്ധതിയിലേക്ക് പുതിയ 25 കുടുംബങ്ങൾക്കുകൂടി അവസരം. വിധവകൾ, ക്യാൻസർ, മാനസ്സിക ശാരീരിക വൈകല്യമുള്ള കുടുംബങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷകൾക്ക് 13 വയസ്സിൽ താഴെ കുട്ടികളുണ്ടായിരിക്കണം. 5 വർഷംകൊണ്ട് ഒരു ലക്ഷത്തിലധികം രൂപയുടെ ധനസഹായം കിട്ടുന്നതാണ് പദ്ധതി.

സേവ് എ ഫാമിലി പ്ലാൻ നിലവിലുള്ള ഗുണഭോക്താക്കൾക്കായി പരിശീലനപരിപാടികൾ സോൺതലത്തിൽ സംഘടിപ്പിച്ചുവരുന്നു.

**7. മുട്ടക്കോഴിവിതരണം**

നവംബർ ആദ്യവാരത്തിൽ പാലാ അഗ്രിമയിൽ വച്ച് ബി.വി. 380 മുട്ടക്കോഴിക്കുഞ്ഞുങ്ങളും ഹൈടെക് കോഴിക്കൂടുകളും  വിതരണം ചെയ്തുവരുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ** (അസി. ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു തീർത്ഥാടനം**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2021 ഒക്ടോബർ 16–ാം തീയതി ശനിയാഴ്ച രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് ഡി.സി.എം.എസ്. സംഘടനാംഗങ്ങൾ തീർത്ഥാടനം നടത്തി. തീർത്ഥാടനത്തിന് രാമപുരം പള്ളി വികാരി ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, വൈസ് പോസ്റ്റുലേറ്റർ ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. മാണി കൊഴുപ്പംകുറ്റി, ഫാ. ഈറ്റക്കക്കുന്നേൽ, യൂണിറ്റ് പ്രസിഡന്റ് മണി, സെക്രട്ടറി തോമസ് കൊട്ടിച്ചേരി, ഖജാൻജി ഡോണി സെബാസ്റ്റ്യൻ, ജോഷി അഗസ്റ്റിൻ എന്നിവർ സ്വീകരണം നൽകി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് നേതൃത്വം നൽകിയ തീർത്ഥാടനത്തിൽ സെക്രട്ടറി ജോണി പരമല, ഓർഗനൈസർ പി.ഒ. പീറ്റർ, മേരി എം.പി., വർക്കി സി.ഒ. എന്നിവർ പങ്കെടുത്തു. തുടർന്ന് കബറിടത്തിങ്കൽ പ്രാർത്ഥനയ്ക്കുശേഷം 2.15 ന് രൂപതാഡയറക്ടറുടെ മുഖ്യകാർമികത്വത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**2. ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.**

കൂട്ടിക്കൽ, ഏന്തയാർ ഭാഗത്ത് ഉരുൾപൊട്ടൽമൂലം നാശം സംഭവിച്ചപ്രദേശങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടിനൊപ്പം ഡി.സി.എം.എസ്. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ശാലോം പാസ്റ്ററൽ സെന്ററിലെ വിവിധ ഡിപ്പാർട്ട്മെന്റിലെ വൈദികർ തുടങ്ങിയവർ സന്ദർശിച്ച് ക്ഷേമപ്രവർത്തനങ്ങൾ വിലയിരുത്തി.

**3. ദളിത് ക്രൈസ്തവവിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണം.**

ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹാരം കാണണമെന്ന് ബിഷപ്സ് കൗൺസിലിന്റെ നേതൃത്വത്തിലുള്ള എസ്.സി/എസ്ടി/ബിസി കമ്മീഷൻ ആവശ്യപ്പെട്ടു. കേരള കത്തോലിക്കാ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉടനെ വിതരണം ചെയ്യുക. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന മൈനോരിറ്റി സ്കോളർഷിപ്പ് ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും അനുവദിക്കുക. ഇപ്പോൾ ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ മറ്റു സ്കോളർഷിപ്പുകൾ ദളിത് ക്രൈസ്തവ

വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ലംപ്സം ഗ്രാന്റ് ജാതി അടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെ ലഭിക്കുന്ന തുശ്ചമായ ആനുകൂല്യമാണെന്നും സ്കോളർഷിപ്പ് പഠനമികവിന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പ്രോത്സാഹനമാണെന്നും യോഗം അടിസ്ഥാനത്തിൽ ലഭിക്കുന്ന ചൂണ്ടിക്കാട്ടി. പ്ലസ് ടു മുതൽ ഉന്നതവിദ്യാഭ്യാസത്തിലെ എല്ലാ കോഴ്സുകളിലെയും അർഹരായ എല്ലാ ദളിത് വിദ്യാർത്ഥികൾക്കും അവർ ആവശ്യപ്പെടുന്ന കോഴ്സുകളിൽ പഠിക്കുന്നതിന് പ്രവേശനം നൽകുക. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ സംരക്ഷണവും ദളിത് ക്രൈസ്തവവിദ്യാർത്ഥികൾക്കും നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കുക, പരിവർത്തിത ക്രൈസ്തവവിഭാഗ വികസന കോർപ്പറേഷന് ആവശ്യമായ ഫണ്ട് (10 കോടി) അനുവദിക്കുക എന്നി ആവശ്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ അധ്യക്ഷത വഹിച്ച യോഗം വൈസ് ചെയർമാൻ റൈറ്റ് റവ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മുഖ്യപ്രഭാഷണം നടത്തി. കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റ്, ജോ. സെക്രട്ടറി ജെയിംസ് ഇലവുങ്കൽ, ഡിസിഎംഎസ് രൂപതാ ഡയറക്ടർമാരായ ഫാ. ജോൺ അരീക്കൽ (മലങ്കര അതിരൂപതാ തിരുവനന്തപുരം), ഫാ. ജോസുകുട്ടി ഇടത്തിനകം ( കാഞ്ഞിരപ്പള്ളി), ഫാ. സെബാസ്റ്റ്യൻ കണിമറ്റം (കോതമംഗലം), ഫാ. ജോസ് വർഗീസ് (പുനലൂർ) എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**നന്ദി**

കെയർ ഹോംസ് പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റ് ആയി സേവനം ചെയ്ത ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിന് യാത്ര യയപ്പു നൽകി.

**സ്വാഗതം**

കെയർ ഹോംസ് പാലാ രൂപത ഓഫീസിലേക്ക് റീജൻസിക്കായി നിയ മിതനായിരിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ (സെബിൻ) പ്ലാത്തോട്ടത്തിനെ സ്വാഗതം ചെയ്തു.

**ദിനാചാരണങ്ങൾ**

ഒക്ടോബർ 1 ലോകവയോജനദിനം ആചരിച്ചു

ലോകമാനസികാരോഗ്യദിനാഘോഷം നടത്തപ്പെട്ടു

കേരള ഫെഡറേഷൻ ഫോർ കെയർ ഓഫ് മെന്റലി ഡിസേബിൾഡി ന്റെയും വേൾഡ് അസോസിയേഷൻ ഫോർ സൈക്കോ സോഷ്യൽ റീഹാബി ലിറ്റേഷൻന്റെയും നാഷണൽ അലിയൻസ് ഫോർ മെന്റൽ ഹെൽത്തിന്റെയും

പാലാ ജനമൈത്രി പോലീസിന്റെയും സംയുക്താഭിമുഖ്യത്തിൽ 2021 ഒക്ടോബർ 10 ഞായറാഴ്ച ലോകമാനസികാരോഗ്യദിനാഘോഷം നടത്തപ്പെട്ടു

**പ്രളയദുരിതാശ്വാസസഹായം**

പ്രളയദുരന്തബാധിതപ്രദേശത്തുള്ള കെയർ ഹോംസിന്റെ നെൻമേനി - ആശാനിലയം, വേലനിലം, ഏന്തയാർ - ശാന്തിനിലയം എന്നീ സ്ഥാപനങ്ങളിലേക്ക് അടിയന്തിരസഹായം എത്തിച്ചുകൊടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**നന്ദി**

കെ.എൽ. എം പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റ് ആയി സേവനം ചെയ്ത ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിന് യാത്രയയപ്പു നൽകി.

**സ്വാഗതം**

കെ.എൽ. എം പാലാ രൂപത ഓഫീസിലേക്ക് റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ (സെബിൻ) പ്ലാത്തോട്ടത്തിനെ സ്വാഗതം ചെയ്തു.

**അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു**

വർഷം 300 രൂപ അടച്ച് വ്യക്തിപര അപകട ഇൻഷ്വറൻസ് പോളിസി കെ. എൽ. എം ആരംഭിച്ചു.

**ക്ഷേമപെൻഷനുകൾ**

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

അസംഘടിത തൊഴിലാളി ക്ഷേമനിധി

കർഷകത്തൊഴിലാളി ക്ഷേമനിധി

മോട്ടോർ തൊഴിലാളി ക്ഷേമനിധി

തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.വിശദ വിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1.** ഒക്ടോബർ മാസം 3,10,17,24,31 തീയതികളിൽ എ.എ. മീറ്റിംഗുകൾ നടന്നു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ, ജയിംസ് പൊരുന്നോലിൽ. ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോദാസ് എന്നിവർ നേതൃത്വം നൽകി.

**2.** ഒക്ടോബർ 2 ഗാന്ധി ജയന്തിദിനചരണത്തോടനുബന്ധിച്ച് മദ്യവിരുദ്ധസെമിനാർ നടത്തി. ബഹു. ബർക്കുമാൻസ് കുന്നുംപുറം അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജയിംസ് പൊരുന്നോലിൽ, ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോ ദാസ്, റോസലിൻ, നിമ്മി എന്നിവർ നേതൃത്വം നൽകി.

**3.** SMYM പാലാ രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി അഡാർട്ടിൽവച്ച് സെമിനാർ നടത്തി. ശ്രീ മാണി സി കാപ്പൻ MLA ഉദ്ഘാടനം ചെയ്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. സിറിൽ തയ്യിൽ ഫാ. ജയിംസ് പൊരുന്നോലിൽ, ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോദാസ്, സാം സണ്ണി, ടീന, സൗമ്യാ എന്നിവർ നേതൃത്വം നൽകി.

**4.** ശ്രീ എൻ.എം. സെബാസ്റ്റ്യൻ എഴുതിയ 'പറുദീസ തേടുന്നവർ' എന്ന പുസ്തകത്തിന്റെ പ്രകാശനം ശ്രീ മാണി സി കാപ്പൻ എംഎൽഎ നിർവഹിച്ചു. ഇത് മൂന്നാം പതിപ്പാണ്. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. സിറിൽ തയ്യിൽ ഫാ. ജയിംസ് പൊരുന്നോലിൽ. ശ്രീ എൻ.എം സെബാസ്റ്റ്യൻ, സെബാസ്റ്റ്യൻ ഐകര, അബ്രാഹം സാർ. ജോസുകുട്ടി, മധു എന്നിവർ പങ്കടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

പഠനഭാഗം : മർക്കോസ് 1-8, നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, 1 കോറിന്തോസ് 1-8.

1. ഡിസംബർ മാസം അഞ്ചാം തീയതി ഞായറാഴ്ചയാണ് രൂപതാതലത്തിൽ ലോഗോസ് ക്വിസ് നടത്തുന്നത്. സാധാരണ നാം നടത്തുന്നതുപോലെ 6 വിഭാഗങ്ങളിലായി ലോഗോസ് ക്വിസ് നമ്മുടെ രൂപതയിൽ നടത്തുന്നതാണ് ഗൂഗിൾ പ്ലാറ്റ്ഫോം ഉപയോഗിച്ച് ഓൺ ലൈനായി ആയിരിക്കും ഇത് നടത്തുന്നത്.

2. രജിസ്ട്രഷൻ നാം സാധാരണ ചെയ്യുന്നതുപോലെ ബൈബിൾ അപ്പാസ്തലേറ്റിന്റെ വെബ്സൈറ്റിലൂടെയാണ് ചെയ്യുന്നത്. കഴിഞ്ഞവർഷം ഏതാനും ഇടവകകൾ രജിസ്ട്രേഷൻ നടത്തിയിരുന്നു. കഴിഞ്ഞവർഷം ലോഗോസ് ക്വിസ് നടക്കാത്തതിനാൽ കഴിഞ്ഞവർഷം രജിസ്ട്രേഷൻ നടത്തിയ ഇടവകകളുടെ രജിസ്ട്രേഷൻ ഈ വർഷം ബാധകമാണ്. അതിനാൽ ആവർത്തിക്കേണ്ടതില്ല. ഇതുമായി എന്തെങ്കിലും സംശയമുള്ളവർ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. ബാക്കി ഇടവകകൾ സാധാരണ നാം ചെയ്യുന്നതുപോലെ ഓൺലൈൻ ആയി രജിസ്ടേഷൻ നടത്തണം.

3. ഓൺലൈൻ രജിസ്ട്രഷൻ പൂർത്തിയാക്കേണ്ടത്. 2011 നവംബർ 15 നാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി കഴിഞ്ഞ നവംബർ 30 ന് മുമ്പായി രജിസ്ട്രേഷൻ തുക വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

4. ഈ വർഷം ഓൺലൈനായി നടത്തുന്നതിനാൽ സെന്ററുകളിൽ രജിസ്റ്റർ ചെയ്ത് ലോഗോസ് എഴുതുന്നവരെയും അതാതു ഇടവകകളുടെ ഭാഗമായായിരിക്കും കൂട്ടുന്നത്

5. ഒരോ ഇടവകകളിലും എല്ലാ വിഭാഗത്തിൽപെടുന്നവരിലും ഒന്നും രണ്ടും സ്ഥാന ങ്ങൾ നേടുന്നവർക്ക് പ്രത്യേക സമ്മാനങ്ങളും 80 ശതമാനത്തിലധികം മാർക്കു നേടുന്നവർക്ക് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്. ഓരോ ഇടവകയിലും എല്ലാവിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് ഡിസംബർ 19 ന് നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാൻ അർഹത ലഭിക്കും.

6. ഡിസംബർ 19 നു നടക്കുന്ന ലോഗോസ് ഓരോ വിഭാഗത്തിലും ആദ്യ നാലു സ്ഥാനങ്ങൾ നേടുന്നവർക്ക് എല്ലാ വർഷവും നല്കുന്നതുപോലെ പ്രത്യേക ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ, രൂപാതാതലത്തിൽ എല്ലാ വിഭാഗങ്ങളിലുമായി ഒന്നും രണ്ടും സ്ഥാനം നേടുന്ന രണ്ടു പേർക്കു മാത്രമേ സംസ്ഥാന ഗ്രാന്റ് ഫിനാലെയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ഗ്രാന്റ് ഫിനാലയിൽ പലവിഭാഗങ്ങളിലായിയുള്ള മത്സരം ഈ വർഷം ഇല്ലാത്തതിനാലാണ് അപ്രകാരം ക്രമീകരിക്കുന്നത്.

7. ഓൺ ലൈൻ ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവർക്ക് ഒരു ഇടവകയിൽ ഒരു വിഭാഗത്തിൽപെട്ടവർക്ക് തുല്യമാർക്ക് വന്നാൽ ലോഗോസ് ക്വിസ് പൂർത്തിയാക്കി സമർപ്പിക്കുന്നതിന് എടുത്തിരിക്കുന്ന സമയം ഗൂഗിൽ പ്ലാറ്റ് ഫോമിൽനിന്ന് ലഭിക്കുന്നതനുസരിച്ചായിരിക്കും വിജയികളെ തീരുമാനിക്കുന്നത്.

8. നംവംബർ മാസത്തിൽ ഒരു ഞായറാഴ്ച ഒരു ട്രയൽ ക്വിസ് ഗൂഗിൾ പ്ലാറ്റ്ഫോമിൽ നടത്തുന്നതായിരിക്കും അതിനുള്ള കാര്യങ്ങൾ ബഹു വിശ്വാസപരിശീലനകോന്ദ്രം ഡയറക്ടറച്ചൻ അറിയുക്കുന്നതായിരിക്കും.

**ബൈബിൾ പഠനസഹായി**

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യ മാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

---

# ഇവാഞ്ചലൈസേഷൻ

---

ഒക്ടോബർ മാസം 4,7,11,14,18, 21, 25, 28 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ സഭയുടേതും രൂപതയുടേതും ഇവാഞ്ചലൈസേഷൻ പ്രവർത്തനങ്ങളുടെയും പ്രവർത്തനവിജയത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു, മാത്തുക്കുട്ടി താന്നിക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

2. പ്രകൃതിദുരന്തങ്ങളിൽനിന്നു രക്ഷനേടുന്നതിനും ദൈവത്തിന്റെ സംരക്ഷണം ലഭിക്കുന്നതിനുമായി പ്രാർത്ഥന നടന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറച്ച ട്രെയിനിങ് ഓൺലൈനായി നടത്തപ്പെട്ടുന്നു. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**2.L.S.S (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേക അനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S.

നമ്മുടെ രൂപത സോണിൽനിന്ന് 362 പേർ ഈ ശുശ്രൂഷ ട്രെയിനിങ് പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ചു. മൂന്നാമത് ബാച്ച് ശുശ്രൂഷകൾ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ട്രയൽ ശുശ്രൂഷകൾ പൂർത്തിയാക്കി.

കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ മുൻപന്തിയിൽ എത്തുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു.

ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാനപരിശീലനം. ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ ഇത്രയും മതി ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് zoom ൽ ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചുണരാൻ — വചനം പഠിച്ചു വളരാൻ -- പ്രഘോഷിച്ചുയരാൻ -- സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവ അനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയ വളർച്ച ഇതിലൂടെ സാധ്യമാകുന്നു. മൂന്നാമത് ബാച്ചും വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചതിന് നന്ദിയായി സെപ്റ്റംബർ മൂന്നാം തീയതി റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ 24 മണിക്കൂർ സമയം സങ്കീർത്തനങ്ങൾ തുടർച്ചയായി വായിച്ച് കർതൃസന്നിധിയിൽ സമർപ്പിക്കപ്പെട്ടു.

**3. കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത്

ഇടവകതലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. ആയിരം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**4. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി.

എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലുമണിവരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. ഒക്ടോബർ 23 ശനിയാഴ്ച 24 മണിക്കൂർ അഖണ്ഡജപമാലപ്രാർത്ഥനകൾ ഉണ്ടായിരുന്നു. അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെഗ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**5. LSS സെൻട്രൽ മോണിറ്ററിംഗ് ടീം സോണൽ സന്ദർശനനം**

ഒക്ടോബർ 13 തീയതി രാത്രി എട്ടു മണി മുതൽ 10 മണിവരെ ഓൺലൈനായി നടത്തപ്പെട്ടു. 8 മണിമുതൽ 9 മണിവരെ ജപമാല യജ്ഞ പ്രാർത്ഥനയും, തുടർന്ന് LSS ശുശ്രൂഷകളുടെ ഇതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും പങ്കുവെക്കുകയുണ്ടായി. KCSC സെൻട്രൽ കോഡിനേറ്റർ റവ.ഫാ. ജോസഫ് താമരവെള്ളി, സെൻട്രൽ ടീം ഭാരവാഹികൾ, LSS പാലാ സെൻട്രൽ ടീ അംഗങ്ങൾ, ലീഡേഴ്സ്, മെന്റേഴ്സ്, റിസോർട്സ് ടീമംഗങ്ങൾ എല്ലാവരും സജീവമായി ശുശ്രൂഷയിൽ പങ്കെടുത്തു.

**6. പ്രാർത്ഥനക്കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുക്കൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1 മണി മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഒക്ടോബർ 3 ന് ബ്ര. ഫ്രാൻസിസ് നിലമ്പൂർ, 10 ന് ബ്ര. നന്ദു ജോൺ 17 ന് റവ.ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട്, 24 ന് ബ്രദർ ഒ. എം. പ്രകാശ്, ശാലോം കോഴിക്കോട്, 31 ന് റവ.ഫാ. ജോൺ മറ്റമുണ്ടയിൽ പാലാ

എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തുത്. രൂപത സോണൽ സേവന സമിതി ഇതിനു നേതൃത്വം നൽകുന്നു.

**7. ശിഷ്യത്വ പരിശീലന കോഴ്സ്**

KCSCയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിഷ്യത്വ പരിശീലനകോഴ്സിൽ നമ്മുടെ രൂപതയിൽനിന്ന് അംഗങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**8. തുവാനിസ, മരിയൻ സിംഗിൾസ് മിനിസ്ട്രി ശുശ്രൂഷകൾ**

പാലാ സോൺ തുവാനിസ, മരിയൻ സിംഗിൾസ് മിനിസ്ട്രികളുടെ നേതൃത്വത്തിൽ 7 ലക്ഷം ജപമാലകൾ ഒക്ടോബർ മാസത്തിൽ ചെയ്യുകയുണ്ടായി. ഒക്ടോബർ 31 തീയതി റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കൽ വിശുദ്ധ ബലിയർപ്പിച്ച് ജപമാല പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ടു. ലില്ലിക്കുട്ടി വരാച്ചേരിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**9. കത്തീഡ്രലിൽ പള്ളിയിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 30 മുതൽ ഒരു മണിവരെ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നി ശുശ്രൂഷകൾ നടത്തപ്പെടുന്നു. ശ്രീ മാത്യുകുട്ടി താന്നിക്കൽ, ജോസി എബ്രഹാം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**10. ജപമാല മാസാചരണം**

ജപമാല മാസാചരണത്തോടനുബന്ധിച്ച് കരിസ്മാറ്റിക് പാലാ സോണും ളാലം സെന്റ് മേരീസ് ഇടവകയും ചേർന്ന് സംയുക്തമായി ഒക്ടോബർ 22-ാം തീയതി മുതൽ 31 തീയതിവരെ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാലയും രാവിലെ 10 മുതൽ ഒരു മണിവരെ പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ പാലാ ളാലം സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഓരോ ദിവസവും വിവിധ സബ് സോൺ നേതൃത്വത്തിൽ പ്രാർത്ഥനാശുശ്രൂഷകൾ ക്രമീകരിച്ചു. റവ.ഫാ. ജോൺസൻ പുള്ളിറ്റ്, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**11. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വെച്ച് നടന്നുവരുന്ന രാത്രി ആരാധന ഒക്ടോബർ 30-ാം തീയതി ശനിയാഴ്ച വൈകിട്ട് 4.30 മുതൽ രാത്രി 9 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് ആലഞ്ചേരി വചനം ശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ.ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ

**12. കരിസ്മാറ്റിക് മദ്ധ്യസ്ഥ പ്രാർത്ഥന**

സഭയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സമാധാനവും മതേതരത്വവും കൂടുതൽ കരുത്താർജ്ജിക്കുന്നതിനും സഭയ്ക്കെതിരേ ഉണ്ടായിക്കൊണ്ടിരിക്കുന്നു പ്രതിസന്ധികളെ അതിജീവിക്കാൻവേണ്ടി പാലാ

കത്തീഡ്രൽ ഇടവകസമൂഹവും കരിസ്മാറ്റിക് മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി പാലാ സോണും സംയുക്തമായി സെപ്റ്റംബർ 28-ാം തീയതി ചൊവ്വാഴ്ചമുതൽ ഒക്ടോബർ 1 വെള്ളിയാഴ്ചവരെ രാവിലെ 10 മണി മുതൽ ഒരു മണിവരെ പാലാ കത്തീഡ്രൽ പള്ളിയിൽ വെച്ച് വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് സോണൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെയും ആത്മീയനേതൃത്വത്തിൽ മദ്ധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ കർത്തൃസന്നിധിയിൽ കോവിഡ് -19 പ്രോട്ടോക്കോൾ അനുസരിച്ച് നടത്തപ്പെട്ടു. LSS (ലൈഫ് ഇൻ സ്പിരിറ്റ് സെമിനാർ) അംഗങ്ങളും, 18 സബ് സോൺ ഭാരവാഹികളും, പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളും, കത്തീഡ്രൽ ഇടവകസമൂഹവും ഇതിൽ പങ്കെടുത്തു. മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി കോഡിനേറ്റർ ശ്രീ മാത്യുക്കുട്ടി താന്നിക്കൽ നേതൃത്വം നൽകി.

റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശുശ്രൂഷ കോഡിനേറ്റർ ജോർജ്ജുകുട്ടി ഞാവള്ളിൽ, രൂപത സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**മൗണ്ട് നെബോ ധ്യാനകേന്ദ്രം, വാഗമൺ**

കൊറോണാ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന സംപ്രേക്ഷണം ചെയ്തിരുന്ന ഓൺലൈൻ ധ്യാനം, ഡയറക്ടറച്ചന് കോവിഡ് ആയിരുന്നതിനാൽ, ഓഗസ്റ്റ് 27 നു ശേഷം സാധിച്ചില്ല. തൽസ്ഥാനത്ത്, ജപമാലമാസ സ്ഫുലിംഗങ്ങൾ എന്ന പേരിൽ 10 മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ആത്മീയവിചിന്തനങ്ങൾ ഒക്ടോബർ ഒന്നു മുതൽ നൽകിക്കൊണ്ടിരിക്കുന്നു. ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos എന്ന യൂട്യൂബ് ചാനലിലും പ്രക്ഷേപണം ചെയ്യുന്നു.

മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത നേതൃസമ്മേളനം**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം അസ്സീസി ആശ്രമദൈവാലയാങ്കണത്തിൽവച്ച് 2021

ഒക്ടോബർ മാസം ഒൻപതാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് യൂണിറ്റ്, റീജിയൻ, രൂപതാതല ഭാരവാഹികളുടെ നേതൃസമ്മേളനം നടത്തപ്പെട്ടു. എസ്.എഫ്.ഒ. രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap., സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. അരുൺ ഇലവുങ്കൽ OFM Cap., എന്നിവരും സന്നിഹിതരും മുണ്ടക്കയം പാദ്രേപിയോ കപ്പൂച്ചിൻ ആശ്രമം അസി. സുപ്പീരിയർ റവ.ഫാ. മാത്യു OFM Cap.കരിപ്പാൻ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി റോസമ്മ ജോസ് വല്ലനാട്ട് റിപ്പോർട്ട് അവതരിപ്പിക്കുകയും ഫോർമേറ്റർ അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ സമ്മേളനത്തിന് ആശംസ അറിയിക്കുകയും ചെയ്തു. ഭരണങ്ങാനം റീജിയൻ പ്രസിഡന്റ് ബ്രദർ ടോമി കെ. മാത്യു കളപ്പുരയ്ക്കൽ സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും മുൻ രൂപതജനറൽ സെക്രട്ടറി റ്റിസി രാജു കടലംകാട്ട് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

**വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം അസ്സീസി ആശ്രമദേവാലയത്തിൽ വച്ച് ആഘോഷമായ വി. കുർബാനയ്ക്കു നൊവേന പ്രാർത്ഥനകളോടുംകൂടി വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ 2021 ഒക്ടോബർ 9-ാം തീയതി ശനിയാഴ്ച ആഘോഷിച്ചു. എസ്.എഫ്.ഒ. രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ.ഫാ. അരുൺ ഇലവുങ്കൽ OFM Cap. തിരുനാൾ സന്ദേശം നൽകി. ഫ്രാൻസിസ്കൻ അല്മായ സഭയുടെ വിവിധ യൂണിറ്റുകളിൽ ആഘോഷമായ വി. കുർബാനയോടുകൂടി വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുകയും മധുരപലഹാരവിതരണം ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ നടത്തുകയും ചെയ്തു.

**റവ.ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**നന്ദി**

ഡി.എഫ്.സി പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റ് ആയി സേവനം ചെയ്ത ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിന് യാത്രയയപ്പു നൽകി.

**സ്വാഗതം**

ഡി.എഫ്.സി പാലാ രൂപത ഓഫീസിലേക്ക് റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ (സെബിൻ) പ്ലാത്തോട്ടത്തിനെ സ്വാഗതം ചെയ്തു.

**1. മീറ്റിങ്ങ്**

ഡയറക്ടേഴ്സ് മീറ്റിംഗും ജനറൽ ബോഡി മീറ്റിംഗും ഓൺലൈനിൽ നടത്തി.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിഎഫ്സി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രൂപതയിൽ ദീപിക പത്ര പ്രചാരണം എങ്ങനെ നടത്തണമെന്നതിനെക്കുറിച്ച് ചർച്ചചെയ്തു. എല്ലാ ഇട വകയിലും മാധ്യമസർവ്വേ നടത്താൻ തീരുമാനമെടുത്തു.

**2. പാലാ വിഷൻ**

പാലാ വിഷനിലേക്ക് വാർത്തകൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക - **9605661249, 9400661492**

**3. ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ആഹ്വാനപ്രകാരം ലഹരിവിരുദ്ധപ്രവർത്തനങ്ങളിൽ പങ്കുകാരാകുമെന്നും ലഹരിവസ്തുക്കൾ ഉപ യോഗിക്കുകയോ, ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ല എന്ന് പ്രതി ജ്ഞചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. രൂപതാ കൗൺസിൽ**

ഇൻഫാം രൂപതാ കൗൺസിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 15-ാം തീയതി രാവിലെ 10 മണി മുതൽ കൂടി. പ്രസിഡന്റ് മാത്യു മാമ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഇൻഫാം കൗൺസിൽ മെമ്പേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. 1. കർഷകരുടെ വിവിധ പ്രശ്നങ്ങളായ കാർഷിക ഉത്പന്നങ്ങളുടെ വിലക്കുറവ്, പെട്രോൾ & ഡിസം ബർ വിലവർദ്ധന നിത്യോപയോഗസാധനങ്ങളുടെ അമിതവില തുടങ്ങിയ കാര്യ ങ്ങൾ ചർച്ച ചെയ്തു. 2. മീനച്ചിൽ റബർ മാർക്കറ്റിംഗ് - പാലാ മാർക്കറ്റിംഗ് - സൊസൈറ്റികളിൽ പണം നിക്ഷേപിച്ച കർഷകരുടെ നിക്ഷേപം തിരിച്ചുനൽകാൻ ഇൻഫാം ശക്തമായി ഇടപെടാൻ തീരുമാനിച്ചു. 3. ഇൻഫാം പ്രവർത്തകരുടെ സജീവതയിൽ യൂണിറ്റുകൾ മെച്ചപ്പെടുത്തണമെന്നും രൂപതാ തിരഞ്ഞെടുപ്പ് നട ത്തണമെന്നും യോഗം തീരുമാനിച്ചു.

**2. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന് പിന്തുണ**

തന്റെ ആത്മീയമക്കളോട് പിതാവിനടുത്ത നിർദ്ദേശങ്ങൾ നൽകിയ കല്ല റങ്ങാട്ട് പിതാവിനെതിരേ നടക്കുന്ന ദുഷ്പ്രചരണങ്ങളെ യോഗം അപലപിക്കു കയും പിതാവിന് കർഷകരുടെ പൂർണപിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)

**ഫാ. തോമസ് തയ്യിൽ** (ജോയിന്റ് ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## റവ. ഫാ. ജെയിംസ് വെണ്ണായിപ്പിള്ളിൽ

വൈദികവിശുദ്ധി വിലയംകൊള്ളുന്ന രാമപുരത്തിന്റെ പുണ്യഭൂമിയിൽ വെണ്ണായിപ്പിള്ളിൽ അഗസ്റ്റിൻ - അന്നമ്മ ദമ്പതികളുടെ മകനായി 1971 ഡിസംബർ 19 ന് ജയിംസച്ചൻ ജനിച്ചു. വെള്ളിലാപ്പള്ളി സെന്റ് ജോസഫ്സ് സ്കൂളിൽ പ്രാഥമികപഠനവും രാമപുരം സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ ഹൈസ്കൂൾ പഠനവും പൂർത്തിയാക്കിയ ജയിംസച്ചന് മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരുമാണുള്ളത്.

പാലാ നല്ലിടയൻ മൈനർ സെമിനാരിയിലും മംഗലപ്പുഴ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കിയ അദ്ദേഹം 1997 ഡിസംബർ 27-ാം തീയതി അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. സെമിനാരിപരിശീലനകാലഘട്ടത്തിലും തുടർന്നു പൗരോഹിത്യശുശ്രൂഷയുടെ നാൾവഴികളിലും അച്ചന്റെ സംഗീതാത്മകമികവുകൾ ഏറെ ശ്രദ്ധേയവും വൈദികശുശ്രൂഷയ്ക്കു മാറ്റു വർദ്ധിപ്പിക്കുന്നതുമായിരുന്നു.

ഏന്തയാർ, മാൻവെട്ടം, കുറവിലങ്ങാട്, തീക്കോയി പള്ളികളിൽ സഹവികാരിയായും തകിടി, പയ്യാനിത്തോട്ടം, കൂത്താട്ടുകുളം, അന്ത്യാളം പള്ളികളിൽ വികാരിയായും അച്ചൻ സേവനമനുഷ്ഠിച്ചു. എട്ടു വർഷങ്ങൾ രൂപതയുടെ കലാസാംസ്കാരികവേദിയായ പാലാ കമ്യൂണിക്കേഷൻസിന്റെ നായകത്വം വഹിച്ചുകൊണ്ട് തന്റെ കലാപരവും സംഗീതാത്മകവുമായ സിദ്ധികളെ ഫലപ്രദമായി വിനിയോഗിച്ചു. ഇക്കാലയളവിൽത്തന്നെ സിബിഗിരി പള്ളിയിൽ അജപാലനശുശ്രൂഷ സഹായിയായും അദ്ദേഹം സേവനം ചെയ്തു.

അന്ത്യാളം പള്ളിയിൽ തീക്ഷ്ണതയോടെ ദൈവജനത്തിനു ശുശ്രൂഷ ചെയ്യുന്ന വേളയിൽ ബഹുമാനപ്പെട്ട ജയിംസച്ചൻ കോവിഡ് ബാധിതനാവുകയും തുടർന്നു വൈദ്യസഹായവിധേയനാവുകയും ചെയ്തു. കോവിഡ് ബാധയിൽനിന്നും മുക്തനായെങ്കിലും അതിന്റെ പരിണതഫലങ്ങൾ അദ്ദേഹത്തിന്റെ

ആരോഗ്യാവസ്ഥയെ കൂടുതൽ സങ്കീർണമാക്കുകയായിരുന്നു. സഹനപാതയിൽ ജീവിതവിശുദ്ധി സ്വന്തമാക്കി ബഹുമാനപ്പെട്ട ജയിംസച്ചൻ ദീർഘനാളുകൾ വൈദ്യസഹായവ്യവസ്ഥയിൽ ജീവസന്ധാരണം നടത്തിയെങ്കിലും 2021 ഒക്ടോബർ 2-ാം തീയതി നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയാവുകയായിരുന്നു. സ്വർഗീയസൈന്യത്തിന്റെ സംഗീതാത്മകതയ്ക്കു ഈണം പകരുവാൻവേണ്ടി ജീവിതയാത്രയിൽ ഒരുപാട് കാതങ്ങൾക്കിപ്പുറത്തുതന്നെ വിടപറഞ്ഞ അദ്ദേഹത്തിന്റെ ഭൗതികദേഹം ഒക്ടോബർ 5 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അഭിവന്ദ്യരായ ജോസഫ് പാംബ്ലാനി, ജേക്കബ് മുരിക്കൻ എന്നീ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിൽ രാമപുരം ദൈവാലയത്തിൽ അർപ്പിച്ച ദിവ്യബലിയെത്തുടർന്ന് ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2021

| | | |
|---|---|---|
| 01 | 12.45 pm | ബിഷപ്സ് ഹൗസിൽ പുസ്തകപ്രകാശനത്തിൽ സംബന്ധിച്ചു. |
| 02 | 01.45 pm | വൈക്കം കളപ്പുരയ്ക്കൽ നിതിനമോളുടെ വേർപാടിൽ ഭവനത്തിലെത്തി ഭൗതികദേഹത്തിനരികിൽ അന്തിമോപചാരമർപ്പിച്ചു. |
| 04-07 | 5 - 8.30 pm | രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ ഓൺലൈനായി സംബന്ധിച്ചു. |
| 04 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച മാർസ്ലീവാ മെഡിസിറ്റി ഫാമിലി മാർട്ടിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 11.45 am | മൂവാറ്റുപുഴ ലിസ്യു സെന്റർ ഒ.സി.ഡി. ആശ്രമത്തിൽ ബഹുമാനപ്പെട്ട ജോസഫ് മേരി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 05 | 10.00 am | രാമപുരം ഫൊറോനയിൽ ബഹുമാനപ്പെട്ട ജയിംസ് വെണ്ണായിപ്പിള്ളി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 06 | 09.30 am | രാമപുരം ഫൊറോനയിൽ കർമ്മലീത്താ സന്ന്യാസിനി സമൂഹാംഗമായ ബഹുമാനപ്പെട്ട സി. ക്രിസ്റ്റഫർ നെല്ലിക്കത്തെരുവിലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ചു ഡീക്കൻ തീർത്ഥാടന ഇടവക |

| | | |
|---|---|---|
| | | യിൽ കോട്ടയിൽ ബഹുമാന്യരായ ജോസ് -കുര്യൻ അച്ചന്മാരുടെ പിതാവ് ബഹുമാനപ്പെട്ട കുര്യാക്കോ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 08 | 10.30 am | ബിഷപ്സ് ഹൗസിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 12.30 pm | മറ്റക്കര ഇടവകയിൽ വാഴക്കാലായിൽ ബഹുമാനപ്പെട്ട എബ്രാഹം ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 09 | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ നഴ്സിംഗ് കോളജിൽ ഗ്രാജ്വേഷൻ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 10 | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | ഭരണങ്ങാനം ഫൊറോനയിൽ വിവാഹവാഗ്ദാനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 12.15 pm | മരങ്ങാട്ടുപിള്ളി ഇടവകയിൽ ബഹുമാനപ്പെട്ട കെ.സി. തോമസുകുട്ടി കരിങ്ങോഴയ്ക്കലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 11.00 am | ഭരണങ്ങാനം തീർത്ഥാടനകേന്ദ്രത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപന വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 01.15 pm | പാലാ, കവീകുന്ന് ഇടവകയിൽ തെരുവിൽ ബഹുമാനപ്പെട്ട പ്രൊഫ. ടി.ജെ. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | നമ്പ്യാകുളം ഇടവകയിൽ മുരിക്കുംനിൽക്കുംകാലായിൽ ശ്രീമതി ത്രേസ്യാമ്മ വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 13 | 10.30 am | ബിഷപ്സ് ഹൗസിൽ പുസ്തകപ്രകാശനത്തിൽ പങ്കെടുത്തു. |
| | 04.00 pm | ദീപിക അപെക്സ് ബോർഡിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 14 | 04.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 11.15 am | ഫാത്തിമാപുരം ഇടവകയിൽ ബഹുമാനപ്പെട്ട തോമസ് താന്നിനിൽക്കുംതടത്തിലച്ചന്റെ മാതാവ് ശ്രീമതി റോസമ്മ ചാക്കോയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ വന്ദ്യരായ ഫാ. ബ്രൂണോ കണിയാരകത്ത്, സി. മേരി കൊളേത്ത എന്നിവരുടെ നാമകരണ നടപടികൾക്ക് തുടക്കംകുറിച്ച മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | രാമപുരം ഫൊറോനയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് കബറിടത്തിങ്കൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 16 | 11.45 am | ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ ബഹുമാനപ്പെട്ട ജോർജ് ഉപ്പുപുറം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 17 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 01.00 pm | കാവാലി, കൂട്ടിക്കൽ, ഏന്തയാർ, വേലനിലം, പറത്താനം എന്നിവിടങ്ങളിൽ ഉരുൾപൊട്ടൽമൂലം നാശം സംഭവിച്ച പ്രദേശങ്ങളും ദുരിതാശ്വാസക്യാമ്പുകളും സന്ദർശിച്ചു. |
| 18 | 09.00 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച കഫേറ്റേരിയായുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 11.15 am | കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ച് ഡീക്കൻ തീർത്ഥാടന ഇടവകയിൽ ശ്രീമതി റോസമ്മ എബ്രാഹം പാറ്റാനിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 12.15 pm | രാമപുരം ഫൊറോനയിൽ വളക്കാട്ടുകുന്ന് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനി മഠത്തിൽ തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചിരിക്കുന്ന പ്രാർത്ഥനാഭവന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 02.00 pm | കാവാലി ഇടവകയിൽ ഉരുൾപൊട്ടലിൽ മരണമടഞ്ഞ ഒട്ടലാങ്കൽ ബഹുമാനപ്പെട്ട മാർട്ടിന്റെയും കുടുംബാംഗങ്ങളുടെയും മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 19 | 11.45 am | വാകക്കാട് ഇടവകയിൽ കുന്നയ്ക്കാട്ട് ശ്രീ. സോണി ജോസിന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.30 pm | ബിഷപ്സ് ഹൗസിൽ വച്ചുനടന്ന മീറ്റിംഗിൽ വച്ച് 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനൊരുക്കമായുള്ള രൂപതാതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. |
| 20 | 10.00 am | മേലുകാവുമറ്റം ഇടവകയിൽ പ്രസന്റേഷൻ പബ്ലിക് സ്കൂളിലെ കമ്പ്യൂട്ടർ ലാബിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 10.45 am | മേലുകാവുമറ്റം ഇടവകയിൽ നവീകരിച്ച മോണ്ടളത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 11.15 am | കയ്യൂർ ഇടവകയിൽ ക്രിസ്തുജ്യോതി പബ്ലിക് സ്കൂളിന്റെ കംപ്യൂട്ടർ ലാബ് വെഞ്ചെരിച്ചു. |
| | 12.15 pm | പാലാ കിഴക്കേക്കര താഴത്തുവീട്ടിൽ ബഹുമാനപ്പെട്ട കെ.എസ്. സെബാസ്റ്റ്യൻ സാറിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 02.45 pm | ഭരണങ്ങാനം ഇടവകയിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് മഠത്തിന്റെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചെരിപ്പു കർമ്മം നിർവഹിച്ചു. |
| | 05.00 pm | കൂട്ടിക്കൽ ഫൊറോനയിൽ ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങൾ സംഭവിച്ച ഭവനങ്ങളുടെ ശുചീകരണപ്രവർത്തനങ്ങൾ നടത്തിയ വൈദികരെയും യുവാക്കളെയും സന്ദർശിച്ചു. |
| 21 | 07.00 am | മണ്ണാറപ്പാറ ഇടവകയിൽ ഇടവകാരംഭത്തിന്റെ ശതോത്തരസുവർണജൂബിലി ഇടവക പ്രഖ്യാപനത്തിന്റെ ശതോത്തരരജതജൂബിലി എന്നിവയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചുസന്ദേശം നൽകുകയും |

| | | |
|---|---|---|
| | | വിവിധ സഹായപദ്ധതികളുടെ ഉദ്ഘാടനം നിർവ ഹിക്കുകയും ചെയ്തു. |
| | 10.30 am | മണ്ണാറപ്പാറ ഇടവകയിൽ ഹോം പാലായുടെ നേതൃ ത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| | 11.00 pm | മണ്ണാറപ്പാറ ഇടവകയിൽ ബാബു ചാഴിക്കാടൻ ഫൗണ്ടേഷൻ നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. |
| 22 | 12.00 noon | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.30 pm | കൂട്ടിക്കൽ ഫൊറോനയിൽ ദുരിതബാധിത പ്രദേശ ത്തിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായുള്ള ആലോചനയോഗത്തിൽ സംബന്ധിച്ചു. |
| 23 | 03.00 pm | നരിയങ്ങാനം ഇടവകയുടെ ശതാബ്ദിസമാപന ത്തോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും സമാപനസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| 24 | 10.15 am | മേലമ്പാറ ദീപ്തി എം.എസ്.റ്റി. ജനറലേറ്റിൽ ബഹു മാനപ്പെട്ട സിറിയക് നെല്ലൂരച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. |
| | 11.15 am | കൂട്ടിക്കൽ, ഏന്തയാർ ദുരിതബാധിതപ്രദേശത്തിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങളെ വിലയിരുത്തുന്ന തിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സന്ദർശനം നടത്തി. |
| 25 | 09.30 am | അയ്യമ്പാറ ഇടവകയിൽ കാക്കാനിയിൽ ശ്രീമതി ഏലിക്കുട്ടി സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരി കിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.45 am | ബിഷപ്സ് ഹൗസിൽ ടാൻസാനിയിലെ മാഹെൻജെ രൂപതയുടെ മെത്രാൻ അഭിവന്ദ്യ അഗപിതി ഡോറോ ബോയെ സ്വീകരിച്ചു. |
| | 04.00 pm | ചക്കിക്കാവ് (വിമലഗിരി) ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 26 | 11.00 am | ബിഷപ്സ് ഹൗസിൽ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 10.00 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന കമ്മറ്റിയുടെ മധ്യമേഖലാ സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 11.30 am | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | കൂട്ടിക്കൽ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ഗൃഹോപകരണങ്ങളുടെയും ഭക്ഷ്യസാധനക്കിറ്റുകളുടെയും വിതരണത്തിനു നേതൃത്വം നൽകി. |
| 28 | 08.45 am | ആയാംകുടി അൽഫോൻസാപുരം ഇടവകയിൽ എണ്ണയ്ക്കാപ്പള്ളിയിൽ ബഹുമാനപ്പെട്ട ത്രേസ്യാമ്മ മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | കിഴതടിയൂർ ഇടവകയിൽ വിശുദ്ധ യുദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചുസന്ദേശം നൽകി. |
| | 05.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ ഓൺലൈനായി പങ്കെടുത്തു. |
| 29 | 01.30 pm | കൂട്ടിക്കൽ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായവിതരണം നിർവഹിക്കുകയും ആലോചനായോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| | 05.00 pm | പ്രവാസി അപ്പോസ്തലേറ്റിന്റെ ഗ്ലോബൽ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 08.15 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 12.00 noon | ചൂണ്ടച്ചേരിയിൽ എഞ്ചിനീയറിംഗ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | കോട്ടയം ദീപികയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 31 | 08.00 am | അരുവിത്തുറ ഫൊറോനയിൽ വിശുദ്ധ കുർബാന അർപ്പിച്ചുസന്ദേശം നൽകുകയും നവീകരിച്ച വാദ്യപ്പുര കെട്ടിടസമുച്ചയത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു. |
| | 11.00 am | കുന്നോന്നി ഇടവകയിൽ നവീകരിച്ച സ്കൂളിന്റെയും കംപ്യൂട്ടർ ലാബിന്റെയും വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 11.30 am | കുന്നോന്നി ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |




## OCTOBER 2021

| | | |
|---|---|---|
| 01 | 06.15 am | ചിറ്റാർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു. |
| | 10.00 am | പാലാ അൽഫോൻസാ കോളജിൽ പുതിയ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് വെഞ്ചെരിപ്പുകർമ്മം നടത്തി. |
| | 02.30 pm | ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽവച്ച് കേരള സംയുക്ത ക്രൈസ്തവ മദ്യവർജനസമിതിയുടെ നേതൃത്വത്തിൽ "SAY NO TO DRUGS" എന്ന പരിപാടിക്ക് തുടക്കംകുറിച്ച യോഗത്തിൽ സംസാരിച്ചു. |
| | 07.00 pm | മുണ്ടാങ്കൽ ഇടവകയിൽ യൂത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 02 | 11.00 am | എഫ്.സി.സി. ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിലെ നവസന്ന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നിർവഹിച്ചു. |
| 03 | 08.00 am | തലശ്ശേരി അതിരൂപതയുടെ സന്ദേശനിലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 10.00 am | തലശ്ശേരി അതിരൂപതകേന്ദ്രത്തിൽവച്ച് നടന്ന ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചുള്ള സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 04-07 | 5 - 8.30 pm | രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ ഓൺലൈനായി സംബന്ധിച്ചു. |
| 04 | 01.00 pm | തീക്കോയി ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

| | | |
|---|---|---|
| 05 | 09.00 am | രാമപുരം ഫൊറോനയിൽ ബഹു. ജെയിംസ് വെണ്ണായിപ്പിള്ളിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 06 | 07.00 am | മല്ലികശ്ശേരി അഡോർണോ സെമിനാരിയിൽ രണ്ടു സഹോദരന്മാർക്ക് ഹെവുപ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ നൽകി. |
| | 10.00 am | രാമപുരം എഫ്.സി. കോൺവെന്റിൽ ബഹു. സി. ക്രിസ്റ്റഫർ നെല്ലിക്കത്തെരുവിൽ എഫ്.സി.സി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ദൈവാലയത്തിൽ ബഹു. കോട്ടയിൽ ജോസഫ് അച്ചന്റെയും കുര്യനച്ചന്റെയും പിതാവ് ശ്രീ കുര്യാക്കോസ് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 7 | 10.00 am | കാവുംകണ്ടം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 8 | 09.30 am | പാലാ സെന്റ് തോമസ് കോളജിൽ പുതിയ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 9 | 10.00 am | എഫ്.സി.സി. പാലാ അൽഫോൻസാ പ്രൊവിൻസിലെ നവസന്ന്യാസികളുടെ സഭാവസ്ത്ര സ്വീകരണകർമ്മത്തിലും പ്രഥമവ്രതവാഗ്ദാനശുശ്രൂഷകളിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 9-10 | | കാഞ്ഞിരപ്പള്ളി രൂപത നല്ലതണ്ണി ആശ്രമത്തിലെ അന്തേവാസികൾക്ക് മാസധ്യാനം നൽകി. |
| 11 | 09.30 am | മേരിലാന്റ് ഇടവകയിൽ കാര്യാങ്കൽ ശ്രീ സണ്ണി ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.30 am | മരങ്ങാട്ടുപിള്ളി ഇടവകയിൽ കരിങ്ങോഴയ്ക്കൽ ശ്രീ തോമസ്കുട്ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 02.30 pm | കിഴതടിയൂർ ഇടവകയിൽ തെരുവിൽ പ്രൊഫ. ടി. ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 14 | 02.30 pm | മുത്തോലി ഇടവകയിൽ നരിക്കാട്ട് ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | മെഡിസിറ്റി ആശുപത്രിയിൽ PDMETമീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 03.00 pm | ഫാത്തിമാപുരം ഇടവകയിൽ ബഹു. തോമസ് താന്നി നിൽക്കുംതടത്തിലച്ചന്റെ മാതാവ് ശ്രീമതി റോസമ്മ ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 05.15 pm | ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ ബഹു. ജോർജുകുട്ടി ഉപ്പുപുറം OFM അച്ചന്റെ നിര്യാണ ത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 09.30 am | രാമപുരം ഫൊറോനയിൽ സി.എം.എൽ. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| | 10.00 am | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാ ളിനോടനുബന്ധിച്ച് റാസക്കുർബാന അർപ്പിച്ച് വച നസന്ദേശം നൽകി. |
| | 02.00 pm | അരുണാപുരം ഇടവകയിൽ ഐക്കര ശ്രീമതി ജൈനമ്മ ടീച്ചറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 06.00 pm | കോലഞ്ചേരി പ്രസാദം സെന്ററിൽവച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കാതോ ലിക്കാബാവ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ മെത്രാപ്പോലീത്താക്കു നൽകിയ അനുമോദനച്ചടങ്ങിൽ അധ്യക്ഷപ്രസംഗം നടത്തി. |

| | | |
|---|---|---|
| 17 | 11.15 am | പൂഞ്ഞാർ ഫൊറോന ദൈവാലയത്തിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 02.30 pm | കാക്കൊമ്പ് പള്ളിയുടെ പുതുതായി നിർമ്മിക്കപ്പെട്ട കുരിശുപള്ളി വെഞ്ചെരിച്ചു. |
| | 04.00 pm | പ്രളയദുരന്തത്തിൽപ്പെട്ട കൂട്ടിക്കൽ, ഏന്തയാർ, കാവാലി പ്രദേശങ്ങൾ സന്ദർശിച്ചു. |
| 18 | 09.15 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ഫൊറോനായിൽ പാറ്റാനി ശ്രീമതി റോസമ്മ എബ്രഹാമിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.45 am | ചക്കാമ്പുഴ ഇടവകയിൽ ഭവനം വെഞ്ചെരിച്ചു. |
| | 02.00 pm | കാവാലി ഇടവകയിൽ ഉരുൾപൊട്ടലിനെത്തുടർന്ന് മരിച്ച ഒട്ടലാങ്കൽ റോയിയുടെയും കുടുംബാംഗങ്ങളുടെയും മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | പാളയം ഇടവകയിൽ ചേലാമറ്റത്തിൽ ശ്രീമതി മേരി ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 12.30 pm | വാകക്കാട് ഇടവകയിൽ കുന്നക്കാട്ട് ശ്രീ സോണി ജോസിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.30 pm | അരമനയിൽ 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ തയ്യാറെടുപ്പിനു തുടക്കം കുറിച്ചുകൊണ്ടുള്ള രൂപതാതലസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 05.00 pm | കൂത്താട്ടുകുളം പള്ളിയിൽ വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |
| 20 | 10.00 am | ഏന്തയാർ ഇടവകയിൽ ഉരുൾപൊട്ടലിനെത്തുടർന്ന് മരണപ്പെട്ട ആറ്റുചാലിൽ അലൻ ജോമിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നൽകി. |

| | | |
|---|---|---|
| | 02.30 pm | കിഴതടിയൂർ ഇടവകയിൽ കിഴക്കേക്കരതാഴത്ത് ശ്രീ കെ.എസ്. സെബാസ്റ്റ്യൻ സാറിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| 21 | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 22 | 02.30 pm | അരമനയിൽ വച്ച് ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 07.00 am | നരിയങ്ങാനം ഇടവകയുടെ ശതാബ്ദിജൂബിലിയുടെ സമാപനദിനത്തിൽ ഇടവകയിലെ 16 കുട്ടികളുടെ ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണ ത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 24 | 07.30 am | ഭരണങ്ങാനം എം.എസ്.റ്റി. ദീപ്തിഭവനിൽ ബഹു. സിറിയക് നെല്ലൂരച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.15 am | അന്ത്യാളം ഇടവകയിൽ 11 കുട്ടികളുടെ ആഘോഷ പൂർവമായ ദിവ്യകാരുണ്യസ്വീകരിണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 04.30 pm | കാക്കൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. |
| 25 | 10.00 am | പാലാ പോലീസ് സ്റ്റേഷനിൽ, പോലീസ് സ്മൃതിദിന ത്തോടനുബന്ധിച്ച് നടന്ന രക്തദാനക്യാമ്പിൽ അനു ഗ്രഹപ്രഭാഷണം നടത്തി. |
| | 11.30 am | ഭരണങ്ങാനം ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 01.00 pm | നീലൂർ ഇടവകയിൽ മുണ്ടിയാങ്കൽ ശ്രീമതി ത്രേസ്യാ മ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 02.30 pm | മലയിഞ്ചിപ്പാറ ഇടവകയിൽ ഉരുൾപൊട്ടലിനെ ത്തുടർന്നുണ്ടായ ദുരിതമേഖലകൾ സന്ദർശിച്ചു. |

| | | |
|---|---|---|
| 26 | 09.00 am | നീലൂർ ഇടവകയിൽ കാഞ്ഞിരത്തുങ്കൽ ശ്രീ കെ.ടി. ജോർജിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | കിഴതടിയൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |
| | 02.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ വച്ചുനടന്ന TRADA മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 10.30 am | പൂഞ്ഞാർ ഫൊറോന ദൈവാലയത്തിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 01.00 pm | മുത്തോലപുരം ഇടവകയിൽ തെക്കേപ്പുറമ്പിൽ ശ്രീമതി ത്രേസ്യാമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 02.30 pm | ചെമ്മലമറ്റം സ്കൂളിൽനിന്നു കഴിഞ്ഞവർഷം സർവീസിൽനിന്നു വിരമിച്ച അധ്യാപകർക്കുള്ള യാത്രയയപ്പു സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 28 | 11.00 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 12.30 pm | മുട്ടുചിറ ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 02.30 pm | ചങ്ങനാശ്ശേരി അതിരൂപത മാമ്മൂട് ഇടവകയിൽ പാലാക്കുന്നേൽ ശ്രീ ചാക്കോ സേവ്യറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 05.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ ഓൺലൈനായി പങ്കെടുത്തു. |
| 29 | 06.00 pm | സി.എം.എൽ ന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 09.45 am | അരുണാപുരത്ത് IELTS കോച്ചിംഗ് സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 10.15 am | കരൂർ ഇടവകയിൽ മൈലാടൂർ കളപ്പുരയ്ക്കൽ ശ്രീ. ജോസ് ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | മേരിലാന്റ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 12.30 pm | കോതമംഗലം രൂപത കരിങ്കുന്നം ഇടവകയിൽ പടിഞ്ഞാറേക്കര ശ്രീമതി മറിയക്കുട്ടി ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | പാലാ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ മീനച്ചിൽ താലൂക്ക് ഹയർസെക്കണ്ടറി ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 9-ാമത് വാർഷിക പൊതുയോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| 31 | 10.00 am | ചങ്ങനാശ്ശേരി അതിരൂപത ചെത്തിപ്പുഴ എസ്.ഡി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച കോഫി ഷോപ്പിന്റെ വെഞ്ചെരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച മാർ സ്ലീവാ ഫാമിലി മാർട്ടിന്റെ
വെഞ്ചെരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിലെ ഡീക്കൻമാർ
പാസ്റ്ററൽ കോഴ്സിന്റെ ഭാഗമായി ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളേജിൽ എത്തിയപ്പോൾ

NOVEMBER
2021

# SANTHWANAPRAKASHAM

## PALAI DIOCESAN BULLETIN



**2021 നവംബർ 20 ശനിയാഴ്ച ആശീർവ്വദിക്കപ്പെടുന്ന
പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ മന്ദിരം**

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel